ന്യർ വാണിരുന്ന യബുസെ ആക്രമിച്ചു ഉറപ്പുള്ള പട്ടണം പിടിച്ചിട്ടു
സ്വാധീനമാക്കി യരുശലെം എന്ന പെർ ധരിപ്പിച്ചു താൻ സീയൊൻ
കോട്ടയിൽ വാസം ചെയ്തു യഹൊവയുടെ പെട്ടകത്തെ അവിടെ കൊണ്ട
ഴുന്നെള്ളിച്ചു പാൎപ്പിച്ചതിനാൽ കൊയ്യെക്കും ദൈവശുശ്രൂഷെക്കും ആ
നഗരം മൂലസ്ഥാനമാക്കി വന്നു— അകലുള്ളൊരുടെ അസൂയ കൊണ്ടു ഏറിയ പ
ടകൾ ഉണ്ടായപ്പൊൾ ഫിലിസ്തരെയും അമ്മൊൻ മൊവാബ് ഇവരെ
ജയിച്ചടക്കി യൂഫ്രാത്ത് മഹാനദിമദ്ധ്യത്തിൽ വാഴുന്ന അറാമ്യരെയും മറ്റും
സ്വാധീനമാക്കി പ്രാന്തങ്ങളെ ഒക്കെയും ജയിച്ചു വാഴുകയും ചെയ്തു—൨൨൧

- ൧൭. ഞ്ഞാം ക്രമത്തിൽ ആക്കൊണ്ടതിന്നു ഉത്തമന്മാരായ കാൎയ്യക്കാരെക്കും വെണ്ടുന്നസ്ഥാനങ്ങളെ ഒക്കെയും കല്പിച്ചു മത്സരം തുടങ്ങൊണ്ടതിന്നു വിടാതെ സെവിക്കുന്ന സൈന്യം ചുറ്റുരക്ഷിച്ചു കൊണ്ടിരുന്നു ലെവ്യരുടെ പണിക്കും പുതിയ ആചാരം തിരിച്ചു കല്പിച്ചു താൻ സങ്കീൎത്തനങ്ങളെ ഉണ്ടാക്കിയും ആസാഫ മുതലായവരെ കൊണ്ടു ഉണ്ടാക്കിച്ചും ദൈവാരാധനെക്കു വൈഭവം കൂട്ടി കൊണ്ടിരുന്നു ഇസ്രയെൽ രാജത്വം ഇവ്വണ്ണം അലങ്കരിച്ചുവന്നപ്പൊൾ രാജാവ് ചെയ്ത ഒരു ദൊഷത്തിന്റെ അനുഭവത്താലും ജനങ്ങളുടെ കൂറില്ലായ്മയാലും ഏറിയ സങ്കടമുണ്ടായി — ഇഷ്ടപുത്രനായ അബ്ശലൊം തൻ സഹൊദരനെ കൊന്നൊട്ടു പൊറുതികണ്ടു മടങ്ങി വന്നപ്പൊൾ അച്ഛനെയും പ്രജകളെയും വെടിപ്പിച്ചു തുടങ്ങി മന്ത്രിയായ അഹിതൊഫെലെയുടെ കൊണ്ടു കലഹം ഉണ്ടാക്കി നെരിട്ടുവന്നാറെ ദാവിദ് യൎദ്ദൻ അക്കരെയൊളം മടങ്ങി പൊകേണ്ടിവന്നു — ഞെരുക്കം അതിക്രമിച്ചപ്പൊൾ ഹുശായ് എന്ന വിശ്വാസമന്ത്രി ഒരു കൗശലം വിചാരിച്ചു അഹിതൊഫെലിന്റെ ഉപായത്തിന്നു ഫലമില്ലാതാക്കി ദാവിദിന്റെ പക്ഷക്കാൎക്കു ബലം വൎദ്ധിക്കുവൊളം പൊർ നടക്കാതെ തടുക്കി വെച്ചു പൊരുണ്ടായപ്പൊൾ അബ്ശലൊം മരിച്ചു പൊയതിനാൽ രാജാവ് അടങ്ങാതെ ദുഃഖിച്ചു — അതിന്റെ ശെഷം യഹൂദഗൊത്രവും അല്പം വൈകീട്ടു ശെഷമുള്ളവരും അടങ്ങിയപ്പൊൾ യഹൂദർ അഹങ്കരിച്ചു ഡംഭിച്ചതിനാൽ ശെബാ മറ്റ ഗൊത്രങ്ങളിൽ കലക്കം ഉണ്ടാക്കിയാറെ ബാട്ടു പൊരുതതൊറ്റു രാജ്യത്തിൽ അമൎച്ചയുണ്ടാകയും ചെയ്തു — ഈ പ്രകാരമുള്ള ദുഃഖകാലങ്ങളിൽ ഒക്കെയും ദിവ്യവാഗ്ദത്തമത്രെ ദാവിദിന്റെ ശരണം അതു എന്തെന്നാൽ ഇസ്രയെലിന്നു സ്ഥിരവാസം വരുത്തിക്ക യഹൊവാ കൂടാരത്തിന്നു പകരം ഒരു കല്ലുള്ള ആലയം കെട്ടേണമെന്നു വിചാരിക്കും നെരം നാഥാൻ പ്രവാചകൻ വന്നു നീ യുദ്ധശാലി രക്തം ചിന്തിനവനല്ലൊ നീ അല്ല നിന്റെ പുത്രൻ സമാധാനരാജാവായി വാണു യഹൊവാലയം പണിചെയ്യും നിന്റെ സന്തതിയിൽനിന്നു ഇസ്രയെൽ രാജത്വം എന്നെക്കും ഒഴിഞ്ഞു പൊകയുമില്ല എന്നിങ്ങിനെ കെട്ടാറെ ആശ്വസിച്ചു യഹൊവെക്കു ഇഷ്ടനായ ശലൊമൊ എന്ന പുത്രനെ രാജാഭിഷെകം ചെയ്യിച്ചു താൻ ൧൦൧൫ ക്രി. മു. മരിക്കയും ചെയ്തു —

൧൬. ശലൊമൊ

ദാവിദ് മരിക്കുന്നതിന്നുമുമ്പെ യൊവബ മുതലായ മഹാലൊകർ മന്ത്രിച്ചു
കൊണ്ടു അദൊന്യാ എന്ന രാജപുത്രനെ വാഴിപ്പാൻ ഉത്സാഹിച്ചപ്പൊൾ ശലമൊ
രാജത്വം ദൈവത്തിന്റെ അവകാശം എന്നറിച്ചു യൊവബ് മുതലായ ദുഷ്ട
ന്മാരെ നിഗ്രഹിച്ചു രാജ്യത്തിൽ സമാധാനം സ്ഥിരമാക്കുകയും ചെയ്തു— ചുററി
ലും ഭരിക്കുന്ന രാജാക്കന്മാർ അവന്റെ ദൂതന്മാരെ അയക്കുന്നതിൽ മിസ്ര
ക്കാരൻ പുത്രിയെ ഭാര്യയാക്കി കൊടുത്തു തൂർ പട്ടണത്തിന്റെ രാജാവായ ഹീ
രാം ദെശം കെട്ടി മഹാ ദൈവാലയത്തിന്റെ പണിക്കു വെണ്ടുന്ന കൊപ്പുകളും
ശില്പികൾ മുതലായ ശില്പമന്മാരെയും അയച്ചു കൊടുത്തു ആ ദൈവാലയം
പണിതീരുമ്പൊഴെക്ക് കൂടാരത്തിന്റെ മാതിരി പ്രകാരം തന്നെ ശൊഭയിലും
മഹത്വത്തിലും മാത്രം ഏറിയത്— അതിനെ പ്രതിഷ്ഠ ചെയ്യുന്ന ദിവസത്തിൽ
പട്ടക്കാർ അതിവിശുദ്ധസ്ഥലത്താക്കിയപ്പൊൾ മെഘം അകത്തു നിറഞ്ഞു
യഹൊവാ തന്റെ ഐശ്വര്യസ്ഥാനത്തിൽ നിവസിപ്പാൻ പ്രസാദവും തൊ
ന്നിയ ആ ദൈവാലയത്തിന്റെ ശെഷം രാജാലയവും കൂടെ കെട്ടിച്ചു ദ്രവ്യ
ത്തിന്നൊട്ടും കുറവില്ലാത ഉല്ക്കടവും നാനാടക്കും എച്ചു ... [illegible]
കളെ ഇങ്ങാക്കി ഹീരാമിന്റെ വർത്തകന്മാരെയും കരെറി ഒഫീർ ദ്വീപിന്നാക്കി
അയച്ചതിനാൽ സ്വർണ്ണവും രത്നാദികളും ഏറെ കുണ്ടായി— ജ്ഞാനം തിമി
ത്തവും രാജാവിന്റെ ശ്രുതി നിറപെരണ്ടു യഹൊവയുടെ ജ്ഞാനം നിറഞ്ഞ
മഹാന്മാവിന്റെ പാട്ടുകൾ വരെ ഇങ്ങാക്കിയതിൽ സുഭാഷിതങ്ങളും പാ
ട്ടുകളുടെ പാട്ടും ദൈവികമായ കൊട്ടുന്ന പ്രസംഗിക്കും ഇന്നും ഉണ്ടു മററും
വിലക്ഷണികളും ആ കാലത്തിൽ വാണങ്ങയവർ താനും പിതാവും ചമെച്ചി
ട്ടുള്ള വചനത്തെ ഷൊശെത്തുഗമങ്ങളൊടും പ്രവാചകന്മാർ നിത്യചരിത്രങ്ങ
ളെട്ടും ക്രിസ്തു ചിച്ചതിനാൽ പ്രജകളിൽ സത്യത്തിന്റെ അറിവ് ഏറി
വന്നു ഇസ്രയെലിന്ന വാദത്തം ചെയ്ത വൈഭവം പൊഹ്യമായ പ്രകാരം
സമ്പൂർണ്ണം എന്നു തൊന്നുകയും ചെയ്തു—

൧൭. ഇസ്രയെൽ രാജ്യങ്ങൾ വെർപിരിഞ്ഞു പൊയത—

ശലൊമൊ വൃദ്ധനായപ്പൊൾ പരദെശത്തിൽ നിന്നു കെട്ടിയ സ്ത്രീകളെ
ഞ്ഞു ശിച്ചു അവരുടെ ദെവസെവയിൽ അകപ്പെട്ടു തുടങ്ങിയപ്പൊൾ യഹൊവ

അഹിയാപ്രവാചകനെ അയച്ചു യറൊബ്യാം എന്നൊരു എഫ്രയിമക്കാരനൊ
ടു ശലൊമൊ പാപം ഹെതുവായിട്ടു ൧൦ ഗൊത്രങ്ങൾ ശലൊമൊന്റെ പുത്രനെ വിട്ടു നി
ന്നെ വാഴിച്ചു സെവിക്കും എന്നറിയിച്ചു രാജാവ് അതു കെട്ടാറെ യറൊബ്യാം
ഒളിച്ചു മിസ്രയിൽ വന്നു ശിശാക്ക എന്ന പുറജാതി രാജാവൊടു കൂട പാർത്തശെ
ഷം ശലൊമൊ മരിച്ചു ഉടനെ ഇസ്രയെൽ മൂപ്പന്മാർ ശിഖെമിൽ കൂടി യറൊ
ബ്യാമെ വിളിച്ചു വരുത്തി ലൊകർ രഹബ്യാം എന്ന ശലൊമൊന്റെ പുത്രനൊടു നിന്റെ വാ
പ്പൻ ഞങ്ങളെ ഇടിക്കുന്നവല്ലൊ അച്ഛൻ ഞങ്ങളിൽ ചുമത്തിയ ഭാരത്തെ മാത്രം
കുറക്കുക ആവു എന്നു ചൊദിച്ചപ്പൊൾ രാജാവ് ബാല്യക്കാരൊടു ഒന്നു കല്പിച്ചു
തിനാൽ മക്കൾ രണ്ടായി ൧൦ ഗൊത്രങ്ങൾ യറൊബ്യാമെ ആശ്രയിച്ചു വാഴി
ക്കയും ചെയ്തു — ദാവീദ് വെറുത്തു എഫ്രയിമിനു മാത്രം ഇരിക്കെ ഉള്ള ഇ
പ്രകാരം ശലൊമൊ രാജാവിന്റെ തെജസ്സു ക്ഷണനെരത്തിൽ മറഞ്ഞു
ഒരു രാജ്യം രണ്ടു ശത്രുപക്ഷമായി ചമഞ്ഞു — അതിൽ ചെറിയതിന്നു യ
ഹൂദ എന്ന പെർ മറ്റെതിന്നു എഫ്രയിം എന്നും ഇസ്രയെൽ എന്നും ബഹുമാ
ന പെരുണ്ടായി രാജധാനി മുമ്പെ ശിഖെമിൽ പിന്നെ ശമര്യയിൽ ഉണ്ടായി —
അഹിയയുടെ വചനത്താൽ യഹൊവ മുമ്പെ ദാവീദിന്നു കല്പിച്ചു കൊടുത്ത
ത്രവാഴ്ചക്കു ഛെദമില്ല എന്നും എഫ്രയിമിന്നു ഇപ്രകാരമുള്ള വാഗ്ദത്തം ഇ
ല്ല എന്നും യറൊബ്യാം വിചാരിച്ചു പ്രപഞ്ചബുദ്ധിയിൽ ആശ്രയിച്ചു പ്ര
ജകൾക്കു യരുശലെമൊടും സംബന്ധം അറുക്ക എന്നു വെച്ചു വടക്കെ ദാ
നിലും തെക്കെ ബെതെലിലും വൃഷഭങ്ങളെ പ്രതിഷ്ഠിച്ചു യഹൊവ എന്ന
സങ്കല്പിച്ചു വന്ദിക്കെണമെന്നു വ്യവസ്ഥ വരുത്തി കൂടാരനാളെ ആചരിക്കുന്ന
കാലത്തെ മാറ്റി വെച്ചു തന്നാൽ ആകുന്നതു ധർമ്മത്തെ ലെവ്യർ വിട്ടു
യാഞ്ഞു യഹൂദരാജ്യത്തിൽ വാങ്ങി തിന്നപ്പൊൾ നാനാവംശങ്ങളിൽനിന്നു പൂ
ചാരികളെ എടുത്തു സെവിക്കയും ചെയ്തു — ഇപ്രകാരം ഉണ്ടായ യറൊ
ബ്യാം പാപത്തിന്നു അഹിയാ വംശഛെദം എന്നു ശിക്ഷയെ അറിയിച്ചു യ
റൊബ്യാമിന്റെ മകനും അപ്രകാരം നാശം വന്നു സ്വരൂപത്തിൽ കൊല്ക
യും ചെയ്തു — അതിന്റെ ശെഷം ഉണ്ടായ രാജാക്കന്മാർ യറൊബ്യാം പാപ
ത്തെ ആശ്രയിച്ചു വരികകൊണ്ടു അതിക്രമ ബലപ്പൊഴും സംഭവിച്ചു ൨൫൦ കൊ
ല്ലത്തിനകം ൧൧ രാജസ്വരൂപങ്ങൾ ഒരൊരൊ കലഹം നിമിത്തം മുടിഞ്ഞു —

പൊയി— ൧൦ രാസ്വരൂപങ്ങളിൽ അല്പം ശ്രീത്വമുള്ളതയെഹുവംശം തന്നെ
അതിന്റെ കാരണം ആഹാബ രാജാവ് ത്രുസിലെ രാജാവിന്റെ മകളെ വി
വാഹം ചെയ്കപ്പോൾ അവൾ ആനിസ്സാരനെ വശത്താക്കി വംശവരദേവ
തയായ ബാലിനെ സെവിപ്പിച്ചു യഹോവഭക്തരെ ക്രൂരമായി ഹിംസിക്ക
യും ചെയ്തു— ആ ഇരുവരൊട്ടു ഏലിയ എന്നൊരു ദീർഘദർശി അതിമഹിമയമാ
യ വിശ്വാസത്തോടെ തടുത്തിനാൽ ദൈവദത്തമായ ബലത്താലെ ഏറി
യ അതിശയങ്ങളെ പ്രവൃത്തിച്ചശെഷം സ്വർഗ്ഗാരോഹണമായ ഉടനെ എലീ
ശ എന്ന ശിഷ്യൻ അവൻ ചെയ്ക പ്രകാരം യഹോവയെ സെവിച്ചു സെവി
പ്പിച്ചും കൊണ്ടു ആഹാബ മരിച്ചപ്പോൾ സ്വരൂപത്തിന്ന നാശം വരുത്തെണ്ട
തിന്ന യെഹു എന്ന സെനാധിപനെ അഭിഷെകം ചെയ്തു ആയവൻ ചെ
ന്നു യൊഗ പ്രകാരം അനുഷ്ഠിച്ചു ഇജെബെൽ മുതലായ ദുർവ്വംശത്തെ
മുടിച്ചു കളഞ്ഞതിനാൽ തനിക്കും പുത്രപൌത്രന്മാർക്കും യഹോവാകടാ
ക്ഷം ഉണ്ടായിത്താനും യരൊബ്യാം പാപത്തെ വിടായ്കയാൽ അനുഗ്രഹ
വും വെഗത്തിൽ വിട്ടുപൊയി—

യഹൂദയിൽ അപ്രകാരമല്ല പ്രജകളും രാജാക്കന്മാരും കൂടക്കൂടെ അന്യദെ
വകളിൽ സക്തിച്ചു എങ്കിലും ദൈവാലയം ഉണ്ടു ലെവ്യാചാര്യരും ഉണ്ടു യ
ഹൊവാധർമ്മത്തെ യഥാസ്ഥാനത്തിലാക്കുവാൻ നല്ല രാജാക്കന്മാർ പ്രയാ
സമായി വന്നിട്ടുമില്ല രഹബ്യാം അബിയാം എന്ന മകനും പിമ്പെ ദു
ഷ്ട ചെയ്തുവന്ന ശെഷം ആസാ യൊശഫാത്ത് എന്നിരുവരും യഹൊവാ
നാമത്തെ ആശ്രയിച്ചു വാണു യൊശഫാത്ത് ബുദ്ധി പൊരായ്കയാൽ
പുത്രനെ ഇജെബെൽ പുത്രിയായ അഥല്യയെ വെള്ക്ക കൊണ്ടു ആ ദുഷ്ട
രാജത്വം ഗ്രഹിച്ചു ദാവിദ്യരെ മിക്കവാറും കൊന്നു ബാലിനെ എങ്ങും പ്രതി
ഷ്ഠിക്കയും ചെയ്തു— മഹാശാസ്ത്രിയായ യൊയദാ ഫക്കാരാജപുത്രനായ യൊ
വാശ പൊററിക്കൊണ്ടപ്പോൾ അവളുടെ വാഴ്ചയും ബാൽആരാധനയും ഒടുക്കം
വന്നു പൊയി— ദാവിദ്യരിൽ അതിവിശ്രുതൻ ആഹശ് തന്നെ ഹിസ്കിയ
എന്ന മകൻ ഭക്തി ഏറിട്ടുള്ള ഒരുത്തമൻ അനന്തരം മനശ്ശെ അമ്മൊ
ൻ ഇങ്ങിനെ രണ്ടു രാജാക്കന്മാർ ഉത്തരാശികളുടെ ദെവകളെ കൈക്കൊ
ണ്ടു രാജ്യം കെടുത്തശെഷം യൊശിയ എന്ന ശ്രെഷ്ഠരാജാവ് ന്യായപ്ര

മാനത്തെകണ്ടുടനെ കല്പനപ്രകാരം അനുസരിച്ചു കപ്പം ഇല്ലാത്തപ്രകാരം യ
ഹൊവാമാർഗ്ഗത്തിൽ നടന്നു കൊണ്ടിരുന്നു ദാവിദിന്നു വന്ന വാഗ്ദത്തം സന്ത
തിക്കിലും കൂടെ അനുഭവിക്കകൊണ്ടു നല്ലവർക്കു ഒരുറപ്പം ആശമുഴുവനും വിട്ടി
ട്ടില്ല ലൊകത്തിന്റെ രാജാവും ഇസ്രയെലിന്റെ തെജസ്സുമാകുന്നുള്ളവൻ
ഇവരിൽ ജനിക്കും പൊൽ തന്നെ പെക്ഷിച്ചു വാക്കു കൊണ്ടു ഇസ്രയെലിൻ
ഗൃഹഛിദ്രത്താൽ ഉണ്ടായ സങ്കടങ്ങളെ സഹിപ്പാൻ പ്രാപ്തി വന്നു — ഛിദ്രം
ഉണ്ടായ ശെഷം രണ്ടു രാജ്യങ്ങൾ തമ്മിൽ ചെറിയ പടയുണ്ടായി യൊശഫത്ത
അഹാബിനൊടു സ്നെഹം കൂടിയതിനാൽ ദാരിദ്ര്യത്തിന്നു അവസരത്തെ പ്രാപി
ച്ചുവന്നു — അനന്തരം ചെറിയ കാലം ഇസ്രയെലിന്നും യഹൂദക്കും സംബന്ധം അ
റിരുന്ന ശെഷം അമച്യാ ഡംഭിച്ചു യൊവശൊടു പൊർ കൂട്ടിയപ്പൊൾ അ
തിക്രമത്തിന്നു ശിക്ഷ വന്നു ഇസ്രയെലർ യരുശലെം പട്ടണത്തെ പൊരുത
ടക്കി ചിലകാലം കൊള്ള നടത്തുകയും ചെയ്തു അമച്യയുടെ പുത്രനായ ഉസ്സി
യ യഹൂദെക്ക സ്വാതന്ത്ര്യ സൌഖ്യം മടക്കി കൊടുത്ത വാഴ്ചയിൽ പിന്നെ യൊ
ഥാം തന്നെ ആകാസ ഇസ്രയെലിനൊടു യുദ്ധം ഉണ്ടായി ആ യുദ്ധം ഹെതുവാ
യിട്ടു രണ്ടു രാജ്യങ്ങളും ചുഴിയിൽ തന്നെ പൊലെ മഹാവംശങ്ങളുടെ വമ്പടക
ളിൽ നിന്നെഞ്ഞു മുങ്ങിമാറാകയും ചെയ്തു —

൩൮.) യഹൂദ ഇസ്രയെലും ജാതികളിൽ ചിതറിപൊയത —

ആ രണ്ടു രാജ്യങ്ങളുടെ ഉൽപ്പത്തിയിലും പരദെശങ്ങളിൽ നിന്നു കൂടക്കൂടെ ക്ലെശം
ഉണ്ടായി രഹബെയാം വാഴുന്ന കാലത്തിങ്കൽ ശിശാക്ക എന്ന മിസ്രക്കാരൻ
യരുശലെമിൽ കയറി ശലൊമൊ സ്വരൂപിച്ചിട്ടുള്ളതിനെ കൊണ്ടുപൊയി
പിന്നെ ആസാ രക്ഷിച്ചു വരുമ്പൊൾ കൂശ്യൻ ശെരഹ വലിയ സൈന്യം
ആക്രമിച്ചു തൊല്പുലമാകുന്നു ഏദൊം ഫിലിസ്ത്യർ ലൊത്യരും യഹൂദയെ
വിരൊധിച്ചു വന്നു ചിലപ്പൊൾ സെവിക്കയും ചെയ്തു — ഇസ്രയെലിന്നു ഭയം
വരുത്തുന്നതു അരാമ്യ രാജ്യം തന്നെ അതു ശലൊമൊന്റെ കാലത്തു ഇസ്ര
യെലെ അനുസരിയാതെ വിട്ടു അഹാബിന്റെ കാലം തുടങ്ങി ഇസ്രയെലിനി
ത്യം തെറ്റിപ്പൊന്നു യെഹൂസ്വരൂപത്തിൽ നാലാമനായ ദാംയരൊബ്യാം
ജയിച്ചു അല്പകാലം കൊണ്ടു ദമസ്കു ഭരിക്കയും ചെയ്തു — ഇങ്ങിനെയുള്ളവ
ല്ലാ യുദ്ധങ്ങളിലും ചെറിയ ഇസ്രയെലരും യഹൂദരും ശത്രുകൈകളിൽ അക

ഉൾപ്പെട്ട പര രാജ്യങ്ങളിലെക്ക പിടിച്ചു പൊകയും ചെയ്തു— അനന്തരം അശ്ശൂർ രാ
ജാക്കന്മാർക്കു യുദ്ധയാത്രയായി പുറപ്പെട്ടു തുടങ്ങിയപ്പൊൾ ഹ്യൂൽ മഹാരാജാ
വ് പത്തു ഗൊത്രങ്ങളെ ആക്രമിച്ചു ശെമറൊം രാജ്യവൊട്ടുകൂടം വാങ്ങുകയും
ചെയ്തു— അനന്തരം പെക്കാദ മഷ്കരാജാവാനെ ബന്ധുവാക്കി ദാവീദ്യരെ
നിക്കെണ്ടതിന്നു ശ്രമിച്ചപ്പൊൾ ആഹാസ് രാജാവ് വിളിച്ചു യശാ
യ പ്രവാചകന്റെ വാക്യങ്ങളെ ഉപെക്ഷിച്ചിട്ടും അശ്ശൂരിലെക്ക
ആളയച്ചു തിഗ്ലത്ത്പിലെസരെ ആശ്രയിച്ചു അശ്ശൂർക്കാർ വന്നു അരാമ്യ
സാമ്രാജ്യത്തിന്റെയും മിസ്രക്കാരൊടും മറ്റും പിണങ്ങി തുടങ്ങുകകൊണ്ട ക
നാനിലെ മുഖ്യനാശം വരുത്തി പത്തു ഗൊത്രരാജ്യം അശ്ശൂര്യരാലും യഹൂദ
ദൈവാലയവും ദാവീദ്വംശവും കല്ദയരാലും ഒടുങ്ങി പൊയിപ്രജകൾ
ഒപ്പെരെ രാജ്യങ്ങളിൽ പാർത്തു പൊകുവിതക്കയും ചെയ്തു—
ഈ പ്രകാരം ശമര്യരാജ്യം കുടികളില്ലാതെ വന്നപ്പൊൾ അശ്ശൂര്യനായക
ന്ന് പലദെശനാനാജാതികളെ കുടി ഏറ്റിയവരും ജാതിപരദെവത
മാരല്ലാതെ നാട്ടുപരദെവതയായ യഹൊവയെയും അറിഞ്ഞൊന്നിച്ചു ആരാ
ധിച്ചു സെവിച്ചു വന്നു യഹൂദരാജ്യത്തിൽ ൭൦ വൎഷത്തൊളം കുടിയില്ലാതെ
ഇരുന്നശെഷം കല്ദയരെ നീക്കിയ കൊരെശ് എന്ന പാൎസി യഹൂദർ മടങ്ങി
ചെന്നു പാൎപ്പാനായി സമ്മതിച്ചാറെ അരലക്ഷത്തൊളം സാധുക്കളായവ
ർ സെരുബാബെൽ എന്ന ദാവീദ്യനെ അനുസരിച്ചു മടങ്ങി വന്നു യരുശലെ
മെയും ദൈവാലയത്തെയും പണി തീൎക്കയും ചെയ്തു— അതിൽ പിന്നെയും
എസ്രാ നെഹമിയ എന്നിവർ ചിലരെ കൂട്ടിക്കൊണ്ടു വന്നു പാൎപ്പിച്ചു നഗ
രമതിൽ വാതിലുകളെയും എടുപ്പിക്കയും ചെയ്തു— ആ ദൈവാലയത്തിന്ന
ശലൊമൊന്റെ ആലയസ്ഥാനത്തിലുള്ള സാക്ഷിപെട്ടകവും യഹൊവയുടെ
സാന്നിദ്ധ്യവും കാണാതെ വന്നതല്ലാതെ മടങ്ങിവന്നകൂട്ടവും ദൂരരാജ്യങ്ങളിൽ
അനങ്ങാതെ വസിച്ചു വരുന്ന ഇസ്രയെലസംഘവും എല്ലാവരും ഒട്ടൊഴിയാ
തെ പാൎസിയവനരൊമ എന്നിങ്ങനെ അന്നന്നു ആധിപത്യം വന്ന പുറജാതി
കളെ സെവിച്ചു കിഴ്പെട്ടിരുന്നു—

൩൦. പ്രവാചകന്മാർ—

ഈ പ്രകാരം യഹൊവാ ജനം ജാതികളിൽനിന്നു വെറ്പെട്ടു തനിയെ പാൎത്ത

ശെഷം അവരുടെ അധികാരത്തിൽ ഉൾപ്പെട്ടു മിന്നിപൊകുന്ന കാലത്തിൽ പ്ര
വാചകശബ്ദങ്ങളെകൊണ്ടത്രെ മതിയായുള്ള ആശ്വാസം ജനിച്ചു സങ്കടം അ
ന്നെയും തൊറും പുതിയ ശത്രു ഉദിക്കും തൊറും ഇസ്രയെലിന്റെ ശുഭകാലം വ
ന്നുകൂടെണ്ടതിന്നു ഇത്ര തന്നെ വഴി എന്നുള്ള വചനങ്ങളെകൊണ്ടു യഹൊ
വ കാണിച്ചുകൊണ്ടിരുന്നു പ്രവാചകന്മാരിൽ ഒബദ്യാ എദൊമ്യരെ സ്നെ
ഹക്കുറവു നിമിത്തം ശാസിച്ചു അവൎക്ക ശിക്ഷ അറിയിച്ചു ശെഷം യൊവെൽ
അവസാനകാലങ്ങളിൽ ജാതികൾക്കു യരുശലെമിന്നു വിരൊധമായിക്കൂടി
വരുന്ന യഹൊവയുടെ ന്യായവിധിയാൽ തൊല്ക്കുന്നു എന്ന പ്രകാരം ഉൾപ്പെ
ട്ടത്തി- അതിന്റെ ശെഷം യഹൊവ ഇസ്രയെല്യൎക്ക യൊനയെ നിനിവെക്കാ
രെ അനുതാപത്തിന്നാക്കി തിരിക്കെണ്ടതിന്നു അയച്ചു- യഹൂദനായ ആമൊ
സെകൊണ്ടു ഇസ്രയെല്യരാജ്യത്തിന്റെ നാശം അറിവാറാക്കി ഹൊശയാ
കൂടെ തിക്ഷ്ണമായിട്ടു ഇസ്രയെലിന്റെ പാപങ്ങളെ ഭൎത്സിച്ചുകൊണ്ടിരു
ന്നു- അനന്തരം ആഹാസിന്റെ സമകാലത്ത യഹൂദെക്കാരെ പത്തുവരുത്തുവാൻ ഉടയെയ
ശല്യാ യശായാ മീഖാ എന്നിരുവരും ഉദിച്ചു യരുശലെം നശിച്ചു പൊകെണമെ
ന്നും പ്രജകൾ ബാബെലിലെക്ക അടിമകളായി പൊകെണമെന്നും കല്പി
ച്ചതുമല്ലാതെ അറ്റം ചെന്ന ശാന്തിവരുത്തുവാൻ ദാവിദ്യൻ എന്നൊരുത്തൻ
ജനിച്ചു രാജ്യം ആസ്ഥാനത്തിലാക്കി ഭൂമണ്ഡലത്തിലെങ്ങും സമാധാനം നടത്തി വാ
ഴും ദൈവകൊപത്തെ നടത്തുന്ന അശ്ശൂരൻ എന്നെൻ ജാതികളുടെ ആകാ
ബാബെലും അറിഞ്ഞുകൂടാതെ വൎദ്ധിക്കും എന്നും കാണിച്ചുകൊടുത്തു- നാഹൂം ചെഫന്യാ
യും അശ്ശൂരിന്റെ ക്ഷയത്തെ ദൎശിച്ചതിൽ പിന്നെ ഹബക്കൂക്ക കല്ദയർ ആ
ക്രമിച്ചുവരും എന്നറിയിച്ചു അതിന്നു തക്ക ആശ്വാസന്യായങ്ങളെ കൊടുപ്പക
യും ചെയ്തു- യഹൂദയുടെ ഒടുവിൽദിവസം അണഞ്ഞപ്പൊൾ യിരമിയാ നഗരത്തിലും യെഹെ
സ്കിയെൽ രാജ്യഭ്രഷ്ടരായിപ്പൊയവരിലും എങ്ങും കാണെ സഹൃദയകാരുണ്യം
നിമിത്തം വാദിച്ചും ശാസിച്ചും പട്ടണനാശം വന്ന ശെഷവും ജനം യഹൊവയെ
യും സ്വദെശത്തെയും വീണ്ടും തെടി നടക്കുന്ന കാലത്തെ സന്തൊഷിച്ചു വൎണ്ണി
ക്കയും ചെയ്തു- അക്കാലത്തിൽ ദാനിയെൽ ബാബെൽ രാജധാനിയിൽ സ്ഥാ
നമാനങ്ങളെ പ്രാപിച്ചു കല്ദയർ മെദ്യർ പാൎസികൾ ഈ രാജ്യക്കൊയ്മകൾക്ക
ക്രമത്താലെ മന്ത്രിയായി വാണു അവൻ ദൈവാത്മാവിനാൽ ചക്രവൎത്തിമാം

മുമ്പെ കല്ദയൎക്കും പിന്നെ പാൎസിക്കും ശെഷം യവനൎക്കും വരെണമെന്നു ദൎശിച്ചു
ത്രമല്ലാതെ ഭയങ്കരമായ നാലാമതൊരു രാജ്യം വാഴിക്കും എന്നും ആത്മശിക്ഷിച്ചു
പൊയശെഷം അതിൽനിന്നു ദൈവജനത്തിന്ന ഒടുക്കത്തെ ശത്രു പുറപ്പെട്ടു യ
ഹൊവയുടെ കൈയാൽ മുടിഞ്ഞു പൊകും എന്നും ഇന്ദ്രത്വം പരിശുദ്ധന്മാൎക്ക ആ
ക്കുകും എന്നും കണ്ടു ഉപദെശിക്കയും ചെയ്തു— കൊരശ് യഹൂദന്മാരെന്നു
ട്ടും വിട്ടിക്കാം കിയതപൊരാ ദൈവം തന്നെ വെണ്ടുവൊളം പ്രകാശമാക്കി
ലാകും എന്നതിന്നു കൂടഅറിഞ്ഞു ജനങ്ങൾ യരുശലെമിലെക്കും മടങ്ങിവന്നശെഷം
ഹഗ്ഗായി സഖൎയ്യാ എന്നവർ ദെവാലയവും പട്ടണവും രാജ്യവും ഇരപ്പെട്ടി
ലും ഭാവിത്തിൽ പ്രകാശമായിവരും എന്ന വിസ്തരിച്ചു ആശ്വാസം ചൊല്ലി ഒടു
ക്കും മലാക്യാ യഹൂദ്യന്മാരിൽ ചഞ്ചലവും വൈരാഗ്യവും വരാതെ ഇരിപ്പാ
ന്തെണ്ണം ഇപ്രകാരം കാത്തുകൊണ്ടിരുന്നാൽ കൎത്താവ് തന്റെ ആലയത്തി
ലെക്ക വരുന്നതു കൊണ്ടു തമസ്സിനിരും സൂൎയ്യൻ ഉദിക്കും എന്നു ഘൊഷിച്ചു
ഒടുക്കിച്ചു ഇവ്വണ്ണം പ്രവാചകന്മാർ എല്ലാവരും ഏകമനസ്സായി ജാതികൾ
നശിക്കയിൽ ഇസ്രയെൽ നിലനില്ക്കും എന്നും ദാവിദ് രാജ്യത്തിന്ന താഴ്ച
നാപറ്റുന്നെങ്കിലും അനുഗ്രഹത്തിന്റെ ഉറവാകിയ സൎവ്വലൊകാധിപൻ ആ
വംശത്തിൽ തന്നെ അവതരിക്കും എന്നും ഘൊഷിച്ചിരിക്കിച്ചതെല്ലാം ജനങ്ങ
ൾ ഞെരുക്കിയിരിക്കുന്നു ചതഞ്ഞു പൊയ കാലത്തിൽ കയറു പൊലെ മുറുക്കം പിടി
ച്ചു ഒരൊരൊ രാജ്യവൎത്തമാനങ്ങളെ കെൾക്കുമ്പൊൾ ഉൾ ദുഃഖം കാത്തും കൊ
ണ്ടിരുന്ന ഒരൊരുത്തൻ പാൎക്കുന്ന ദെശത്തിൽ നാനാജാതികളെയും കൂടഞാ
ഭാവിക്കൊനക്കിന്റെ ഒരു ഛായയെ ഗ്രഹിപ്പിക്കയും ചെയ്തു—

കിഴക്കെ ദിക്കിലെ പുറജാതികൾ

൧. തെക്കപടിഞ്ഞാറെ ആസ്യ—

ലൊകചരിത്രത്തിൽ വിവരിച്ചു പറയെണ്ടുന്ന ജാതികൾ മുഖ്യം കാപ്പിരി കാഫിര
ർ— മുങ്കിളർ മുതലായവരെ കൊണ്ടു സാരമുള്ള വിശെഷങ്ങളെ അറിയിപ്പാ
നില്ല— വിസ്തരിച്ചു പറയെണ്ടുന്ന വംശങ്ങൾ പണ്ടു പണ്ടെ രണ്ടു വിദ്യയും ഉദയത്തെ
യും അനന്തമാനത്തെയും ആശ്രയിച്ചു പൊയവർ തന്നെ— ററര രണ്ടു വകക്കാ
രുടെ ഇടയിൽ കൌകാസ് മല മുതൽ മദ്ധ്യതറന്യ സമുദ്രം പൎയ്യന്തം ഇരു
പാൎക്കും പാലം പൊലെ മിസ്രാ നാട്ടുനിന്നു കിടക്കുന്നു— അതിൽനിന്നു കിഴക്ക

ഗോത്രഭേദങ്ങളും വൎഷം സമുദ്രം നദി മുതലായ വിശെഷങ്ങളും ഒരൊ ജാതികളെ വകതിരിച്ചു വെവ്വെറെ ആചാരങ്ങളും മാൎഗ്ഗങ്ങളും ഹെതുവാക കൊണ്ടു ഒരൊ ദെശത്തിന്റെ സ്വരൂപം പൊലെ കുടികളുടെ സ്വരൂപവും മാറി - ആദാം മുതൽ നൊഹ പൎയ്യന്തമുള്ള അവസ്ഥകൾ സംക്ഷെപത്തിൽ നടന്നിരിക്കകൊണ്ടു അവറ്റിന്റെ ഉണ്മയും പലവിധെന വെദ്യന്മാരെ കാണിത്തുന്നു ചില രാജ്യങ്ങളിൽ ഒരു ദിവസത്തൊളം നില്ലാപൊകാതെ പാൎത്തകൊണ്ടിരിക്കുന്നു - അതകൊണ്ടു ഭാഷയും പ്രജകളും ഗൃഹസ്ഥാനം വള്ള ഭെദവും രാജ്യങ്ങൾക്ക തമ്മിലുള്ള സന്ധിവിഗ്രഹങ്ങൾ മുതലായവ ശക്തികളും ബുദ്ധിവിശെഷവും കൊണ്ടു ക്രമത്താലെ വരുന്ന ബുദ്ധിമുട്ടുകൾ ഹെതുവായിട്ടു ഉരുവായി വന്നു. ഒരൊ കിഴക്കെ ദെശങ്ങളിൽ ഫ്രാത്ത് സമഭൂമി നീലനദീതീരം ഗംഗെക്കടുത്ത മദ്ധ്യദെശം ഈ മൂന്നു സംസ്ഥാനങ്ങളും പലമനുഷ്യമതങ്ങൾക്കും വിദ്യകൾക്കും ഉല്പത്തിദെശങ്ങളായി വന്നതിനാലെൻ ചുവട്ടിലെ കടപ്പുറം കിഴക്കും പടിഞ്ഞാറുമുള്ളവക്ക കച്ചവട സംബന്ധത്തിനു ഉചിതമായി കാസ്പ്യ പാരസീക കടലുകളുടെ ഇടയിൽ കൂടുന്ന വഴികളായ അസ്സൂർമാദായി പാൎസി രൊമ്മന്ന പരിഷകൾ ഛത്രം കൊണ്ടും അടക്കി കൊണ്ടു ദൂരസ്ഥജാതികളെയും തമ്മിൽ ചെൎത്തും ചെൎപ്പിച്ചും കൊണ്ടിരുന്നു -

൬൭. ബാബെൽ -

ജാതികളുടെ മൂലസ്ഥാനമായ ബാബെൽ ഫ്രാത്തിന്റെ അഴിമുഖത്തിന്നു കുറെ മെലമായി പുഴയുടെ കൈകളും വലിയ തൊടുകളും കൊണ്ടു പുഷ്ടി ഏറിയ സമഭൂമിയിൽ ഉണ്ടായിരുന്നു ആ പട്ടണം നിലത്തിന്റെ ഫലങ്ങളെ കൊണ്ടും അതിസൂക്ഷ്മമായ കൈത്തൊഴിലുകളുടെ വിശെഷം കൊണ്ടും ദൂരതെ ഖണ്ഡത്തൊടുള്ള കച്ചവടം കൊണ്ടും ഐശ്വൎയ്യം വൎദ്ധിച്ചു നിവാസികളുടെ സമൂഹവും സൌഖ്യവും ഏറി ഭൂമിയിൽ എങ്ങും മുഖ്യപട്ടണം എന്നു കീൎത്തിതമായി വന്നാറെ സുഖഭൊഗങ്ങൾ നിറഞ്ഞതിനാൽ പലവിധമായ പാപങ്ങൾ പണ്ടുപണ്ടെ വസിച്ചു കൊണ്ടിരുന്ന ബാബെലിൽ ഉണ്ടാക്കിയ പഴയ സങ്കല്പിതങ്ങളിൽ ഗൂഢാൎത്ഥങ്ങൾ വളരെ മറഞ്ഞു കിടക്കുന്നെങ്കിലും അതിന്റെ വിവെചനം ചില ഗ്രന്ഥങ്ങൾക്കത്രെ സമ്പ്രദായം ശെഷമുള്ളവൎക്കും പരസ്ത്രീസെവ കൊണ്ടു ക്ലെശിച്ചു നാനാദെവകളെ വന്ദിക്കയാ

നമസ്കാരാദികൊണ്ടു നടത്തിവരുന്ന ജനങ്ങൾ മെസൊപ്പൊതാമ്യാദേശ
ത്തിൽ തെളിവായി കാണുന്നു ജ്യോതിസ്സുകളുടെ ഗതിവിശേഷങ്ങളെ നോക്കി
ഗണിച്ചറിഞ്ഞു ശുഭാശുഭകാലങ്ങളെ നിശ്ചയിച്ചു ജനസമൂഹങ്ങൾ, ജ്യോതിർമ്മ
ണ്ഡലം വരെ ദേവകളെന്നു വെച്ചു വന്ദിക്കും. ഹാമ്യനായ നിംരോദ് ആദ്യപട്ടണ
ങ്ങളെ തീർത്തു ചുറ്റുമുള്ള നാട്ടുകാരെയും വശത്താക്കിയാറെ ബൊധിസ്സിലുണ്ടാക്കിയ
രാജ്യങ്ങളിൽ ഇതു തന്നെ ഒന്നാമത്തെതിന്റെ വഴിയെ അശ്ശൂർ രാജ്യം തുടങ്ങി
യതിനെ അധ്യായത്തിൽ കാണാം.

൩. മിസ്രരാജ്യം

ഹാമ്യർ രണ്ടാമത് ഉണ്ടാക്കിയ വാഴ്ചയുടെ ദേശം തന്നെ ആഫ്രിക്കയിൽ വടക്കുകിഴക്കെ
മൂലയിൽ നീളമായി ഒഴുകുന്ന നീലനദിയും മിസ്രസമഭൂമിയും തന്നെ. നീലനദിയുടെ
ൽ മിസ്ര എന്നത്തെ തെരുങ്കിയ താഴ്വരയും തന്നെ. അവിടെ മഴ ചുരുക്കം. പുല്ലും
അതിന്നു പകരം നീലനദി കാലത്താൽ കവിയുന്നതിനാൽ ധാന്യങ്ങൾ നന്നായി വളരുന്ന
പുഷ്ടി ഉണ്ടായി വരുന്നു. മറ്റെ ദിക്കുകളിൽ ക്ഷാമം ഉണ്ടായാലും മിസ്രയിൽ ധാന്യ
ത്തിന്റെ ഭാരം അറിയുമാറില്ല. അവിടെ കുടിയേറിയ ഹാമ്യർ കൃഷിയെ തന്നെ
നന്നെ ശ്രദ്ധിച്ചു വാഴും. കിഴക്കും പടിഞ്ഞാറുമുള്ള മരുഭൂമികളെയും അതിൽ
സഞ്ചരിക്കുന്ന ഇടയജാതികളെയും വെറുക്കും. വടക്കു കാണുന്ന സമുദ്രവും അ
തിൽ തിരപ്പെട്ടു വന്ന കടല്പുറക്കാരുടെ വൃത്തിയും അശുഭം എന്നു തോന്നി
യതുകൊണ്ടു വെറെ ജാതികളോടു സംബന്ധം ഇല്ലാതെ കാത്തുകൊണ്ടു ദേശത്തി
ൽ കാണുന്ന വിഷയങ്ങളെ മാത്രം സങ്കല്പിച്ചു ഇതു തന്നെ ദിവ്യഭൂമി എന്നു ഉ
റക്കയും ചെയ്തു. തെക്കെ അറ്റത്തിൽ ഹബെശ് എന്ന മലപ്രദേശത്തിൽ ഒരു
ജാതി ആചാര്യന്മാർ മെറൊവെ നഗരത്തിൽ ഏറിയ കാലം പാർത്തു. അവിടെ
നിന്നിലർ പുറപ്പെട്ടു മിസ്രയിൽ വാണു തുടങ്ങി. മിസ്രയിലെ വർണ്ണങ്ങൾ ആചാ
ര്യന്മാർ - യൊദ്ധാക്കൾ - കൃഷിക്കാർ - കൈത്തൊഴിലുള്ളവർ - ഇടയന്മാർ ഇ
ങ്ങിനെ അഞ്ചു ഒരൊരുത്തൻ ജനിച്ചതിൽ മരണത്തോളം വൃത്തി കഴിക്കെ
ണ്ടുള്ള ദെശം എല്ലാം വാഴുന്നവരെ വർണ്ണങ്ങൾ തന്നെ ബ്രാഹ്മണസ്ഥം ചെയ്കകൊണ്ട് ഇങ്ങി
നെ അങ്ങുമിങ്ങും പ്രധാനമായ ജന്മം ശെഷമുള്ള കുലീനന്മാരുടെ ജന്മം ഹൊസെഹ
മന്നിന്റെ കാലത്തു രാജാവിന്നു വിറ്റുപോയി. അതിൽ നിന്നു രാജാവി
ന്നു വാരമിട്ടു അഞ്ചാം അംശം കൊടുക്കേണ്ടി വന്നു - ഫറൊ എന്നു രാജാക്ക

ന്മാരെല്ലാം ക്ഷത്രിയർ തന്നെ ശുദ്ധപിപ്പി എന്നൊരക്ഷരങ്ങളും മററെല്ലാവി
ദ്യകളും അവരുടെ പുസ്തകങ്ങളായ ആചാക്ഷ്മാക്ഷമാത്രം അറിവാൻ ന്യായം അ
വരിൽ ജ്യോതിഷ്ശാസ്ത്രകാൽ ഗ്രഹങ്ങളുടെ വിശേഷം നല്ലവണ്ണം ഗണിക്കും ന്നൂറ
ദിവസമുള്ള സൌരവൎഷവും ഉണ്ടു അവർ പ്രതിമാണമില്ലശാസ്ത്രങ്ങളും
ഏകദേശം അറികകൊണ്ടു അതിശയമായ പണികളെ എടുക്കും മെൻ
ഹിന്ദുസ്ഥാനിലെ രാജധാനിയായ കൊവബൊനിൽ ക്ഷേത്രങ്ങളും അരമനകളും
ശിലാസ്തൂപികളും കല്ലിൽ കൊത്തിവെച്ചിട്ടുള്ള വിസ്താരകല്ലറകളും മുതലായ
തും നട്ടു ഹിന്ദുസ്ഥാനിലെ രാജധാനിയായ മെംഫിലും പിരമിദ എന്നു ഉന്നത
ഗോപുരങ്ങളും മൂന്നുനാലായിരം വൎഷത്തിന്നുമുമ്പെ എടുപ്പിച്ചതിലും ഇന്നും കാ
ണുന്നവൎക്ക ആശ്ചൎയ്യം ഉണ്ടാക്കും- ആചാരപുരാണങ്ങളും അറികയും യാക്ക്രൂം
ക്ഷമാത്രം ന്യായം മുതലിക്കി കൊയ്ക വൃക്ഷ മുതലായ ജന്തുക്കൾ താനങ്ങ
ങ്ങളാൽ നമസ്കാരം മുണ്ടു അപ്പിഷ്ണുക്കുറിച്ചി എല്ലാവൎക്കും മുഖ്യദേവതകൾ
നാട്ടുകാരുള്ളതിൽ ഒരൊന്നിന്നു വെവ്വെറെ ജന്തുക്കളും പരദേവതകളായി
വരും എല്ലാവരും വന്ദിക്കുന്ന ഒസിരിസ് എന്നൊരു ദൈവം നീലനദി എന്നും
സൂൎയ്യൻ എന്നും സ്മൃതം അവന്റെ ഭാൎയ്യ ചന്ദ്രദേവിയായ ഒരാൾ ത
ന്നെ ഒരുത്തന്റെ ശത്രു മരുഭൂമിയിലും സമുദ്രത്തിലും വാഴുന്ന തൈഫോൻ എന്നെ
അസുരൻ ഇങ്ങിനെ പുരാണം ഹിന്ദുക്കൾക്ക് വൃത്തി ദൈവങ്ങൾ ആനം പൂജ മുത
ലായതിൽ ഒക്കെയും തിരിച്ചതു ഈ പ്രധാനം-

൩൬. ഭാരതഖണ്ഡം

ഹിന്ദുവ്യവസ്ഥകളുടെ പല മൎയ്യാദകളും ഭാരതഖണ്ഡം എന്ന ഹിന്ദുദേശത്തി
ലും കാണുന്നു ഗംഗാനദിക്ക് മദ്ധ്യദേശത്തിൽ തുടങ്ങി ദക്ഷിണാപഥ
ത്തോളം പാൎക്കുന്നവരെല്ലാവരും വെവ്വെറെ ജാതികളായി പിരിഞ്ഞിരി
ക്കുന്നു ഉത്തരത്തിൽ ഉണ്ടായ മനുസംഹിതാപ്രകാരം ആചാൎയ്യരായ ബ്രാഹ്മ
ണർ പാലിക്കുന്ന ക്ഷത്രിയർ വ്യാപാരികളായ വൈശ്യർ ഇങ്ങിനെ ദ്വിജ
ന്മാർ മൂന്നുവകക്കാരെ സെവിക്കുന്ന ശൂദ്രർ എന്ന നാലുവൎണ്ണം ഉണ്ടു അതിൽ ബ്രാ
ഹ്മണർക്കും വൈശ്യർക്കും സംസ്കൃതഭാഷാവിശെഷത്താൽ തിരിച്ചറിയാം-
വിന്ധ്യപൎവ്വതത്തിന്നു തെക്ക ദ്രാവിഡഭാഷ ഹാമ്യർക്കുള്ളത് എന്നതൊന്നു-
ശേഷം പ്രാകൃതഭാഷകൾ ഉത്തരഖണ്ഡത്തിലെ ഒരൊരൊ രാജ്യത്തിൽ സംസ്കൃ

തംകാലങ്ങളിലപ്പൊഴത്തിനാൽ പലവിധമായി ജനിച്ചു സംസ്കൃതത്തിൽ ഉണ്ടാ
യിട്ടുള്ള പ്രബന്ധങ്ങൾ പലതും ഉണ്ടു അതിൽ പുരാണമായതു ചതുർവ്വെദങ്ങ
ളിൽ അഗ്നി ഇന്ദ്രൻ വായു അശ്വിനികൾ മുതലായ ദെവന്മാൎക്കു ബലിക
ൎമ്മങ്ങളും പൂജാചാരങ്ങളും അടങ്ങിയിരിക്കുന്നു പിന്നെ ലങ്കയൊടുള്ള യുദ്ധ
ത്തെ വൎണ്ണിക്കുന്ന രാമായണവും പാണ്ഡവന്മാർക്കു കുരുക്ഷെത്രത്തിൽ പടക്കു
ണ്ടായതു വിവരിച്ചു പറയുന്ന മഹാഭാരതവും എന്നിങ്ങിനെ രണ്ടു ഇതിഹാസ
ങ്ങളും എങ്ങും വിശ്രുതിപ്പെട്ട ഭാഗവതം മുതലായ പുരാണങ്ങൾ ക്രിസ്തുകാല
ത്തിന്നു മുമ്പെ ഉണ്ടായിരുന്ന ദെശക്കാൎക്കു മുമ്പെ ഉണ്ടായ വിദ്യകളും ബൊംബാ
യി സമീപത്തുള്ള തുരുത്തികളിലും എല്ലൂർ മഹാമല്ലപുരം മുതലായ പാറകളി
ലും കൊത്തി ഉണ്ടാക്കിയ ഗൊപുര ക്ഷെത്രങ്ങളിനാലും മറ്റും ചില ശില്പപണി
കളാലും ഇന്നും അറിഞ്ഞു കൊള്ളാം — അവരുടെ ദൈവജ്ഞാനം പലവിധം
തെക്കർ പലഭൂതങ്ങളെയും സെവിച്ചു കൊണ്ടിരിക്കെ വടക്കർ സ്രഷ്ടാവും
സൃഷ്ടിയും ഒന്നെന്നു കല്പിച്ചു എല്ലാം ഒന്നെന്നും ഒന്നായിട്ടുള്ള ദൈവം പലവി
ധം മൂൎത്തികളായി വിളങ്ങിയതെന്നും നിശ്ചയിച്ചു സൃഷ്ടിക്ക ബ്രഹ്മാവിനെയും
രക്ഷക്ക വിഷ്ണുവിനെയും സംഹാരത്തിന്നു ശിവനെയും ഒന്നാക്കി വെച്ചു
ഒരൊ കല്പാവസാനത്തിൽ ബ്രഹ്മത്തിൽ എല്ലാം ഇല്ലാതെ പൊയിട്ടു സൃഷ്ടി
വീണ്ടും പുതുതായി തുടങ്ങും എന്നിങ്ങിനെ നാനാവിധമായി പ്രമാണിച്ചു കൊ
ണ്ടിരുന്നു ക്രിസ്തുവിന്റെ മുമ്പെ അഞ്ഞൂറ്റിച്ചില്ലാനം വൎഷത്തിൽ ഗൌതമ
ൻ ബുദ്ധൻ ശാക്യമുനി എന്ന പെരുകളുള്ള ഒരു രാജപുത്രൻ മാഗധദെശ
ത്തിൽ കാൽ ഉദിച്ചു ആയവൻ ജാതിഭെദങ്ങളെ ഇല്ലാതാക്കി നിൎവ്വാണഗതി പ്രാ
പിക്കെണ്ടതിന്നു അഹിംസ മുതലായ ഗുണങ്ങളെ എല്ലാവൎക്കും സന്മാൎഗ്ഗം
ആക്കി കല്പിച്ചു ആൎയ്യമാൎഗ്ഗം ഭാരതം മുതലായ ദെശങ്ങളിലും ജയിച്ചു നടന്നു
ഗൌതമൻ വിഷ്ണു അവതാരത്തിൽ ഒന്നു എന്നു കീൎത്തിപ്പെട്ടുകയും ചെയ്തു —
ബുദ്ധമതത്തിന്റെ ജൈനർ എന്നൊരു ശാഖ ഇപ്പൊഴും ശെഷിച്ചു ഉണ്ടു ഇങ്ങിനെ
ഏകദെശം ൧൦൦൦ സംവത്സരം നടന്നു കഴിഞ്ഞവാറെ ചുരുങ്ങിയ ദെശത്തി
ൽ മുമ്പെ പാൎത്തിട്ടുള്ള ബ്രാഹ്മണർ പ്രബലപ്പെട്ടു കിഴക്കൊട്ടും തെക്കൊട്ടും
പുറപ്പെട്ടു നാലുപായവും വെദവൊദം പ്രയൊഗിച്ചു ബൌദ്ധന്മാരെ ചില
ദിക്കിൽ നിന്നു മുടിച്ചു കളഞ്ഞു ശെഷിച്ചവരെ പുറത്താക്കി ബൌദ്ധ

ൎമ്മൊത്തിന മുതലായ ദെശങ്ങളിലും ലങ്കാവഴിയായി ബൎമ്മാ മുതലായ കിഴക്കെ ദ്വീപുകളിലും നിറഞ്ഞുവാണു. അതിന്റെ ശെഷം അത്രെ മറ്റെല്ലാം നിരസിച്ചു ഭൂമിദെവന്മാരായി നിനച്ചുവരുന്ന ബ്രാഹ്മണർ ശത്രുക്കൂടാതെ ഭാരതഖണ്ഡത്തെ അടക്കി നാനാജാതിക്കാരെയും മറ്റും വശത്താക്കി എല്ലാ ജാതികളെയും ഭെദം വരാതെ തങ്ങളുടെ സെവെക്കായി കല്പിക്കയും ചെയ്തു— അറബി ബാബെൽ മുതലായ പടിഞ്ഞാറെ കരക്കാരൊടു തുടൎന്നു കച്ചൊടം നടന്നെങ്കിലും പുറജാതികളെ എല്ലാം മ്ലെച്ഛന്മാർ എന്നു വിചാരിക്ക കൊണ്ടു നല്ല ചെൎച്ചയും അറിവിന്റെ വൎദ്ധനയും മറ്റുള്ള സംബന്ധത്തിൽ ഫലങ്ങളും ഭാരതഖണ്ഡത്തിൽ ഏറെ കാണുമാറില്ല—

൯൧. ഫൊയിനിക്യർ

ഈ ഭാരതഖണ്ഡത്തിന്നു പടിഞ്ഞാറിൽ അതലന്തിക കടല്പുറത്തൊളം അബ്രഹാമിന്റെ കാലത്തിലും സിദൊൻ തുറു അൎവ്വാ പട്ടണങ്ങളിൽനിന്നു കച്ചവടം ചെയ്യുന്ന കനാന്യർ പാൎത്തു രണ്ടു കടല്ക്കരകളിലും പല കടല്പുറങ്ങളും വെച്ചു എല്ലാ വംശങ്ങളൊടും പരിചയം ആകയും ചെയ്തു അവർ ഹിന്തചരക്കുകളെ ബാബൽവഴിയാകും അറവി ഒട്ടകയാത്രക്കാരുടെ വഴിയാകും വാങ്ങി—യവനക്കാൎക്കും മറ്റും വില്ക്കും. യവനക്കാർ അവൎക്കു ഫൊയിനിക്യർ എന്നു പെർ ഇടുകയും ചെയ്തു— കൌകാസു മുതലായ മലപ്രദെശങ്ങളിൽനിന്നു അവർ അടിമകളെ കൊള്ളും. മിസ്രയിൽ അവൎക്കു അല്പം പ്രവെശനം മാത്രമെയുള്ളു. മദ്ധ്യതറന്യസമുദ്രത്തിൽ പല കരകളിലും കുടിയെറി വ്യാപരിക്കും. ക്രമത്താലെ യവനരും ഇതല്യരും വൎദ്ധിച്ചു അവരെ നീക്കിയപ്പൊൾ ലൂബ്യ എന്ന വടക്കെ ആഫ്രിക്കയൊടും സ്പാന്യയൊടും അവൎക്കു മാത്രം വാണിഭം ഉണ്ടു. അവർ കുടിയെറിയ പട്ടണങ്ങളിൽ സ്പാന്യയിൽ ഗാദെസും ആഫ്രിക്കയിൽ കൎത്ഥഹത്തും പ്രധാനമുള്ളവയത്രെ. അതല്ലാതെ അതലന്തിക സമുദ്രത്തിലും വെള്ളീയ തുരുത്തികളൊളവും ബല്ത്യ കടലിൽ അമ്പർ കരയൊളവും കപ്പലൊടി ചെന്നു കൊണ്ടിരുന്നു—മിസ്രയിലെ നെക്കൊ രാജാവ് അവരെ കൊണ്ടു ചെങ്കടലിൽ കപ്പൽ ഉണ്ടാക്കിച്ചു ആഫ്രിക്കയുടെ ചുറ്റും ഓടുവാൻ സംഗതി വരുത്തി അതിന്റെ മുമ്പിലും അവർ യഹൂദരൊടു കൂടി ഇന്ത്യസമുദ്രത്തിൽ ഓടുവാറായിരുന്നു— ഈ ഫൊയിനിക്യ കച്ചവടം കൊണ്ടു

ന്യത്തിൽ ഒട്ടകയാത്രകളും ചെയ്തുണ്ടായിരുന്നു മരെച്ചതുടങ്ങി ഫിനിഗർ നിറ്റിരെ
യുള്ളവും കാർത്ഥഹ ന്നപട്ടണപ്പത്തിയും അവരുടെ ചരക്കകപ്പക്കരവഴിയുണ്ടാ
യി — ഇങ്ങിനെയുള്ള മഹാവ്യാപാരവും കയ്യാളിരുണ്ടായ [illegible]
റ്റുകമ്മതലാ [illegible] പണിക്കാരമാ
യിരുന്നു — ഞാൻ എന്നുള്ള ഭാവമല്ലാതെ ഐശ്വര്യവും കരുണയും അവ
രിൽ ഇല്ല — ബാൽ — മല്ക്കർത്ത എന്ന ദൈവത്തിന്നു നരമേധം കഴിച്ചു പ്രസാ
ദം വരുത്തും മനുഷ്യരെ കൊള്ളുക ചെയ്യുന്നതുമല്ലാതെ വല്ലേടവും ...
ച്ചുവിളിച്ചും മറെറ കനാന്യർ എന്നപോലെ അവർക്കും നാശം വരാ
തെ എത്രയും കാലം സ്വാതന്ത്ര്യം ഉണ്ടായിരുന്നു ഒരോ പട്ടണത്തിൽ വെവ്വെ
റെ അധികാരികളും രാജാക്കന്മാരുമുണ്ടെങ്കിലും ഐശ്വര്യം ഏറിയ സി
ദോൻ ത്സൂർ എന്ന നഗരങ്ങൾക്കുടെ ഇഴയിൽ ശേഷം എല്ലാം ആശ്രയിച്ചു
കൊള്ളും. അശ്ശൂർ കല്ദായ രാജാക്കന്മാർ ഫ്രാത്തനദിയെ കടന്നു ആക്രമിച്ചു നട
ക്കുമ്പോൾ യെഹൂദ ... രുള്ളവരെ പോലെ [illegible] വശത്തായി
വന്നു — ഇപ്രകാരം പണ്ടുവെ [illegible] ശങ്കിച്ചു [illegible] വടത്താൽ ചെയ്തു ഉ
ണ്ടായിരുന്ന [illegible] ക്രമങ്ങളെ ചക്രവർത്തികളുടെ ഗുണങ്ങളോടും [illegible]
ന്യസംബന്ധം ഇല്ലെ ഉണ്ടാക്കുന്നു —

൨൧. അശ്ശൂർ രാജാക്കന്മാർ

പൂർവ്വത്തിങ്കൽ ഫ്രാത്തനദിക്കക്കരെയും മഹാരാജ്യങ്ങൾ ഉണ്ടായിരുന്നു അ
ക്കരയുള്ളവരെ ആക്രമിക്കായ്ക കൊണ്ടു അവറെറ വിവരിച്ചു പറവാൻ
ആവശ്യമില്ല അതിൽ വലുതായിട്ടുള്ളതു ശെമ്യരായ അശ്ശൂർ നിനിവെയി
ൽ നിന്നു ഭരിച്ച രാജ്യം തന്നെ അതിൽ പൂൽ എന്നവൻ ഏകദേശം
൭൭൦. ക്രി. മു. ഫ്രാത്തിനെ കടന്ന ശേഷം അവന്റെ അനന്തരവനായ തി
ഗ്ലാത്ത് പിലെസർ അഹസ് വിളിക്കയാൽ സുറിയാണികളെയും ഇസ്രയേല്യ
രെയും വശത്താക്കി [illegible] പുരുഷാരം മറുനാട്ടിൽ കടത്തുകയും ചെയ്തു
[illegible] യവൻ മനസ്സിലാക്കാതിരിക്കകൊണ്ടു അശ്ശൂർ രാജാക്കന്മാർ ഈ
ഉപായം [illegible] കാലം. അശിമ്യോപ്യനായ സബകോൻ
മിസ്രയെ അടക്കിയ [illegible] അനന്തരവനായ സൊ ഇസ്രയെൽ രാജാവായ
ഹൊശയ്യയോടു ബാന്ധവം [illegible] ഹൊശയ്യ അവനിൽ ആശ്രയിച്ചു അശ്ശൂരി

ലെ രാജാവാകുന്ന സല്മനസ്സറിന്റെ കാലത്തു കെനിവസിച്ചതിനാൽ അശ്ശൂർ
ർ വന്നു ശമർയ്യയിൽ പാർത്തു ശെഷം ൧൦ ഗൊത്രക്കാരെ മെദ്യ പർത്ഥ്യ മാദാ
യി നാട്ടുകളൊളം കടത്തി — അവിശ്വാസികളായ യഹൂദർ അശ്ശൂരിന്റെ പ്ര
ഭുത്വം വിചാരിച്ചതിന്റെ ശെഷം മിസ്രയക്കാരനായ മന്നിരുന്ന ഫരവൊ
എന്ന മഹാരാജാവ് അവനെ തിരിച്ചു കൊണ്ടതിനാൽ അശ്ശൂർ വന്നു യെ
ഹൊവക്കൊട്ടു പ്രാർത്ഥിച്ചതിനെറ ഫലത്താൽ ഒരു രാത്രിയിൽ
നശിച്ചു പൊയി — ഇത്രയുമല്ലാതെ ഒരു രാജ്യത്തിൽ തന്നെ യഹൊവ ദൈവത്തി
ന്റെ ഭക്തരാകും മതിൽ മാറായി ഉടനെ നശിച്ചു — ഹെരൊദൊസിന്റെ വാക്കുകൾ
പ്രകാരം മിസ്രയിൽ അക്കാലത്തു പല പ്രഭുക്കന്മാർ വാണു കൊണ്ടി
രുന്നു ശെഷം ഒരു ദെവെന്തിർ ശബ്ദം മിസ്രയക്കാര എല്ലാവരും ഒ
ന്നിച്ചു ചെന്നു വാഴ്ചയെ ശെഷം പ്രാർത്ഥിച്ചിരിക്കുന്ന കരയുള്ള ദെശ
ക്കാരൊടു പൊരുതുവാൻ കൊടുത്തു മന്നിരിക്കുന്ന മൈത്രി ഉള്ളവരെ
സ്വാധീനമാക്കി — ആയുധത്തിൽ ശീലിച്ച ക്ഷത്രിയ ശത്രുക്കളെ വിട്ടൊഴിഞ്ഞ
അയച്ചു ശമക്കിൽ കുടിയിരുത്തി മിസ്രയക്കുടെ ദുഷ്പുത്രനെ കണ്ടശ്ശെരി
ൽ തന്നെ വരുത്തി ബാബെലിൽ നടപ്പിയാക്കുകയും ചെയ്തു മിസ്രരാജ്യത്തിൽ നി
ന്നു ക്ഷിതൊപ്യർ നീങ്ങിപ്പൊയ ശെഷം അസ്സർഹദ്ദൊൻ അവിടെക്കും ചെ
ന്നു രാജ്യത്തെ സ്വാധീനത്തിൽ ആക്കുകയും ചെയ്തു അവന്റെ ശെഷം അ
ശ്ശൂർ സംസ്ഥാനം മുടിഞ്ഞു പിന്നെ മിസ്രയിൽ ൧൨ പ്രഭുക്കന്മാർ വാണു കൊണ്ടി
രുന്നപ്പൊൾ അവരിൽ സമ്മതിക്കപ്പെട്ട ഒരുത്തൻ സാമ്മെതിക്കൊസ് എന്നവ
രെ തന്നെ സ്ഥാപിച്ചു കൊണ്ട ശെഷം ൧൫൦ വൎഷത്തിൽ മിസ്രവംശത്തിന്നു
യശസ്സുണ്ടാക്കി യവനരിൽ അധികം പക്ഷം വിചാരിച്ചു സെവകന്മാരാക്കിയത
കൊണ്ടു മിസ്രയിലെ ക്ഷത്രിയന്മാർ അസൂയപ്പെട്ടു പാതി അതിക്രൊധിച്ചു ഇലെ
ക്കുപൊന്നിരിക്കയും ചെയ്തു മകനായ നെക്കൊ അങ്ങു ഹവീലത്തിന്നു ഇസ്രയേല്യരെ
തിരെ കാവലാക്കി രാജ്യത്തിന്നു ബലം ഉണ്ടാക്കിയാൽ അശ്ശൂരിന്റെ മുഖാന്തരം കണ്ടെത്തിയതിനാൽ
ഴക്കൊട്ടു പുറപ്പെട്ടപ്പൊൾ യഹൂദരാജാവായ യൊശീയ തന്റെ നാട്ടിൽ കൂ
ടി കടക്കരുത് എന്നു വെച്ചു തടുക്ക കൊണ്ടു യൊശീയ മഗിദ്ദൊ പൊർക്ക
ളത്തിൽ തൊറ്റു മരിച്ചു യഹൂദന്മാർ മിസ്രയക്കാരെനെ വശീകരിക്കും ചെയ്തു
നെഖൊ ഇപ്രകാരം യാത്രയായപ്പൊൾ തന്നെ കല്ദായരും മെദ്യരും ഒരു
മിച്ചു അശ്ശൂർ വാഴ്ചയെ മുടിച്ചു കളഞ്ഞിരുന്നു —

൩. കല്ദായരാജ്യം

കല്ദായർ പണ്ടെ മെസൊപതാമ്യക്കിൽ കാവല്ക്കാരായിട്ട ഇരിഞ്ഞു സഞ്ചരിച്ച
ശെഷം അശ്ശൂർനായക ഒരുത്തൻ ബാബെൽ പട്ടണത്തിലെ മാത്സൎഗ്ഗം അവരെ
ക്കൊണ്ടുവന്നു അവരെ അവിടെ തന്നെ കാവലായി പാൎപ്പിച്ചു അന്നു തുടങ്ങി ക
ല്ദായപ്രഭുക്കളും ബാബെൽ വിദ്വാന്മാരും ഒട്ടു അഭ്യാസം കഴിച്ചു ജ്യൊതിശ്ശാസ്ത്രമ
ഭിവൎദ്ധിച്ചുവന്ന ശെഷം തലവനായ നബുപൊലസ്സർ അശ്ശൂർ രാജ്യത്തിനു ഉ
റപ്പില്ല എന്നു കണ്ടു ആ കൊയ്മയെ നിരസിച്ചു കൊയിൽ പ്രഭുത്വം താനെ
എന്നു കല്പിച്ചു മെദ്യക്കു വക്ഷാരനൊടു ചെൎന്നു നിനവെ നഗരത്തെ ചുറ്റി
കൊണ്ടു ഹനിച്ചു തൊട്ടുകയും ചെയ്തു ക്രി. മു. ൬൦൬ കാലത്തിൽ നെഖൊ
മിസ്രസൈന്യത്തൊടു കൂട പുറപ്പെട്ടു യഹൂദരെ വിധെയമാക്കിയപ്പൊൾ നബു
പൊലസ്സരിന്റെ മകനായ നബുകദ്നെസർ പ്രാപ്തനായി തിരുത്തുക കൎക്കമിശ്
കടവത്ത് വെച്ചു എതിരെറ്റു ജയിച്ചു മിസ്രക്കാരെ മടക്കിയ ശെഷം യൊയ
ക്കിം എന്ന യഹൂദ രാജാവെ തന്റെ നാട്ടുവാഴിയാക്കി പാൎപ്പിച്ചു അവൻ കലഹി
ച്ചപ്പൊൾ യരുശലെമെ പിടിച്ചു മകനായ കൊന്യയെ ഏറിയ അടിമക
ളൊടു കൂട ബാബെൽ നാട്ടിൽ കടത്തുകയും ചെയ്തു — അനന്തരവനായ സിദക്യ
ഹൊഫ്രാ എന്നുള്ള മിസ്രനെ വിശ്വസിച്ചു നബുകദ്നെസരൊടു ചെയ്ത സമയ
ത്തെ ഉലംഘിച്ചപ്പൊൾ നബുകദ്നെസർ യരുശലെമെ പിടിച്ചു ഭസ്മമാക്കിയ
ശെഷം യഹൂദരെ ബാബെലിൽ കടത്തി പാൎപ്പിക്കയും ചെയ്തു തൂറിൽ ഉരുപട്ട
ണക്കാർ മാത്രം അശ്ശൂരുടെ കൈക്കൽ അകപ്പെടാതെ ധൈൎയ്യമായി വാ
ണിരിക്കുമ്പൊൾ നബുകദ്നെസർ ആ പട്ടണത്തെ പിടിക്കെണ്ടതിന്നു മൂന്നുവൎഷം
യുദ്ധം ചെയ്തു പട്ടണത്തിൽ കയറിയപ്പൊൾ നിവാസികളെ കണ്ടില്ല അവർ
ഒക്കത്തക്ക കപ്പലിൽ കയറി അടുത്ത തുരുത്തിയിൽ കുടിയിരിക്കയും ചെയ്തു—
അതിന്റെ ശെഷം മിസ്രരാജ്യത്തിൽ പ്രവെശിച്ചു വലം വെച്ചു താൻ ജയിച്ച
രാജ്യങ്ങൾ ഒരു കൊള്ളയിട്ട ബാബെൽ രാജധാനിയെ ഉറപ്പിച്ചു ചൊല്ലെഴും
അലങ്കാരങ്ങളെ വരുത്തുകയും ചെയ്തു — ഗരാമഹത്വം കൊണ്ടു ഡംഭിച്ചു രാജാ
വ് ഭ്രാന്തനായി ദാനിയെൽ പ്രവാചകൻ അറിയിച്ച പ്രകാരം മൃഗം
പൊലെ പാൎത്ത ശെഷം മദം മറിച്ച സൎവ്വശക്തനായ യഹൊവയെ അറിഞ്ഞു
കൊണ്ടു ഉണ്ടായ അവസ്ഥകൾ എല്ലാം രാജ്യത്തിൽ പരസ്യമാക്കിയതൊ

യിന്റെ ദൈവത്തെ ഏക മഹാൻ എന്നു സ്തുതിക്കയും ചെയ്തു — അവന്റെ ശെഷമുള്ളവൎക്ക പ്രാപ്തി പൊരായ്ക കൊണ്ടു രാജ്യം ക്രമത്താലെ ക്ഷയിച്ചു നബൊനെദ് എന്നവൻ രാജവംശം നിഗ്രഹിച്ചു വാണു മെദ്യപാൎസികളൊടും തൊറ്റു നശിക്കയും ചെയ്തു —

൫൦., മെദ്യർ —

കസ്പ്യസമുദ്രത്തിന്നും സിന്ധുനദിക്കും ഇടയിൽ ജാതിസംബന്ധം ഉള്ളൊരു ആൎയ്യവംശങ്ങൾ കുടിയിരുന്നതിൽ ആദ്യം ശ്രുതിപ്പെട്ടതു ഇപ്പൊഴുള്ള നദീതീരത്തു പാൎത്ത ബാക്ത്രികന്മാർ തന്നെ അവൎക്ക ബക്ത്രാ എന്ന പെരുപട്ടണവും സിന്ധുവൊളമുള്ള കല്പവടം കൊണ്ടു വളരെ ദ്രവ്യവും ഉണ്ടായി അവരുടെ മഹത്വം കുറഞ്ഞു പൊകുമ്പൊൾ മെദ്യപാൎസ് എന്നിങ്ങിനെ രണ്ടു ജാതികൾക്കു കീൎത്തിയുണ്ടായി കസ്പ്യകടലിന്റെ തെക്കു അതിരിലെ മലപ്രദെശത്തിൽ രാജാധികാരം കൂടാതെ ഒരൊ തറ രക്ഷിച്ചു പാൎത്ത ശെഷം ൬൦൦ ക്രി. മു. അശ്ശൂർ അകന്നു ഉപെക്ഷിച്ചു തങ്ങളിൽ ശ്രെഷ്ഠനായി ദിയൊക്കെയെ രാജാവാക്കിയപ്പൊൾ അവൻ അഗ്ബതാൻ രാജധാനിയെ പണിയിച്ചു എറിയ ജ്ഞാനങ്ങൾ കൂട്ടം അതിൽ കുടിയെറുകയും ചെയ്തു — അവന്റെ ശെഷം പ്രവൎത്തൻ അടുക്കെയുള്ള പാൎസി ജാതികളെ അശ്ശൂരിൽ നിന്നു വെർതിരിച്ചു സംബന്ധികളായ മെദ്യരൊടു ചെൎത്തു കൊണ്ടതിൽ പിന്നെ മക്കൾ ആയ കുവക്ഷരൻ കല്ദയൎക്കു തുണയായി നിനിവെ പട്ടണത്തെ ഭസ്മമാക്കി — അക്കാലത്തിലെ കല്ദായൎക്ക ശെമ്യ ഹാമ്യ ജാതികളും മെദ്യൎക്കു യാഫെത്യരും കീഴടങ്ങി ഇരുന്നു — ഇസ്രയെൽ ൧൦ ഗൊത്രക്കാർ മെദ്യദെശത്തിലും യഹൂദർ ബാബെലിലും കിടന്നു പാൎത്തു തുടങ്ങുന്ന കാലത്തിൽ യഹൊവയുടെ അറിവു ഒരൊ ജാതികളിൽ എത്തി തുടങ്ങി — അക്കാലത്തിൽ ജരദുഷ്ടൻ എന്ന മുനി ഉണ്ടായി ബാക്ത്രികമെദ്യരും ക്രമം കൂടാതെ മിത്രൻ അഗ്നി മുതലായവരെ സെവിച്ചു വന്ന ദുൎമ്മാൎഗ്ഗാവസ്ഥ എന്നു സത്യവ്യവസ്ഥയെ കല്പിച്ചു നിൎമ്മലപ്രകാശമയനായ അഹുരമജ്ദാ സത്യദൈവം തമൊഗുണനായ അംഗ്രമന്യു അസുരശ്രെഷ്ഠൻ ഇരുവൎക്കും നല്ലവർ എല്ലാം ദുഷ്ടന്മാർ എല്ലാം പ്രഭുക്കന്മാരായി ഇരിക്കും സുരാസുരയുദ്ധങ്ങളെ ചെയ്തുവരുന്നു മനുഷ്യനും കൂടി ഇരുവൻ സുരാസുരന്മാൎക്ക പൊൎക്കളം ആകു

നക്ഷത്രത്തിന്ന ഗുണം ഉണ്ടാക കണ്ടിരിന്നു അഹുറമജ്ദാവിൻ പുരൊഹിതന്മാർക
ഴിക്കുന്ന കർമ്മം വെണം അവന്നു ക്ഷെത്രമില്ല പ്രതിമയുമരുത് വൃക്ഷഭൂദിക
ളെ സെവിക്കരുത തന്നെ കെടാതെ കാത്തു പൊററുന്നതിനാൽ പ്രസാദം വരുത്തെ
ണം അഹുരമജ്ദാ കൃഷിക്കാരിൽ പ്രസാദിക്കകൊണ്ടു ഇറാനിൽ വാഴു
ന്ന കൃഷിക്കാർ മൃഗക്കൂട്ടങ്ങളെ മെയിച്ചു നടക്കുന്നവരെ ദുഷ്ടന്മാരെന്നു വി
ചാരിച്ചു തിബ്ബെന്റെ വടക്കുള്ള കൊടിയ തുറാൻ രാജ്യത്തൊടു നിത്യം പടകൂടെ
ണം — ഇറാനിലെ രാജാവ് അഹുരമജ്ദാവിൻ സ്ഥാനാപതിയാകകൊ
ണ്ടു അവനെ ദൈവത്തെ പൊലെ അനുസരിക്കെണം എന്ന പ്രകാരമുള്ള മ
തം മൈദ്യവിപ്രരായ മാഗരിൽ സമർപ്പിച്ചു വെച്ച ശെഷം ആയവർ അതി
നെ മൈദ്യരിലും പാർസികളിലും ഒരു പൊലെ നടത്തി —

൫൭. പാർസിയായ കൊരെഷ്

മൈദ്യക്കു തെക്കുള്ള മലകളിലും മുകൾ പരപ്പുകളിലും പാർസി ഗൊത്രങ്ങൾ പാ
ൎത്തുകൊണ്ടിരുന്നതിൽ ഗൊരക്ഷ ചെയ്യുന്നവർ ചിലരൊഴികെ കൃഷി
ക്കാർ മാനമെറിയവർ ശ്രെഷ്ഠകുലമായ പസൎഗ്ഗദത്തിൽ ഹഖാമനിസ്സ്യർ എ
ന്ന രാജസ്വരൂപം ഉദിച്ചു കുവക്ഷരന്റെ മകനായ അസ്തിയഗൻ മൈദ്യ
ത്തിൽ വാണുകൊണ്ടിരിക്കുമ്പൊൾ ഹഖാമനിസ്സ്യരിൽ കൊരെഷ് എന്നൊരു
യവനക്കാരൻ ചില പാർസി ഗൊത്രങ്ങളെ ഒരുമിച്ചു മത്സരം ഉണ്ടാക്കിച്ചു മൈ
ദ്യരെ സെവിക്കാതെ തുനിഞ്ഞു അസ്തിയഗനെ നീക്കി അവന്റെ സ്വരൂപ
ത്തിൽ വിവാഹം ചെയ്തു — മകനായ ദരിയനെ രാജാവാക്കി അവനൊടു
ഒന്നിച്ചു പ്രകാശവെദത്തെ നടത്തി വലിയ യുദ്ധങ്ങളെയും ചെയ്തു — അവ
ൻ സർദ്ദിസിൽ വാഴുന്ന ലുദനായ ക്രൊയ്സനെ ജയിച്ചു ബദ്ധനാക്കി — അ
സ്യയ സമുദ്രതീരത്തു കുടിയെറിയ യവനരൊടും പൊരുതടക്കുകയും
ചെയ്തു — അനന്തരം മൈദ്യരൊടുകൂടപ്പുറപ്പെട്ടു കല്ദായരെ ജയിച്ചു ബാബെ
ൽ പട്ടണത്തിൽ കയറി രാജാവെ ബന്ധിച്ചു കൊണ്ടുപൊകയും ചെയ്തു (ക്രി
സ്തു. മു. ൫൩൮) ഉമ്രൻ സന്തതിയില്ലാതെ മരിച്ചപ്പൊൾ കൊരെഷ് കല്ദായ മൈ
ദ്യ പാരസികരാജ്യങ്ങൾക്കും ഏകഛത്രാധിപതിയായ്വന്നതിനാൽ യ
ശയ്യപ്രവാചകൻ മുമ്പിൽ അറിയിച്ചതു ഒത്തവണ്ണം അവനെ ഗ്രഹിച്ചു യരുശ
ലെമിലുള്ള ദൈവമായ യഹൊവയുടെ സംസ്ഥാനം തന്നിരിക്കകൊണ്ടു യ

യഹൂദർ സ്വരാജ്യത്തിലെക്ക മടങ്ങിപൊയി പാൎത്തു ദൈവാലയം കെട്ടുവാ
ൻ തക്കവണ്ണം അനുവാദം കൊടുക്കയും ചെയ്തു— ദാൎയ്യമെദ്യന്റെ കാലത്തിൽ
എന്നപൊലെ കൊരെഷിന്റെ വാഴ്ചയിലും ദാനിയെൽ പ്രധാന മന്ത്രിയായി
സെവിച്ചു ഒടുക്കം രാജാവ് വടക്കരായ ശകന്മാരൊടു പൊരുതു മുറിയെറ്റു
മരിച്ചു ൫൨൯. ക്രി. മു.

൪. കമ്പിസനും ദാൎയ്യവുസ്സും—

കൊരെഷിന്റെ മകനായ കമ്പിസൻ വിചാരിച്ചു മിസ്രക്കാർ മുമ്പെ ബാബെ
ലിന്നു തുണയായല്ലൊ ഇപ്പൊൾ നമുക്ക അവകാശം എന്നു കല്പിച്ചപ്പൊൾ മി
സ്രരാജാവ് വിരൊധിച്ചു അതാരെന്നാൽ ഹൊഫ്രയൊടു മത്സരം ചെയ്തു
വാഴ്ചകഴിച്ച അമാസി എന്നൊരു അമ്പീനജൊലിക്കാരൻ ആയവനും യവന
കച്ചവടക്കാരെ വരുത്തി രാജ്യത്തിൽ ദ്രവ്യം വൎദ്ധിപ്പിച്ചതല്ലാതെ ശെഷം ക്ഷ
ത്രിയർ അവമാനം വിചാരിച്ചു നാട്ടിൽനിന്നു വാങ്ങിപൊകപ്പൊൾ യവനപട
ജ്ജനത്തെ ക്രമിച്ചെക്ക ഇത്തന്നാൾ വാഴുകയും ചെയ്തു— ഇവണ്ണം യവന്മാ
രിൽ ആശ്രയിക്കുന്നതിനാൽ മിസ്രക്കാർ രക്ഷയില്ല എന്നത്രെ അമാസിയുടെ
ശെഷം വെഗത്തിൽ അറിവാറായി വന്നു യവനന്മാരുടെ ദ്രൊഹത്താൽ അ
വന്റെ മകനായ പ്സമനിത്ത കമ്പിസനൊടു തൊറ്റു മിസ്രയും കുറെനെയിൽ
കുടിയെറിയ യവനന്മാരും പാൎസിക്കൊക്കു അടങ്ങുകയും ചെയ്തു— അപ്പൊ
ൾ മഹാരാജാവ് ആഫ്രിക്ക മുഴുവനും അടക്കുവാൻ നൊക്കിയപ്പൊൾ ഫൊ
നീക്യർ കൎത്ഥഹത്തിലുള്ള ബന്ധുജനങ്ങളൊടെ നെരെ ഞങ്ങൾ കപ്പലു കരെ
ഉതകുകയില്ല എന്നു നിശ്ചയിച്ചു പറഞ്ഞതുമല്ലാതെ അമ്മൊൻ ക്ഷെത്രത്തെ
ലക്കാക്കി കൊണ്ടുചെന്ന പട്ടാളം ചുഴലിക്കാറ്റിനാൽ മരുഭൂമിയുടെ മണലിൽ
മുങ്ങിപൊയി മൎവ്വിലെക്കയച്ച പട്ടാളം വിശപ്പു സഹിയാഞ്ഞു മടങ്ങിവന്നപ്പൊ
ൾ കമ്പിസൻ അതിപാരുഷ്യമായ കൊപം കൊണ്ടു മിസ്രവിപ്രരെ ഹിംസിച്ചു
തിരുവൃഷഭത്തെ കുത്തി കൊല്ലുകയും ചെയ്തു— താൻ ൫൨൨ ക്രി. മു. മരിച്ച
ശെഷം മാഗർ എല്ലാവരും വിചാരിച്ചു തങ്ങളിൽ ഒരുത്തൻ ഇളയ രാജാ
വ് എന്നു കല്പിച്ചു വാഴിച്ചു എന്നാറെ കമ്പിസൻ കൊല്ലിച്ച അനുജൻ ഇ
വൻ അല്ല എന്നു കുറിയുണ്ടാകപ്പൊൾ പാൎസിപ്രഭുക്കന്മാർ ഏഴുവരും വ്യാ
ജക്കാരനെ കൊന്നു കൊരെഷ് വംശത്തിൽ ആദ്യം ശെഷിക്കാത്തതുകൊ

ഞ്ഞു നമ്മിൽ ഒരുത്തൻ രാജാവാകി വാഴേണം. അഹുരമജ്ദാ തിരിച്ചുവിട്ടുള്ള
വനെ വാഴിക്കട്ടെ എന്നു നിശ്ചയിച്ചു എഴുവരും സൂര്യോദയത്തിന്നു
നെ കുതിരകളെ നടത്തിയപ്പോൾ മുമ്പെ ഹിനെച്ചത് വിസ്താസ്പനായ ദാ
ര്യവുസ്സിന്റെ അശ്വം തന്നെ ആകയാൽ അവൻ വാഴ്ച കഴിഞ്ഞു- മത്സരിച്ച ബാ
ബെലെ അടക്കിവെച്ചു യുരൊപയിൽ കടന്നു ഥ്രാക്യരാജ്യം വശത്താ
ക്കി ദനുവിന്റെ അക്കരെ പട്ടാളം കടത്തി ജംഗമവംശങ്ങളായ ശകരൊ
ടു പൊരുതു അവർ വാങ്ങി വാങ്ങി ദെശം കാടാക്കിയതുകൊണ്ടു ആഹാരാ
ദികൾ മുട്ടി മടങ്ങിപ്പൊകയും ചെയ്തു അക്കാലം വടക്കെ സൈന്ധവരാജ്യം
കൂടെ അവന്റെ കൊയ്മയെ അനുസരിക്കകൊണ്ടു ഹിന്തുസമുദ്രം തുടങ്ങി
ദനുവനദി വക്ഷുത്തവും ആഫ്രിക്ക മരുഭൂമികളൊളവും ഇങ്ങിനെ പൃ
ഥിവിയിലുള്ളവരെല്ലാവരും ഒരു രാജാവെ സെവിച്ചു രാജാവ് നാട്ടുതൊ
റും നിയൊഗിച്ചു വെച്ച ക്ഷത്രപന്മാർ കാലത്താൽ നിശ്ചയിച്ച കപ്പം തെ
ാണ്ടുവരുത്തുപായത്താലും ചെയ്ക എങ്ങിനെയുള്ള മഹാരാജ്യത്തൊടു മറുത്തു നില്പാ
നായി യുരൊപയിൽ യവനന്മാർ ചിറ്റാസ്യയിലെ യവനന്മാരെ ഉത്സാഹി
പ്പിച്ചു സഹായിച്ചതിനാൽ പൂർവ്വരാജ്യത്തിന്നും പശ്ചിമദിക്കിൽ ശ്രെഷ്ഠ
വംശത്തിന്നും യുദ്ധകൊലാഹലം ഉണ്ടായി-

യവനന്മാർ

൧. പടിഞ്ഞാറെ ദിക്കിലെ പുരാജാതികൾ

യുരൊപഖണ്ഡങ്ങളെല്ലാം ആസ്യാഫ്രിക്കിന്നു- ഉപഖണ്ഡത്തിന്നു ഉല്ല
ഹിമനഗമലകളെകൊണ്ടു തെക്കും വടക്കുമുള്ള രണ്ടംശം ഉണ്ടാകയാൽ
കിഴക്കുനിന്നു പുറപ്പെട്ടു രണ്ടു വഴിയായി വന്നവർക്കു വളരെ ഭെദം ഉണ്ടാ
യി തെക്കെ മൂന്നു അർദ്ധദ്വീപുകൾ ഉണ്ടായതിൽ യവനക്ഷെത്രവും ഇതല്യ എന്നീരണ്ടു
രാജ്യങ്ങളിൽ ഉള്ളും നിറഞ്ഞുവന്നത് പെലസ്ഗർ എന്നെ സ്പാന്യയിൽ പുരാണ
ജാതികൾ ഇബെരർ എന്നും ബസ്കർ എന്നും നാമധെയം ഉണ്ടു- കരിങ്കടൽ
തുടങ്ങിയ ഉത്തരദിക്കിൽ ചുരരും ഥ്രാക്കരും പണ്ടെ വസിച്ചത്- യുരൊ
പയുടെ വടക്കെ പാതിയിൽ മുമ്പെ പ്രവെശിച്ചുവാൽ തഗാലർ കെല്ത്ത
ർ തന്നെ അവർ റെനൻനദിയുടെയും ഹിരന്നപർവ്വതത്തിന്റെയും
ഇടയിൽ കുടിയിരുന്നു ബ്രിത്ത്യയിലും നിറഞ്ഞു ബ്രിത്താനിയരും ഗാഗ

ങ്ങാകകാക്കും ചെക്കു — റൈൻതടങ്ങിൽ വിസ്തുലയോളം ഗൎമ്മാനരുടെ പാ
ൎപ്പു അവരുടെ വഴിയെ ചെന്നത സ്ലാവർ — സൎമ്മത്തർ — ശകന്മാരും എന്നു മൂന്നാ
മത വടക്കൻ പരിഷ — ഇവരെല്ലാവരും കിഴക്കെ ദിക്കവിട്ടു ദിഗ്യാ
ത്രയായി പല പുത്രമകൾ നിറഞ്ഞ രാജ്യങ്ങളിൽ കുടിയേറുക കൊണ്ടു
പിതാമഹന്മാരുടെ പാരമ്പൎയ്യം ഒക്കയും മാഞ്ഞു പോയി സംസാരഭേദമു
ന്നതക്കവണ്ണം പുതിയ മതങ്ങളും അന്നവസ്ത്രാദികളിൽ ഏറിയ ആചാര
ങ്ങളും സംഭവിക്കയും ചെയ്തു — വഴിയെ ചെല്ലുന്നവർ മുമ്പെ കുടിയേറിയ
വരൊടു തട്ടി പൊരുമ്പോൾ യുദ്ധം ഉണ്ടാകും സുഖഭോഗങ്ങൾ കുറഞ്ഞിരിക്ക
കൊണ്ടു ആലസ്യം കുറഞ്ഞും പോരിൽ ക്രൌൎയ്യവിശേഷവും വന്നു — ഈ പ്രകാര
മുള്ള വംശയാത്രകളും കലഹങ്ങളും തെക്കെ ദേശങ്ങളിൽ അധികം
ഉണ്ടായിരിക്കയാൽ യുരോപദേശത്തിൽ ആചാരഭേദങ്ങൾ എണ്ണ
മില്ലാത്തോളം ജനിക്ക കൊണ്ടു നാനാവിധമായിട്ടുള്ള ചരിത്രം കൊണ്ടു
ണ്ടതിന്നു അധികം ഹേതുക്കളുണ്ടായി ഒരൊ കുലങ്ങളും രാജ്യങ്ങളും ഉണ്ടാ
കയും പൂൎവ്വശത്രുത്വം അതിന്നുതക്കവണ്ണം ദിവസേന ഒരൊന്നു വിരുദ്ധങ്ങളായി വൎദ്ധി
ച്ചുവന്നതു കൊണ്ടു ഇതു സ്വഭാവത്തിൽ കാനാ പൊലെ പുരാണമുള്ള
ദൂകളെ ധരിച്ചു ഇളകാതെ നില്ക്കുമ്പോൾ പൊവാൻ ഒട്ടും സംഗതി വന്നില്ല —

൫. യവനഭൂമി —

അല്പമാകുള്ള ദേശത്തിൽ നാനാവൃത്തിഭേദങ്ങൾ ഉണ്ടാകേണ്ടതിന്നു യവ
നന്മാൎക്കു വംശയാത്രകളല്ലാതെ ഭിന്നഭിന്നമായ ഭൂമിരൂപവും സംഗതിവ
രുത്തിയിരിക്കുന്നു ഭൂമിചിത്രപത്രത്തിൽ നോക്കിയാൽ അതിന്റെ അനേക ശാഖ
കൾ കടലിൽ നീണ്ടതാകകൊണ്ടും സമുദ്രം ഏറിയ മുനകളിൽ ഉൾപ്പുക്കു ക
രയെ ഖണ്ഡിക്കയാൽ ഈ പ്രകാരമാകകൊണ്ടും പൎവ്വതശാഖകളും കടലിൽ
കൂടും എണ്ണം ഏറ്റു ഉണ്ടെന്നാൽ അത്രയും നാട്ടുകൂറു നാട്ടുവിശേഷങ്ങളും ഉ
ണ്ടു — പെലൊപനെസ്സ് എന്നൊരു അൎദ്ധദ്വീപു തെക്കിൽ മുഖ്യമായിരുന്നു
ടഞ്ഞൊരെ താണെ മണ്ണുള്ളവും തെക്കൊട്ടുള്ള കുന്നുള്ള മലദേശങ്ങളും
കാട്ടുമലനിറഞ്ഞ തെക്കെനാട്ടും വടക്കു മലരുകളുമുള്ള ഇരിവെട്ടും ഇങ്ങിനെ
വിധമായ പ്രദേശമുള്ളതു — അതിന്റെ വടക്കിൽ തണ്ടെത്തുകയാൽ
ൽ കൂടി വടക്കെ പൊകാൽ ഒക്കാ — പാൎന്നസ്സ — ഹെലിക്കൊൻ — കിതെരൊൻ

ന്നിങ്ങിനെയുള്ള ശിഖരങ്ങളുടെ നാലുപുറവും മലനാട്ടുണ്ടു — കൊവാത്തിസ
രസ്സിന്ന ചുററും ചളിയും മണ്ണും ഊറക്കൂടി നാട്ടും സമുദ്രകടൽ മട്ടിക്കൽ
കല്ലും പാറയും പ്രധാനമാക്കി കാണും പന്നിന്ന അവിടിഞ്ഞൊരെ മഹാവന
വും ഒക്കെക്കാവടത്തെപ്പൊഴെ ഒഴുകുന്ന പശ്ചിമക്കൂറായ കുഴിനാട്ടുമുണ്ടു
ററെവിണ്ഡഭൂമിയുടെ പൂൎവ്വപശ്ചിമഭാഗങ്ങളിലും ഹെല്ലാസ്യ ഇതാല്യ ഇങ്ങി
നെ രണ്ടു അയല്പക്കത്തൊട്ടും സംബന്ധത്തെ ഉറപ്പിക്കുന്ന തുരുത്തികൾ
ഞെറകുന്നു — തെക്കെ അററത്തെ മഹാസമുദ്രം മിക്കുന്ന വടക്കൻ അതിലെ പറക്കു
ന്നദേശവനിതിപ്രദെശങ്ങൾ ഇങ്ങിനെ യവനമാകുന്ന അൎദ്ധദ്വീ
പിൻസ്വഭാവം —

൫൭., പെലസ്ഗർ

ആ രാജ്യത്തിലെ പുരാണനിവാസികൾ നാനാജാതികളായി പിരിഞ്ഞു
വൊക്ക പെലസ്ഗർ തന്നെ അവർ അൎക്കാദ്യ മുതലായ മലപ്രദെശങ്ങളിൽ
ആട്ടുമാട്ടു മുതലായ കൂട്ടങ്ങളെ മെയിച്ചും ബൊയൊത്യ ആൎഗൊസ്സ് സമഭൂമി
യിൽ ക്യ്രാൻ എന്നിങ്ങിനെ ഉള്ള ഉചിതദെശങ്ങളിൽ കൃഷിചെയ്തു വലിയ പാ
റഖണ്ഡങ്ങളെ കൊണ്ടു വാട്ടം ഇല്ലാത്ത മതിലുകളെയും മററും കെട്ടിച്ചും
കാണുവസിക്കും വൃത്തിക്കതെക്ക പരദെവതകളും ഉണ്ടു അൎക്കാദ്യർ ഗൊരക്ഷ
കനായ ദെവനെയും കൃഷിക്കാർ ഫലപ്രദയായ ഭൂദെവിയെയും മഴ
യെ നല്കുന്ന വാനത്തെയും ഉഷ്ണം ഇറക്കുന്ന ആദിത്യനെയും സെവിക്കും വി
ത്തിനെ അടക്കിച്ചു മറെക്കുന്ന അധൊലൊകവും രണ്ടുലൊകത്തിന്നടു
വിൽ സംശയത്തൊടെ മുളെച്ചുവരുന്ന ധാന്യമണിയും കൂട ദെവകളാകുന്ന
ത ദെമാതാ — ദ്യു — പൈളി — ഹാദാ — പസിഫൊന എന്നിവ പഞ്ചമൂൎത്തികളുടെ
പെരാകുന്നത് അതല്ലാതെ ഉറവു — മഴ — മരം — പാറ മുതലായ ഗൊചരങ്ങ
ളും ദിവ്യത്വം പൂണ്ട പ്രകാരം തൊന്നി — ദെവകളുടെ ഇഷ്ടം അറിയെണ്ടതിന്ന
പലവഴികൾ ഉണ്ടു ദൊദൊനയിൽ വെച്ചു മരാമരങ്ങൾ കാററാൽ അശരീരി
കളെ പൊലെ ശബ്ദിക്കുന്നതിനാലും തൂക്കിവെച്ച ചെമ്പുതളികകൾ പുലമ്പു
ന്നതിനാലും ത്രൊഫൊന്യഗുഹയിൽനിന്ന കരെറിവരുന്ന ഉച്ചക്കളാലും ദെ
വഹിതം അറിഞ്ഞുകൊള്ളും വിശെഷിച്ചു ദെല്ഫിയിൽ വെച്ചു ഒരു പിളൎപ്പു
ങ്ങേതത്തിൽനിന്ന പുകപുറപ്പെടുന്ന കാലത്ത പൂഥ്യകന്യക അതിന്മുക്കാലി

വെച്ചിരുന്നതുകൊണ്ടും പരവശക്കാരി പൊക്കപൊൾ വിക്കി വിക്കി വിളി
ച്ചുപറഞ്ഞതിനാൽ പുരൊഹിതന്മാൎക്ക ദൎശനത്തിന്റെ അൎത്ഥം അറിഞ്ഞു
വരും ഇപ്രകാരം ആകുന്നത പെലസ്ഗ്യമതം —

൫൭., കിഴക്കുനിന്നു വന്ന കുടിയെറിയവർ.

പെലസ്ഗരുടെ കാലത്തു മിസ്രകനാൻ എന്ന രണ്ടു രാജ്യങ്ങളിൽ നിന്നു ചില
മഹാലൊകർ യവനദെശത്തെ കടപ്പുറത്ത് ഉപാൎത്ത പ്രകാരം കെൾക്കു
ന്നു മിസ്രിൽ വാഴുന്നവൎക്ക മാറ്റം വന്നതിനാൽ ഇസ്രയെലർ എറിയ പാടുപെ
ട്ടതുമല്ലാതെ മിസ്രക്കാരും നാടുവിട്ടു പൊകെണ്ടിവന്നതിൽ ഒരുത്തനായ
കെക്രൊപ്പ് അഥെനയിൽ വന്നു ചില മിസ്രമൎയ്യാദകളെയും നടത്തി — പി
ന്നെ ദനാവു എന്നൊരുത്തൻ അൎഗ്ഗൊസിൽ ഹെരാ എന്ന ദെവിയെ സെ
വിക്കുന്ന ചില വിശെഷങ്ങളെ വ്യവസ്ഥയാക്കി അവന്റെ മകൾ പെറ്റു
ണ്ടായ പെൎസെവു എന്ന ചൊൽകൊണ്ട വീരരാജാവാകിരുന്നു — ഫൊയ്നിക്യ
ർ പല തുരുത്തികളിലും കടൽപുറത്തും കച്ചവടത്തിന്നായി അങ്ങാടികളും പലവി
ക്കും പാണ്ടിശാലകളെ കെട്ടിപാൎത്തു വിശെഷിച്ചു കദ്മൻ എന്നവൻ ഥെബ
യിൽ വന്നു കൊട്ട എടുപ്പിച്ചു വാണു ആലെഫ് — ബെത് മുതലായ ഫൊയ്നിക്യ
അക്ഷരങ്ങളെ പഠിപ്പിച്ചു കബീർ എന്ന ഫൊയ്നിക്യ പരദെവതകളെയും
യവനദെശത്തിൽ പ്രതിഷ്ഠിച്ചു — അവന്റെ താവഴി അനുഭവിച്ച കഷ്ടസ
മൂഹംകൊണ്ടു കീൎത്തിപ്പെട്ടത് — ഒദിപ്പുരാജാവിന്നും മക്കൾക്കും ഘൊരമായ
ആപത്തു വന്നപ്രകാരം പല നാടകങ്ങളിൽ ചൊല്ലികെൾക്കുന്നു

൫൮., പുതുയവനർ

ക്രമത്താലെ വടക്കെ ദെശത്തിന്നു ചില വംശങ്ങൾ മലവഴിയായി പുറപ്പെട്ടു
താഴ്വരകളിൽ ഇറങ്ങി തെക്കൊട്ടു മനക്കൊണ്ടും പെലസ്ഗരെ നീക്കിക്കളകയും വശത്താ
ക്കികൊള്ളുകയും ചെയ്തു തുടങ്ങി — അയലർ അധീനെക്കാവാട ഒരൊ രാജ്യങ്ങളിൽ കുടി
യെറി ഫിൽപാട്ടിൽ കപ്പലൊട്ടം തുടങ്ങി കച്ചവടത്തിന്നായി കൊറിന്തു പട്ട
ണത്തെ പണിയിച്ചു തുരുത്തികളിലും കടന്നു ആസ്യകരയിൽ ചെച്ചു എറിയ
കവച്ചു കാളെയും ചെക്ക എന്നൊരു ധനസമൃദ്ധിയുള്ള ക്രെതാ ദ്വീപിൽ വാ
ഴുന്ന മിനൊസ് അവരെ ജയിച്ചു താൻ സമുദ്രത്തിൽ ഏകനായി വാണു — അ
വരുടെ ശെഷം വന്ന അകായർ പെലൊപനെസിലും ഫ്ഥ്യൊതിയ്യർ അ —

നപട്ടണത്തിന്റെ നാലു പുറവും വരുന്ന പെലശ്ഗരുടെ ഭൃത്യങ്ങളെന്നല്ലാതെ
മനുഷ്യസാദൃശ്യമുള്ള ദെവകളെ പ്രതിഷ്ഠിച്ചു അകായത്തു ദ്യഷ്നൊ ദെവ രാജാ
വ് പ്രധാനം ക്ഷൊന്ത്ര് ക്ഷത്രിയരെ സൃഷ്ടിച്ചവരെന്നെ സെവിക്കും അകായത്തി
ൽ വാഴുന്ന വെലൊപ്പ് സ്വരൂപം വരുത്തിക്കൊള്ളുന്നു വിക്കെ കൊണ്ടു ഹെരദ്
ത്രീപിന്നെ കൊക്കും പെലൊപനെസ്സു എന്ന പെർ വന്ന അപെനരാജ്യ
ത്തിൽ ക്ഷൊത്രനായ ഫെസ്യതർ ക്ഷെത്രപൊൾ നാലു തറക്കിൽ വൊവ്വുദെ പാ
ർന്ന നാവാട്ടുകാരെ ഒതുക്കിച്ചു അപെനപട്ടണത്തിൽ വസിപ്പാറാക്കി താൻ
കൊക്രൊപ്സ് രാജധാനിയിൽ വാഴുകയും ചെയ്തു — അതല്ലാതെ ചില പ്രാകൃ
കലങ്ങളും അതാതമല ഉച്ചരുവിൽ കുടിയെറി മദ്യദെവനായ ബക്കിനെ സങ്ക
ല്പിച്ചു സെവിച്ചു കൊണ്ടിരിക്കുമ്പൊൾ ഒഫ്യ മുതലായ കവികൾ അവരിൽനി
ന്നുണ്ടായി സ്വരസ്ഥിതി പ്രസാദം കൊണ്ടു ശെഷം ദെശങ്ങളിലും കീർത്തിപ്പെട്ടു
കാവ്യങ്ങളിൽ രസം ജനിപ്പിക്കയും ചെയ്തു —

൬. ൧. പ്രബല വീരന്മാരുടെ കാലം

ഈ പ്രകാരം നാനാ ജാതിക്കാർ യാത്രയായി കുടിയെറിയും അയല്ക്കാരൊടു മ
ത്സരത്തിലും തമ്മിൽ ഉരുമ്മിക്കൊണ്ടിരിക്കുമ്പൊൾ അവകാശ ഭൊഗങ്ങൾ
ക്കസ്ഥിരതവരാതെ കൈയൂക്കുള്ളവൎക്ക് ശ്രെഷ്ഠ്യം ഉണ്ടായി വന്നു അ
ക്കാലത്ത് അതിമാനുഷരായിട്ടുള്ളവർ കരവഴിയായും കപ്പൽ വഴിയാ
യും പുറപ്പെട്ട് നായാട്ടുകളും പൊർമുതലായതിൽ രസിച്ചു കീർത്തിപ്രാപി
ച്ചു അൎഗ്ഗൊ കപ്പൽ കെട്ടി സ്വൎണ്ണചൎമ്മത്തിനായി കരിങ്കടലിൽ ഓടിയതു
യസനായ്ക്കാ സൊൻ ത്രൊയെ രക്ഷപനമിൽനിന്ന തട്ടിത്തുവാണതെന്നു
അതിവിഷമമായ പണികളെ ചെയ്തു ഹെരക്ലാ എന്ന ഒരുവൻ ഇങ്ങി
നെ ഉള്ള വീരന്മാരുടെ പരപ്പിൽ അനുഭവിച്ചു വന്നിട്ടുള്ള വിശെഷങ്ങ
ൾ വിസ്തരിച്ചു വൎണ്ണിച്ചു കിടക്കുന്നു. ദ്വൈപ്യം കുടിയെറിയവർ അടിമയും കുടിമയു
മായി കൃഷി നടത്തുമ്പൊൾ ജയിച്ചടക്കിയ വംശക്കാർ നായകസ്ഥാനത്തി
ലായി പടെക്കും അങ്കക്കളിക്കും മാത്രം ഉത്സാഹിക്കും ഇങ്ങിനെ ഉള്ള സ്വത
ന്ത്രന്മാൎക്കു കുലഹീനന്മാരായ തലവർ ഉണ്ടു അവരിൽ പ്രാഞ്ചി എറിയവൻ
രാജാവെന്ന പെർ എടുത്തു ന്യായം വിസ്തരിച്ചു യുദ്ധത്തിൽ നായകനാ
യി വെണ്ടുന്ന കാലത്തിൽ ജ്ഞെവെന്ത്യനായി കൊണ്ടു ഹൊമിക്കും വെവ്വെറെ

ജാതിക്കു ഐക്യം വരുത്തെണ്ടതിന്നു അവർ തമ്മിൽ അംഫിക്ത്യൊനി
യങ്ങളെ ഉണ്ടാക്കീട്ടു ഒരൊ മുഖ്യ ക്ഷെത്രത്തിൽ കൂടിയ കാലത്തിൽ നിശ്ചയിച്ചു
കുടികളുടെ ന്യായധർമ്മങ്ങളെ രക്ഷിപ്പാൻ ഒരൊ വ്യവസ്ഥകളെ വരുത്തുക
യും ചെയ്തു- അതല്ലാതെ ചെറിയ കലഹങ്ങളും ഇടയൊറുണ്ടാകുമ്പൊൾ ഒന്നി
ച്ചു ചെന്നു കാണുന്ന സങ്കടങ്ങളെ തീർക്കും- അവ്വണ്ണം എല്ലിസ്സിൻ മകനായ
പൊലിനിക്കൻ ദുർജ്യെഷ്ഠൻ പിഴുകിയ ... അർഗ്ഗൊസിൽ വന്നു
രാജാവൊടു അഭയം പറഞ്ഞപ്പൊൾ ഏഴു രാജാക്കന്മാർ ഒരുമിച്ചു കൂടി
ഥെബ നഗരത്തിന്റെ നെരെ ചെന്നു പൊലിനിക്കൻ മുതലായ ഏഴുരാ
ജാക്കന്മാർ യുദ്ധത്തിൽ മരിച്ചശെഷം അവരുടെ മക്കൾ വെറെ ഐക്യം
ചെയ്തു പട്ടണത്തെ ജയിച്ചു കയറി പിതൃമരണത്തിന്നു നിവൃത്തി വരുത്തുക
യും ചെയ്തു- അധികം ജാതികളും തലവരും ഒന്നിച്ചു കൂടുവാൻ ട്രൊയയുദ്ധ
ത്താലെ സംഗതി വന്നു-

൫. ട്രൊയയുദ്ധം

അകയിൽ വെല്ലൊപ്പ്യനായ അഗമെമ്നൊൻ വെലൊപനെസ്യ വടക്കെ
അംശത്തിലും അനുജനായ മെനലാവു ലകദെമൊനിലും വാഴുമ്പൊൾ ട്രൊ
യരാജാവിന്റെ മകനായ പാരിസ് അതിഥിയായി വന്നു മെനലാവിനൊടു കൂ
ട പാർത്ത ശെഷം സത്യലംഘനം ചെയ്തു രാജപത്നിയായ ഹെലെനയെ വശത്താ
ക്കി കൊണ്ടുപൊകയും ചെയ്തു- അതിനാൽ മെനലാവു വളരെ ക്ലെശിച്ചു
പകരം ചെയ്വാനും സുന്ദരിയെ വീണ്ടുകൊൾവാനും എന്തു വെണ്ടു എന്നു ജ്യെഷ്ഠ
നൊടു ചൊദിച്ചാറെ അവൻ താൻ സഹായം ചെയ്തു കൊടുത്തതുമല്ലാതെ
ശെഷം രാജാക്കന്മാരെയും ഒരുമിപ്പിച്ചു നാടുകളിലും ഒരൊ ക്ഷെത്രാമുത
ലായ ദ്വീപുകളിലും സൈന്യങ്ങൾ കൂടി ഒന്നിച്ചു ചെന്നു ട്രൊയക്കാരെ എതിരി
ടുകയും ചെയ്തു- അക്കാലം ട്രൊയക്കു മിത്രരാജ്യത്തിൽ നിന്നു ത്രാ
ക്യർ മുതലായ യുരൊപ്യരും ലുക്യർ കാരിക്കർ മുതലായ ആസ്യരും അ
വർക്കു ബന്ധുക്കളായി നിന്നു ൧൦ വർഷം യുദ്ധം ചെയ്തു ഒടുക്കം കാലം എങ്ങിനെ പ
റയുന്നു- പട്ടണത്തെ പാലിക്കുന്നവരിൽ പ്രിയാമരാജാവിന്റെ വിശ്വാ
സ്തപുത്രനായ ഹെക്തൊർ ദൂഷണനായകൻ ... അകില്ല്യ ...
സ എന്നവൻ ... യവനന്മാർക്കു ...

വന്നവർ തങ്ങളുടെ നായകന്മാരിലേവും എന്തിശ്ശായമുള്ളവനും ജ്ഞാകമി
പുവാഴിക്കായ ഒട്ടവെസ്സവും എന്നെ കൊന്ദശലക്കാരനും മുതലായ രാജാക്ക
ന്മാർ തന്നെ പത്താം വർഷത്തിൽ ഹൈക്കരാദും അതിലെവും പട്ടപോയ
ശേഷം പട്ടണം യവനന്മാർക്ക് ഭസ്സുമാക്കി പോകയും ചെയ്തു — ററ ആയുധത്താ
ൽ ഒരൊ യവനരാജ്യങ്ങൾക്ക് എല്ലാം ഒരു സ്ത്രീത്വം മാത്രം വന്നിരിക്കുന്നെങ്കിലും
ഇന്ത്രിയിരന്മാരും ഗോത്രക്കാരും വളരെ കാലം ഒരു കാര്യത്തിന്നായി ചെ
ന്ന് ഉദ്യോഗിച്ചതിനാൽ അതിന്റെ സ്വരണം ഒട്ടൊഴിയാതുള്ള യവനന്മാ
ർ ഐക്യത്തിന്നു മുഖ്യമാക്കിചമഞ്ഞു —

൫൦., ഗോരിയരുടെ യാത്ര

യവനവർഗ്ഗങ്ങൾ ഒത്രായത്തിൽനിന്നു മടങ്ങി വന്ന ശേഷം ഗോരിയവംശം
ആക്രമിച്ചു മുൻപരാക്രമികൾ പണ്ടെ വടക്കുതലക്കിൽ വാണവരെല്ലാം ചിത്തിരി
യർ ക്രിതമതിയിൽ ആധിക്യം പ്രാപിച്ചു ചിലർ മക്കാ ഒരോദ്യ ദേശത്തെ അട
ക്കി ചിലർ ദെല്ലിയിൽ വെച്ചു അപ്പൊള്ലൊ ദേവനെ പ്രതിഷ്ഠിച്ചു സർവ്വം
ശത്തിന്നും അരുളപ്പാട്ടു നല്കുന്ന പരദേവതയാക്കിയ ശേഷം മറെറ ഗോരി
കർ തെക്കു ലബാ ഒയാത്ര നാട്ടുകളെ വശത്താക്കി കുടിക്കെറി ക്കുത്രമല്ലാതെ
അക്കയർനിക്കിട്ടുള്ള ഹൊരക്കുരാജപുത്രന്മാർ ഗോരിയരെ ചെന്ന് അഭയം
ചൊല്ലി തങ്ങളെ പൊലെ വനെസിൽ വാഴ്കെ കൊണ്ടിരുന്നു ആ ഒപ്പൊരെ സൈ
ന്ന്യ അപെക്ഷിച്ചാറെ അവർ പലപ്പൊഴും അജ്മീരിനെ അതിക്രമിച്ചു
൧൧൯൦ ക്രി. മു. മി ക്ഷത്രം അടക്കി വാഴുകയും ചെയ്തു — അപ്പൊൾ അജ്മീ
രുള്ള അക്കയർനിങ്ങൾ പൊക്കി ഒയാദ്ധ്യരെ വടക്കുനാട്ടിൽനിന്നു ആട്ടിക്ക
ളഞ്ഞു വാണു — ലഗ്ഗൊന്ത്യത്തിലെ അകയർ ക്രമത്താലെ അടങ്ങി ഹൊരക്കിയ
ർ മെഗ്ഗൊന്ത്യത്തിൽ ആഗ്രൊല്യവംശം ചിട്ടത്തിൽ ഒട്ടുക്കും മലക്കുകളുടെ അക്കത്തു
കയറി നാട്ടും കുന്നും ഉണ്ടാക്കിയൊളിച്ച ശേഷം അജ്മീരിൽ എങ്ങും ഗോരി
യർ ഒത്തിന്ന്യം വരികയും ചെയ്തു അപ്പെനത്തിലുള്ള ഒയാദ്ധ്യരും കൂട
ഗോരിയരെ ഒത്തിന്നു നന്നിക്കൊണ്ടിരുന്നപ്പൊൾ അവരുടെ രാജ്യം
വായക്കൊണ്ടുൻ മന്ദപ്രഷ്ഠമാക്കി മരിച്ചതിനാൽ അത്രെ രക്ഷ വന്നു ശത്രു
സേനപൊലെ വനെസിൽ മടങ്ങിപൊകയും ചെയ്തു —

൫൧., ഹിന്ദുസ്ഥാനത്തിലെ കുടിയിരിപ്പുകൾ

ദൊറിയർ വരുന്നതിന്നു മുമ്പെ രാജകുഡുംബങ്ങൾ നിമിത്തം ഐയൊല്യർ ബൊ-
യൊത്യർ മുതലായവർക്ക് ഇവിടെ സുഖവാസമില്ല എന്നു കണ്ടു കൂട്ടമായി ദി-
ക്ഷുമാർ പട പ്രിയ ഭ്രാഷ്കാരത്തിൽ ഇറങ്ങി പല പട്ടണങ്ങളെയും പണിയി-
ച്ചു ലെസ്ബൊസ് ദ്വീപിൽ മിത്തിലെന നഗരത്തെ പ്രധാനമാക്കുകയും ചെയ്തു—
ഈ പ്രകാരം പെലൊപനെസിൽ വാണിരുന്ന ഇയൊന്യരും അത്തിക്കിൽ പാർ-
ത്തിട്ടു ഞെരുങ്ങിയവർ കണ്ടു ആസ്യയിൽ കടക്കേണമെന്നു വെച്ചപ്പോൾ
കൊദ്രന്റെ ശെഷം ഇനി മെലാൽ രാജാ വരുത് എന്നു അഥെന്യർ സമ്മ-
തമായി വരികകൊണ്ടു രാജപുത്രന്മാരിൽ ഉള്ളവർ ഇയൊന്യക്കൂട്ടരെ
നിലത്തിയ കടപ്പുറത്തിറങ്ങി സാമു- ഖിയ- ദ്വീപുകളിലും മിലെത്- എഫെ-
സ്സു മുതലായ പട്ടണങ്ങളിലും കുടിയേറുകയും ചെയ്തു— അനന്തരം ദൊറിയരും
പെലൊപനെസ്സിലെ ഞെരുക്കം നിമിത്തം പലകാലം പൊറുത്തിരിക്കയാൽ ചിറിയാ-
സ്യദെശം പറ്റി ആണ്ടു ചിറിയാസ്യയുടെ തെക്കെ മുനമ്പിൽ കാറിയയിൽ നിന്നും
ക്രൊ- രൊദു ദ്വീപുകളിലും സ്വന്ത പാർപ്പുകൾ ഉണ്ടാക്കുകയും ചെയ്തു— ഇപ്ര-
കാരം ചിറിയാസ്യയുടെ പടിഞ്ഞാറെ തീരത്തിൽ എങ്ങും നാനായവനവം-
ശങ്ങൾ കുടിയിരുന്നതിൽ വടക്കരായ ഐയൊല്യർ സാധാരണ ക്രമം
ഒന്നും കല്പിക്കാതെ വെവ്വെറെ പാർത്തു ദൊറിയർ അപ്പൊല്ലൊ ദെവന്നു
ഹലികർന്നസ്സിൽ ഒരു മൂലസ്ഥാനം ചമെച്ചു അതെ ഇയൊന്യം പല സ്വത്തുവും സമ-
യവും ചെയ്തു ഒന്നിച്ചു വാണു മദ്ധ്യസ്ഥരായി ൧൨ ഇയൊന്യപട്ടണങ്ങളും തെ-
കാപിച്ചു വരുണന്റെ ക്ഷെത്രത്തിൽ അന്യൊന്യം സഭ കൂടിക്കൊണ്ടു വാഴുക-
യും ചെയ്തു— അവരുടെ രാജ്യത്തിൽ തന്നെ ഹൊമെർ എന്ന കവി-
ന്ദ്രൻ ക്രി. മു. ത്രൊയ യുദ്ധത്തെയും രാജാക്കന്മാർ മടങ്ങി പൊയ പ്രകാ-
രത്തെയും രണ്ടു ഇതിഹാസങ്ങളാക്കി ചമെച്ചു എല്ലാ യവനർക്കും അതിന്റെ
ഒച്ചയെ സ്ഥിരമാക്കുകയും ചെയ്തു— അതിന്റെ ശെഷം ഐയൊല്യരിൽ വെ-
ച്ചു ഹൊസിയൊദ് കവി ദെവകളുടെ ഉല്പത്തിയെയും കൃഷി മുതലായ ധ-
ർമ്മ്യധർമ്മങ്ങളെയും ശ്ലൊകങ്ങളിൽ വർണ്ണിച്ചുകൊണ്ടിരുന്നു—

൫൨. ശരയൊസ്ഥാനങ്ങൾ

ദൊറിയർ പെലൊപനെസിൽ കുടിയിരുന്ന ശെഷം വടക്കുനിന്നു ഉണ്ടാ-
കും ആക്രമം ഉണ്ടാകായ്കയാൽ എങ്ങും അവിടവിടെ കൂട്ടമായവർ സ്ഥി-

ൽ പിണങ്ങിയതിനാലും ഒരൊദിക്കിൽ ജനപുഷ്ടി എററം വൎദ്ധിച്ചതിനാലും
ലാഭം വരുത്തുന്നൊരു കച്ചവടം എങ്ങും വ്യാപിച്ചതിനാലും ഒരൊ കൂട്ടികൾ സമൂ
ഹമായി അന്യരാജ്യങ്ങളിൽ കടന്നു പുതുപട്ടണങ്ങളെ എടുപ്പിച്ചും മററ
വർ എടുപ്പിച്ച ഉരൊ നഗരങ്ങൾ അടക്കിവാണും കൊണ്ടിരുന്ന പ്രകാരം ൧൦൦൦-
ത്തൊളം വത്സരങ്ങളൊളം ഒരൊ യവനജാതികൾ ശാഖാസ്ഥാനപട്ടണ
ങ്ങളെ എടുപ്പിച്ചുകൊണ്ടതിനാൽ പല പല ഭാഷകളിൽ അവൎക്കാധിക്യം
വന്നതൊരിയൎമിക്കയാലും തെക്കെ ഇതാല്യയിൽ ചെന്നു രെഗിയൊ-ത
രന്ത- മുതലായ പട്ടണങ്ങളിൽ കുടിയെറി സിക്കില്യദ്വീപിൽ സുരക്രൂസ്-
മസ്സാനാദികളും അവൎക്കുള്ളതായി അന്യദ്വീപുകളിലും ഇത്രത്തൊളം അവൎക്കാ
ധിക്യം ഉണ്ടായതുമല്ലാതെ ത്രാക്യയിൽ ബിജന്തം മകെദൊന്യയിൽ ഒലു
ന്തം മററും ഉണ്ടു പിന്നെയും ആഫ്രിക്കാതീരത്തു കുറെനയും കിലിക്യാകടപ്പുറത്തു
തൎസ്സും അവൎക്കുള്ളതശെഷം യൊന്യർ ക്രെതഒഴിച്ചു അയ്ഗെയ്യദ്വീപു
കളൊക്കയും വശത്താക്കി ഫൊക്കയ്യർ മുതലായ മാസലികാ ഊരെ തീൎക്കി
യതിനാൽ ഇറൊപ്യയിലുള്ള പട്ടണങ്ങളൊടു വളര കച്ചവടം നടത്തി വി
ശെഷിച്ചു മിലെത്ത വ്യാപാരികൾ കരിങ്കടലിൽ എങ്ങും കപ്പലൊടിച്ചു സ
ഞ്ചാരം വൎദ്ധിപ്പിക്കയും ചെയ്തു- യൊന്യർ ഗാലരാജ്യത്തിലെ മസ്സില്യതുറമു
ഖവും ഇതാല്യയവനന്മാർ സ്വാന്ത്യപട്ടണമായ സുഗന്തം പണിയിച്ചു വാണതി
നാൽ മദ്ധ്യതറാന്യസമുദ്രത്തിൻ തീരത്തിലിരിക്കയാലും യവനാചാരവും മതഭാ
ഷാദികളും പ്രമാണമായി വന്നു—

൫ാം യവനമതം

യവനന്മാർ എത്ര വംശങ്ങളായി പിരിഞ്ഞുപൊയിട്ടും എത്ര രാജ്യങ്ങ
ളിൽ പരന്നു എന്നിട്ടും പുറത്തുള്ളവരെ എല്ലാവരെയും ബൎബ്ബരർ എന്നു നി
ന്ദിച്ചു യവനഭാഷ പറഞ്ഞവൎക്കെല്ലാവൎക്കും ഹെല്ലെനർ എന്ന സ്തുതിനാമം
എടുക്കയും ചെയ്തു- നാനാവംശങ്ങൾക്കുള്ള നാനാഗുണവിശെഷങ്ങൾ ഇട
കലൎന്നു പൊയതിനാൽ ഒരൊന്നിന്റെ സാരാംശം എടുത്തുകൊൾവാനും
വിപരീതങ്ങളുടെ ശൊഭയൊടെ നിരത്തുവാനുള്ള വരം ഹെല്ലെനജാതി
ക്കു തന്നെ ഉണ്ടായി രസശുഭമായ യൊഗ്യതയെ അവരുടെ സമസ്തവൃത്തി
കളിലും കാണാം- അവരുടെ ദെവമതവും അപ്രകാരം തന്നെ പെലസ്ഗരുടെ

ദെവകളെ പഴയെ വന്നിട്ടുള്ള കുലങ്ങൾ നിന്നു അവററിന്റെ ഗുണവിശെ
ഷങ്ങളെ മാത്രം തങ്ങൾ സ്ഥാപിച്ച മൂർത്തികളിൽ സമർപ്പിച്ചു കല്പിച്ചു എല്ലാ
ദെവകൾക്കും അതിമാനുഷരായ മനുഷ്യരത്രെ എന്നും ഭൂതാദികൾ
മാത്രം അല്ല ബുദ്ധിജ്ഞാനം മുതലായ മനുഷ്യവിചാരങ്ങളെക്കും കൂട അവർക്കു
ഒരൊ മൂർത്തികളെ കല്പിച്ചമെക്കും ആ ദെവകൾക്കു സർവ്വശക്തിക്കും യാതൊരു വ്യ
പൃമില്ല വിവിധജന്മങ്ങളെ അത്രെ ദെവകൾക്കെല്ലാവരും പ്രമാണിച്ചുവരെണ്ടു
വെവ്വാര തപസ്സുകളും സഹസ്രകൈകളും അനന്തഭൊഗവിശെഷങ്ങളും
എന്നിവകം എല്ലാം യവനന്മാർക്കില്ല സുഖദുഃഖങ്ങൾക്കും പ്രവൃത്തി നിവൃത്തി
കൾക്കും യൊഗ്യമായിട്ടുള്ള മാത്രക്കും അവധിയും നിശ്ചയിച്ചു കല്പിക്കും പാപ
ത്താൽ വരുന്ന അരിഷ്ടതയെ നീക്കെണ്ടുന്ന അല്പമായൊരു പ്രായ
ശ്ചിത്ത പുണ്യാഹയാഗങ്ങളും മറ്റും എന്നു കല്പിച്ചു ഒരൊ കുലത്തിന്നുള്ള
വിശെഷമൂർത്തികൾ എല്ലാവർക്കും പൊതുവിലാക്കി അകയർ സെവിച്ചു
വും യൊന്യർക്കുള്ള വരുണനും അയനത്തിലുള്ള പല്ലാസും ദൊരിയരുടെ
അപ്പൊല്ലാവും പ്രാക്രർ വിചാരിച്ചപ്പെയും ഇവർ എല്ലാ യവനന്മാർക്കും
ഒരുപൊലെ പ്രമാണമായി വന്ന ശെഷം ഒരൊരുത്തരും നാട്ടും അവററിന്നു
വെവ്വെറെ അഭിധാനവും പ്രഭെദങ്ങളും സ്ഥലപുരാണങ്ങളും ചമെ
ച്ചതാന്താങ്ങൾക്കു പരദെവതകളെ ആക്കുകയും ചെക്കു ദെവവിത്തം
അറിയെണ്ടതിന്നു പെലസ്ഗർ ദൊദൊനിലും ദൊരിയർ ദെല്ഫിയിലും
ചൊദിച്ചിട്ടുണ്ടായിരുന്ന അവിടത്തെ ദൈവൊത്തരം പിന്നെ എ
ല്ലാ യവനവംശങ്ങൾക്കും ഒരുപൊലെ സമ്മതമായി പണ്ടു അകായർ ഒലു
മ്പിയ കിഴക്കു ന്ദ്യ വിന്ന വയങ്ങൾ യുദ്ധാഭ്യാസക്രീഡകളും കൊണ്ടാടി വന്നാ
പ്പൊൾ ദൊരിയർ മുതലായ യവനന്മാരും നാനാജാതികളിൽ ഭെദം കൂ
ടാതെ അവിടെ ചെന്നു ഉദ്യോഗിക്കും അപ്രകാരം വെവ്വെറെ ദെശങ്ങളി
ലും ഒരൊരൊ ദെവനാമം ചൊല്ലി തെൻ-ക്കതിര മുതലായതകൊണ്ടു കളിച്ചു
വിജയശ്രുതിനെടെണ്ടതിന്നു എല്ലാ യവനന്മാർക്കും ഐക്യമായി
വന്നു —

൭൪, യവനന്മാരുടെ ആചാരശിക്ഷ-

നാനാ കുലങ്ങൾ തമ്മിൽ നിരന്നു ഒരുമിച്ചു വരുവൊളം എല്ലാനർക്കും ഒരു ചാ

[illegible]

[illegible] ഭാഷാസംസ്കാരക്രമം.

[illegible]

ന്നാക്കു മാത്രമായിട്ടിയ രാജ്യവ്യവസ്ഥയൊരാക്കുന്നതോ പൂർവ്വന്മാർ സം
സ്ഥാനക്രമത്തെ ഭേദിക്കുവാൻ ഇത്രം വിചാരിക്കുമ്പോൾ — ദ്രോഹയുദ്ധം
നടക്കുന്ന കാലത്തിങ്കൽ ഒരൊരൊ ദേശത്തിൽ രാജാക്കന്മാർ ഉണ്ടായിരുന്നവരെ
ന്ന ക്രമത്താലെ ഒരോ രാജ്യത്തിൽ രാജ്യഭാരം ഒട്ടും പൊയിരുന്നതു പോലെ നമ്മി
ൽ കൊണ്ടുവന്ന ശേഷം രാജ്യം രക്ഷിപ്പാൻ ഇനി മെലും മാത്രമല്ലാതെ എല്ലാ
വരും നിശ്ചയിച്ചു രാജാവു കൂടാതെ വാണുകൊണ്ടു അവരവരുടെ ദിക്കിൽ [illegible]
നിന്നു രാജാവായി മറ്റുള്ളവരൊടു ബന്ധുദ്രോഹം ചെയ്തുകൊണ്ടു പ്രജകളുടെ
സഹായത്താൽ മറിച്ചു രാജസ്ഥാനവും ഇല്ലാതെയാക്കി ഇങ്ങനെയും കൊണ്ടും
ബലം കൊണ്ടും ഒരൊരൊ രാജസ്വരൂപം മുടിഞ്ഞ ശേഷം സ്വത്തിൽ മാത്രം ഉള്ള
ക്കുള്ള ഏതാനും ധനം ദാതാവ് രാജസ്ഥാനം ഉണ്ടാക്കിയിരിക്കുന്നു രാജാധികാര
ത്തെ മാത്രം നന്നാക്കുന്നു എന്നു കല്പിക്കയും ചെയ്തു — അന്നു തുടങ്ങി രാ
ജാക്കന്മാർ മറഞ്ഞ ശേഷം ഉണ്ടായ വ്യവസ്ഥാഭേദങ്ങൾ എണ്ണമില്ലാതെ
ഉം സംഭവിച്ചു അക്കാലത്തിൽ ഒരൊ ഊരുകാർ ഇങ്ങനെ പൊലെ ഊരിനെ രക്ഷി
ച്ചു കൊള്ളും ഊരുകൾ തമ്മിൽ ഒരൊ ബാന്ധവം കല്പിച്ചു നാട്ടു സമമായി ഭരി
ക്കും അങ്ങനെ നാട്ടിലെ ഊരുകൾക്കു ഒരു വ്യത്യാസം കൂടാതെ തുല്യമായ അധികാ
രം ഉണ്ടെങ്കിലും ചില ഊരുകളിൽ വെച്ച പട്ടണത്തിന്നു പ്രാധാന്യം ഉണ്ടാകി
അങ്ങിനെ നാട്ടിലെ പട്ടണങ്ങൾക്കു അന്യോന്യ സംബന്ധമില്ല ശേഷം നാട്ടുകളിൽ ഒ
രൊ നഗരത്തിന്നത്രെ നാട്ടുവാഴ്ചക്കു അധികാരം [illegible] ആ നഗര
ത്തിൽ [illegible] മുള്ളവർ തങ്ങൾ [illegible] ദൈവിക വംശ
ങ്ങൾക്കും [illegible] വംശങ്ങൾക്കും [illegible] ഉള്ള സ്വ
തന്ത്രവംശങ്ങൾക്കു [illegible] ഉണ്ടു ഈ പ്രകാരം [illegible] കാ
ലം നടത്തിയപ്പൊൾ [illegible] ക്രമത്താ
ലെ [illegible] കാരണം [illegible]
[illegible] വംശങ്ങളെ പോലെ [illegible]
വാഴുവാൻ [illegible] ൧൦൦ [illegible] ഒരൊ പ്ര
ഷം അവൻ മാതാവെയും ഭാര്യയെയും ഗുരുജനങ്ങളെയും കൊന്നി
ട്ടു പുതിയ ദൊഷങ്ങളെ ദിവസെന വിചാരിച്ചു രാജ്യാവസ്ഥകളെ നൊ
ക്കാതെ തെരുവിലും നടഗായകനായി നടിച്ചു ജനങ്ങളെ രസിപ്പി
ച്ചു പുറനാട്ടിലും ചെന്നു ലജ്ജ കൂടാതെ തന്റെ കളികളെ കാട്ടി നടന്നു
ഒരു സമയം അവൻ റൊമാപട്ടണത്തെ ഭസ്മമാക്കിയാൽ നല്ല
തി കാണും പുത്തനാക്കി പണിചെയ്താൽ അത്യന്തകീർത്തിയും ലഭിക്കും എ
ന്നു നിനെച്ചു പട്ടണത്തെ പല ദിക്കിൽ കത്തിച്ചു ചൊലനൊക്കി
കൊണ്ടു പാടുതുള്ളിയാറെ ജനങ്ങൾ ഇതു കൈസരുടെ പണി എന്നുള്ള
ശ്രുതിയെ പ്രമാണിച്ചു കൊപപരവശന്മാരായി പൊകിയതുകൊണ്ടു
നെരൊ ഇതിനെ ചെയ്കത് ക്രിസ്ത്യാനർ എന്ന പുതുമതക്കാരത്രെ സ

മനുഷ്യരൊടിക്കും അവർ ശത്രുക്കളല്ലൊ എന്നത്രെ ചെയ്തു- നൂപെ
ത്തുള്ള എല്ലാവരെയും പുരുഷാരത്തിന്റെ രക്ഷാർത്ഥം ഒട്ടു വലഷി
ധനം കൊള്ളിക്കയും ചെയ്തു- എന്നിട്ടും ഗൂരൊക്ഷാ പെൽസുന്ദരനും ദാന
ശീലനുമാകകൊണ്ടു ചിലരൊടികൾ മിക്കവാറും അവനെ മാനിച്ചു
മഹാലൊകരൊടവന്റെ ക്രോധവും അനുഗ്രഹവും സഹിയാതെ
തമ്മിലപ്പൊൾ കലഹിച്ചു എങ്കിലും അവനെ നീക്കുവാൻ കഴിവുവന്നി
ല്ലന്നു ൬൮ ക്രി- അ- സ്വാന്യരാജ്യത്തിലെ ഗണങ്ങൾ മത്സരിച്ചു സെനാ
തിയായ ഗല്ബാവെ കൈസരാക്കി രൊമപുരമാലക്കാരും അതിനെ
സമ്മതിച്ചു നെരൊ താൻ മരണം വിധിക്കപ്പെട്ടു അവനെ പിടിച്ചു കൊ
ല്ലെണ്ടതിന്നു ഉഴച്ചു പട്ടണത്തിൽ കലഹം ഉണ്ടായപ്പൊൾ നെരൊ
ഒടിപ്പൊവാൻ ഭാവിച്ചു അവതില്ലെന്നു കണ്ടു ഒരു ശൂരി വാൾ കൊണ്ടു തന്റെ
ഞെഞ്ഞൊടു സിധ്യാൻ മതിയാകുന്നവനെ പറഞ്ഞു തന്നെ കുത്തി ൩൧ വയ
സ്സുള്ളവനായി മരിച്ചു കളകയും ചെയ്തു- ഇങ്ങിനെ യൂല്യൻ കൈസരു
ടെ വംശം ഒടുങ്ങി അവന്റെ സ്ഥാനവും അധികാരവും ഗല്ബാവിന്റെ
കൈക്കൽ വന്നു കൈസരെന്നും ഔഗുസ്തനെന്നും ഉള്ള പെരുകൾ
അന്നുമുതൽ രൊമചക്രവർത്തികൾ എല്ലാവർക്കും മാനനാമങ്ങളാക്കി
തീർന്നു—

൩. നെരൊവിന്റെ അനന്തരവന്മാർ—

നെരൊവിന്റെ മരണം രാജ്യസുഖത്തിന്നല്ല ഏറിയ കലഹങ്ങൾക്കും
നാശങ്ങൾക്കും അത്രെ ആരംഭമാകിതീർന്നു അവന്റെ ചങ്ങാതിയായ ഒ
ഥൊ സിംഹാസനം മൊഹിച്ചു ഗല്ബാവെ വിരസിക്കുന്ന പക്ഷക്കാരെ ചെ
ർത്തു കലഹിച്ചു അകമ്പടിക്കാർക്കു സമ്മാനം കൊടുത്തു അവനെ കൊല്ലിച്ചു
കൈസരായി സിംഹാസനം ഏറി വാഴുകയും ചെയ്തു- അനന്തരം ഗര്മാന്യ
രാജ്യത്തിലെ ഗണങ്ങൾ മത്സരിച്ചു ഗല്ബാ മരിച്ചു എന്നറിയാതെ അവി
ടെക്കിരി സെനാപതിയാകവിതല്യനെ വാഴിക്കെണ്ടതിന്നു റൊമാപ്പു
ക്കു യാത്രയായി വഴിക്കൽ വെച്ചു രൊമക്കിന്നുണ്ടായ കലഹങ്ങളുടെ വ
ർത്തമാനം കെട്ടിട്ടും മടങ്ങിപ്പൊകാതെ ഒഥൊവെയും കീഴടക്കെണമെന്നു
നിശ്ചയിച്ചു പടയുണ്ടായപ്പൊൾ ഒഥൊ തൊറ്റു മരിച്ചു കളഞ്ഞു ഉഷി

ല്ല്യൻ രാജ്യാധികാരം ഏറ്റുകൊണ്ടും വയറും വഴിയവനാക്കി ബഹുദ്രവ്യ
നാശം വരുത്തി നശിപ്പിച്ചുപോന്നു- അക്കാലത്തു വെസ്പസ്യാൻ യഹൂദന്മാ
രുടെ കലഹം അമർത്തുവെക്കെണ്ടതിന്നു സുറിയനാട്ടിൽ രൊമസൈന്യ
ത്തൊടുകൂടി വ്യാപരിക്കുന്നു- ഗലീലനാടു പിടിച്ചടക്കി യഹൂദന്മാരെ ഒ
ക്കെയും ജയിച്ചു യരുശലെം പട്ടണവും സ്വാധീനമാക്കെണ്ടതിന്നു പുറപ്പെ
ട്ടപ്പൊൾ ഗണങ്ങൾ അവനെ കൈസരാക്കി ദനവനിദിപ്രദെശത്തി
ലുള്ള പട്ടാളങ്ങളും അവന്റെ പക്ഷം ചെന്നു ഒരുമിച്ചു ഇതല്യയിൽ
ചെന്നു രൊമപട്ടണം പിടിച്ചു ആ കലഹത്തിൽ വിതെല്ല്യനെ വധിച്ചു
വെസ്പസ്യാനെ വാഴിക്കയും ചെയ്തു- അവന്റെ പുത്രനായ തിതൻ യെരു
ശ്ലേ: ഈ യഹൂദ്യയുദ്ധം സമാപിച്ചു- യരുശലെം പട്ടണത്തെ വളഞ്ഞു
പിടിച്ചപ്പൊൾ പെസഹാപെരുനാളാചരിക്കെണ്ടതിന്നു പത്തുപന്ത്രണ്ടു
ലക്ഷം പുരുഷാരങ്ങളൊളം അതിൽ തിങ്ങിവിങ്ങി പാർത്തതുകൊണ്ടു
ഭക്ഷണത്തിന്നു അത്യന്തം മുട്ടുണ്ടായതുമല്ലാതെ നിവാസികൾ രണ്ടു
പക്ഷമാക്കി പിരിഞ്ഞു കലഹിച്ചു കരുണകൂടാതെ അന്യൊന്യം നാ
ശിപ്പിച്ചു മഹാവ്യാധികളും ജനസംഖ്യയെ അനന്നു കുറെച്ചുവെച്ചെങ്കി
ലും ആ ക്രൊധപരവശന്മാർ പ്രവാചകവചനങ്ങളിൽ ആശ്രയിച്ചു യ
ഹൊവ തങ്ങളുടെ രക്ഷക്കായി ഒരത്ഭുതം ചെയ്യുമെന്നു വിചാരിച്ചു
ചെറുത്തുനിന്നു ഒടുവിൽ രൊമഗണങ്ങൾ പട്ടണത്തിൽ കയറി. അ
പ്പൊൾ യഹൂദന്മാർ അനെകർ ദൈവാലയത്തിൽ ഓടിചെന്നു അതി
ന്റെ രക്ഷക്കായി യഹൊവ എന്തെങ്കിലും ചെയ്യുമെന്നു വിചാരി
ച്ചു അത്യന്തം ശൂരതയൊടെ രൊമഗണങ്ങളെ തടുത്തുനിന്നു. തിതനും
ആ അതിശയപണികളെ രക്ഷിപ്പാൻ മനസ്സാകി എങ്കിലും യുദ്ധ
യാന്തത്തിൽ തീ വീണെ കത്തി കെടുപ്പാൻ കഴിയാതവണ്ണം ചൊലക
യറി. തിതൻ അതിനെ കണ്ടിട്ടു കൊപപരവശനാക്കി പട്ടണം മുഴുവ
നും ഇടിച്ചു നിലത്തിന്നു സമമാക്കി ശെഷിച്ച നിവാസികളെ അവ
നൊടെ പിടിച്ചു അനെകരെ അടിമകളാക്കി വിറ്റുകളഞ്ഞു ചില
രെ ജനങ്ങളുടെ വിനൊദത്തിന്നായി രൊമനാടകശാലകളിലെക്ക്
അയച്ചു ദുഷ്ടമൃഗങ്ങളൊടു അങ്കം പൊരുതി മരിപ്പാറാക്കി ദൈ

വാലയത്തിലെവിശുദ്ധപാത്രങ്ങളെരൊമയിലെക്ക കൊണ്ടുപൊകയും
ചെയ്തു—ഇങ്ങിനെവിശുദ്ധനഗരം രണ്ടാമതും പാഴാകും ക്രമെണവാഴു
ന്നരാജ്യമില്ലാത്തവരാകും ദെവസെവയില്ലാത്തവരാകും ഭവിച്ചു-൬൨ സംവ
ത്സരത്തിൽതന്നെ രൊമർ ബത്താവ്യനാട്ടിലും പട്ടിപൊലെ പരന്നവളി
ച്ചുള്ളൊരുകലഹം ശമിപ്പിക്കെണ്ടിവന്നു- വെസ്പസ്യാൻ ൭൯ാം ക്രിസ്താ
ബ്ദത്തൊളം- നെരും ന്യായവും നടത്തിവാണുമരിച്ചപ്പൊൾ അവന്റെ
പുത്രനായതീതൻ അനന്തരവനായി സൎവ്വപ്രജകളുടെസ്നെഹം പ്രാപി
ച്ചുഭരിച്ചു-൮൧ ആം ക്രി- അ- അന്തരിച്ചാറെ അനുജനായ ദൊമിത്യാ
ൻ എന്നൊരു ക്രൂരൻ കൈസരാക്കിയകാലത്തിൽ രൊമസെനാപതിയാ
യ അഗ്രികൊല കലദൊന്യരുടെ മലനാടുകളിൽ കെ ബ്രിത്താന്യരാജ്യം മുഴു
വനും പിടിച്ചടക്കി രൊമയൊടുചെൎത്തു-

൧൦, വൃദ്ധമാലക്കാരുടെ കൈസൎമ്മാർ-

ദൊമിത്യാൻ ൯൬ ആം ക്രി- അ- കലഹത്തിൽ മരിച്ചപ്പൊൾ വൃദ്ധമാലക്കാ
ർ തങ്ങളുടെ സംഘത്തിൽ കൂടീട്ടുള്ള നെൎവ്വ എന്നവനെ വരിച്ചുവാഴി
ച്ചു അകമ്പടിക്കാർ കലഹിച്ചപ്പൊൾ അവൻ രാജ്യരക്ഷക്കായിത്താ
ൻ പൊരാ എന്നു കണ്ടു പടനായകനായ ത്രയാൻ എന്നൊരു സ്പാന്യനെ സ
ഹകാരിയാക്കി ൯൮ ആം ക്രി- അ- മരിച്ചപ്പൊൾ ത്രയാൻ തന്നെ കൈ
സരായിവാണു ദക്യാശിലാനും ശൂരനമാക്കി അവൻ സങ്കടപ്പെട്ടവ
രെ ആശ്വസിപ്പിപ്പാനും ഗൎവ്വിഷ്ഠന്മാരെ കീഴടക്കുവാനും മതിയായിവന്നു- രാ
ജ്യപരിപാലനത്തിന്നു ഒരൊരൊ ന്യായം വൃദ്ധമാലക്കാർ സമ്മതിച്ചു
എങ്കിലും കാൎയ്യാദികളെ നടത്തെണ്ടതിന്നു താൻ തന്നെ പ്രത്യെകം
ഉത്സാഹിക്കെണമെന്നു വെച്ചു എല്ലാം നൊക്കി രക്ഷിച്ചുകൊണ്ടിരുന്നു-
ദനുവനദിതീരത്തു ദാക്യരെയും ഫ്രാത്ത് തിഗ്രി നദികളുടെ നടുപ്രദെ
ശത്തിൽ വാഴുന്ന പാൎത്ഥരെയും സ്വാധീനമാക്കി സ്വരാജ്യം വൎദ്ധിപ്പിക്ക
കും ചെയ്തു- അവൻ ൧൧൭ ആം ക്രി- അ- അന്തരിച്ചാറെ അനന്ത
രവനായ ഹദ്രിയാൻ ഫ്രാത്ത നദിക്കക്കരയുള്ള ദെശങ്ങളെ നിത്യക
ലഹം കൂടാതെ സ്വാധീനമാക്കുവാൻ കഴികയില്ലെന്നു കണ്ടു ആ നദി
യതന്നെ അതിരാക്കി പാൎത്ഥരുടെ രാജ്യത്തിൽ നിന്നു നീട്ടിയതഴി

ന്നെയും ഉപെക്ഷിച്ചു കളഞ്ഞു- കാഴ്ചാദികളെ നടത്തുവാൻ അവന്ന പ്രാപ്തി
യും ഉത്സാഹവും നന്നാ ഉണ്ടാകകൊണ്ട ഒരൊ ആവശ്യങ്ങളെ കണ്ടറിയെണ്ടതിന്നും
യൊഗ്യമാകുംവണ്ണം ഒരൊന്ന ഗുണമാക്കെണ്ടതിന്നും അവൻ താൻ
രാജ്യത്തിൽ എങ്ങും പ്രയാണം ചെയ്ത അവസ്ഥകളെ നൊക്കിവെച്ചു
നന്ന കല്പിച്ചു നടത്തിക്കെയും ചെയ്തു- അ കാലത്തിൽ യെഹൂദന്മാർ ഫ്രാത്ത
നദിമുതൽ മദ്ധ്യതറന്ന്യസമുദ്രത്തൊളമുള്ള ദെശങ്ങളിൽ കലഹിച്ചു
വന്നിളഞ്ഞ യരുശലെം പട്ടണം ശൊധിച്ചു സ്ഥലത്തു രൊമർ ഒരു പുതിയ
നഗരം കെട്ടുവാൻ തുനിഞ്ഞതിനാൽ ഉന്മത്തരായി ബൊക്കൊബാ എ
ന്നൊരുത്തൻ മശിഹാ എന്ന അവസരിച്ചു കനാൻ സുറിയാനാട്ടുകളിൽ ആസ്യ
രക്ഷികകളെ ഏറിയൊന്ന പ്രവൃത്തിച്ചു ഒടുക്കം വിശെഷാൽ സ്വ
ദെശത്തിന്നും അത്യന്തം നാശം വരുത്തുകയും ചെയ്തു- ഹദ്രിയാൻ ൧൩൮
ആം ക്രി. അ. കഴിഞ്ഞപ്പൊൾ ദത്തപുത്രനായ അന്തൊനിൻ സിംഹാ
സനം ഏറി ൧൬൧ ാം ക്രി. അപ്പൊളൊളം മഹാശാന്തനും സത്യവാനു
മായി വാണുകൊണ്ടിരുന്നു- അവന്റെ ശെഷം മർക്കുരള്യൻ ബുദ്ധി
യൊടെ രാജ്യം രക്ഷിച്ചു വൃദ്ധമാലക്കാരെ വെണ്ടും വണ്ണം മാനിച്ചത് കൊ
ണ്ടു പ്രജകൾക്ക അക്കാലത്തും അല്പം ഒരു സ്വാതന്ത്ര്യം അനുഭവിപ്പാറായി
വിദ്യാകൌശലങ്ങൾക്കും ക്ഷാമമുണ്ടായില്ല എങ്കിലും പെണ്ണെത്തരൊമപ്ര
താപം മുതിർന്നു വരാത്തവണ്ണം ക്ഷയിച്ചു രാജ്യം വാർദ്ധക്യം പൂണ്ടപ്രകാ
രം വലെഞ്ഞു യെശുക്രിസ്തുവിൻ പിതാവായ ദൈവത്തിങ്കലെ വിശ്വാ
സത്താലെ പുനർജ്ജന്മം ലഭിക്കുന്നതിന്ന ഏറിയ താമസം ഉണ്ടായി- ക്രിസ്തു
സഭയുടെ അവസ്ഥ അക്കാലത്തിലും രാജ്യത്തിലെങ്ങും തഴച്ചു ഒരൊ സഭ
കൾക്ക അന്യൊന്യം ഐക്യം വർദ്ധിച്ചു അപൊസ്തലർ മരിച്ചതിന്റെ ശെ
ഷം മൂപ്പന്മാരെ അനുസരിച്ചു അവരുടെ മദ്ധ്യത്തിൽ തന്നെ ഒരൊ അ
ദ്ധ്യക്ഷന്മാരെ അവരൊധിച്ചു ഇങ്ങിനെ അനെക അവയവങ്ങളൊക്കെ
ക്രിസ്തുവിന്റെ ഏക ശരീരം പൊലെ ആകുന്നുവൊ എന്നു- ക്രമത്താലെ പല ഉപദ്രവങ്ങ
ളും അനുഭവിക്കെണ്ടിവന്നു ഇവർ കുഞ്ഞുങ്ങളെ വധിച്ചു തിന്നു വെശ്യാ
സംഗം മുതലായ ദൊഷങ്ങളെ പ്രവൃത്തിച്ചിട്ടും സർവ്വലൊകത്തെ തങ്ങൾ
തങ്ങൾ നല്ലവരെന്നു വിചാരിച്ചു മററവരെ ദ്വെഷിച്ചു നടക്കുന്നു എന്നും

ഉററുമുള്ള ദുഷ്ടിത്തിലെ ശത്രുക്കൾ പരത്തിയതുമല്ലാതെ തങ്ങൾക്കു വരവു
കുറഞ്ഞു ബിംബസെവകളും ക്ഷെത്രനെൎച്ചകളും അത്യന്തം താണഴെന്നുക
ണ്ടു വിചാരിച്ചു പുരൊഹിതന്മാർ ഇവരൊടെത്രയും വൈരം വർദ്ധിപ്പിക്കെ
ണ്ടിരുന്നു സാധിച്ചു ക്ഷാമം വ്യാധി മുതലായ കാലദൊഷങ്ങളുണ്ടാകുമ്പൊ
ഴും ക്രിസ്ത്യാനികളുടെ നിമിത്തം ദെവന്മാരുടെ കൊപവും നീരസവും അസ
ഹ്യമാകുന്നെങ്കിൽ അകപ്പെട്ടുന്നെന്നു വെച്ചു വിഗ്രഹാരാധനക്കാർ
ഭ്രാന്തന്മാരെ പൊലെ കുററമില്ലാത്തവരെ ആക്രമിച്ചുകൊണ്ടു കൂടാതെ
തർക്കിച്ചു നിഗ്രഹിച്ചു അതിക്രമിക്കുകയും അയക്കെനെ തട്ടക്കാതെ പ
ലപ്പൊഴും ഉപദ്രവങ്ങൾ വർദ്ധിച്ചു വരെണ്ടതിന്നു സഹായിച്ചു ഒരൊരു
ദെശങ്ങൾ ക്രിസ്തുസഭയെ ഇല്ലാതാക്കുവാൻ ശ്രമിച്ചുകൊണ്ടിരുന്നു- ക്രി
സ്ത്യാനികളും യഹൂദന്മാരും ഒന്നുതന്നെ എന്നു രൊമർ ആദ്യം വിചാരിച്ചു
ക്രമത്താലെ അവരുടെ അവസ്ഥ പ്രസിദ്ധമായപ്പൊൾ പുതിയ മാൎഗ്ഗം
ആരംഭിക്കുന്നവെച്ചു പ്രമാണികൾ മിക്കവാറും അവരെ ദുഷിച്ചു ഹിം
സിച്ചതുമല്ലാതെ ക്രിസ്ത്യാനർ കൈസൎമ്മാൎക്കു ദെവമാനം കൊടുക്കാതെ
ബിംബാരാധനയൊടു സംബന്ധിച്ചിട്ടുള്ള ഒക്കയും തിരസ്കരിച്ചു രൊമ്മ
സ്വന്തഉള്ളവും മററും കഴിക്കായ്ക്കകൊണ്ടും അവരെ ദ്രൊഹികൾ എന്നു
പറഞ്ഞു ഇഷ്ടം പൊലെ ഹിംസിപ്പിക്കയും ചെയ്യും- ഇപ്രകാരം കൂടക്കൂട
സാക്ഷിമരണം പ്രാപിച്ചവരുടെ കൂട്ടം വർദ്ധിച്ചു ത്രയാൻ കൈസരുടെ
കാലത്തിൽ യരുശലെമിലെ അദ്ധ്യക്ഷനായ ശിമ്യൊൻ കഴുമെലെറി
മരിച്ചു അന്ത്യൊക്യയിലെ ഇഞ്ഞാത്യൻ കൈസർ കല്പനയാലെ കാട്ടുമൃ
ഗങ്ങൾക്കിരയായി ഭവിച്ചു മൎക്കൊരല്യൻ കൈസർ ശിഷ്യന്മാരിൽ ജ്ഞാ
നത്താലല്ല വിശ്വാസംമൂലം ഉണ്ടാകുന്ന ഉറപ്പും സന്തൊഷവും കണ്ടിരി
ച്ചു പ്രത്യെകം ഗാല്യനാട്ടിൽ ലുഗ്ദുന- വിയന്ന പട്ടണങ്ങളിൽ ഉള്ളവരെ ക
ഠൊരമായി ഹിംസിച്ചു അനെകരെ കൊല്ലിക്കയും ചെയ്തു- അക്കാലത്ത
ൽ തന്നെ സ്മിൎന്നപട്ടണത്തിൽ വെച്ചു പൊലുകാൎപ്പൻ എന്ന അപൊസ്ത
ലശിഷ്യൻ യെശുവിൻനാമം നിമിത്തം തീയിൽ അതിവിധയാൽ
സാക്ഷിമരണം അനുഭവിക്കൊണ്ടിവന്നു- ഇപ്രകാരം രൊമർ പുതജ്ജ
ഷം എന്നിട്ടു വ്യാകുല്ലം വെറുത്ത ശുദ്ധന്മാരൊട്ടും ലക്ഷണം പറയുന്നവരൊ

ട്ടം മററും ചൊദിച്ചു രക്ഷ കാണാതെ പൊകയും ചെയ്തു-

൧൧., ഗണങ്ങൾ വാഴിച്ച കൈസന്മാർ

രൊമർ ശത്രുരാജ്യം സ്വാധീനമാക്കുവാൻ ഭാവിക്കാതെ ഏറെ കാലം
അയൽനാട്ടുകളെ സൂക്ഷിപ്പാനത്രെ ഉത്സാഹിച്ചത്- അതിന്നായി ഹദ്രിയാ
ൻ കൈസർ ദനുവ റൈൻ നദികളുടെ ഇടനാട്ടകത്തിൽ ഒരു വാട്ടിളൊ
ങ്ങാക്കിവെച്ചിട്ടും മർക്കൊരല്യന്റെ കാലത്തു മക്കമന്നർ- ഖാദർ ജസ്സി
ഗർ മുതലായ വടക്കെ ജാതികൾ തെക്കോട്ടു ചെന്നു ദനുവ നദിയൊടു
സാരൊമർക്കുള്ള മലനാട്ടുകളെ അതിക്രമിച്ചു പാഞ്ഞു- അവരുടെ നെരെ
പൊരുതുകയുദ്ധത്തിൽ മർക്കൊരല്യൻ മരിച്ചപ്പൊൾ പുത്രനായ കൊമ്മൊദൻ ത
ന്റെ കാമാട്ടുകളിൽ പയററു മുതലായവ നെരമ്പൊക്കുകൾക്കു സമയം കിട്ടെണ്ട
തിന്നു അവരൊടു സന്ധിച്ചു നാണം കെട്ടു മടങ്ങി വന്നാറെ അകമ്പടിക്കാ
ർ അവനെ ദ്രൊഹിച്ചു കൊന്നു പെർത്തിനക്സ എന്നവനെ വാഴിക്കയും അ
ല്പകാലം കഴിഞ്ഞിട്ടു വധിക്കയും ചെയ്ക ശെഷം ആരെങ്കിലും അധി
കം പണം കൊടുത്താൽ കൈസരാകും എന്നു പ്രസിദ്ധമാക്കിയപ്പൊൾ
ദിദ്യൻ യുല്യൻ എന്നൊരു വൃദ്ധമാലക്കാരൻ സ്ഥാനം വിലെക്കു വാ
ങ്ങി വാഴുവാൻ തുടങ്ങിയതു കെട്ടു ബ്രിതന്ന്യ ഇല്ലുർക്ക സുറിയ നാട്ടുകളിലെ ഗ
ണങ്ങൾ മത്സരിച്ചു അതിൽ രൊമയിലെത്തിയ ഇല്ലുർക്ക സൈന്യം യുല്യനെ വി
ഷ്ഠിച്ചു വധിച്ചു സെനാപതിയായ സെപ്തിമ്യൻ സെവെരനെ കൈസരാക്കി
വാഴിക്കയും ചെയ്തു- അവൻ അയല ഗണങ്ങളെ ജാതികളെ പെടിപ്പിച്ചു
നിത്യ കഠിനനായി വാണു മരിച്ചപ്പൊൾ പുത്രനായ കറകല്ല കൈസർ
സ്ഥാനം ഏറ്റു അമ്മയുടെ മുമ്പാകെ സഹൊദരനെ കൊന്നു തിരസ്കാരം ക്രൂരനായി
നടന്നതിനാൽ അകമ്പടിക്കാർ അവനെ നിഗ്രഹിച്ചു ഹെല്യഗ
ബാൽ എന്നൊരു സൂര്യപുരൊഹിതനെ വാഴിച്ചു അല്പകാലം ചെന്നിട്ടു വ
ധിച്ചാറെ അലക്ഷന്തർ സെവെരൻ അവരെ അടക്കുവാൻ ഭാവിച്ച
പ്പൊൾ മുമ്പെ ഇടയനായി കൃഷി ചെയ്തും ഭടനായി ഇരുന്നതിൽ ഏറെ കാ
ലായും ഉള്ള മക്സിമീൻ അവനെ കൊന്നു കൈസരായി കുറയ കാലം
വാണ ശെഷം അറബിക്കാരനായ ഫിലിപ്പ് അവനെ മുടിച്ചു കളഞ്ഞു
സിംഹാസനം കയറി രൊമപട്ടണം കെട്ടിച്ചതുമുതൽ ൧൦൦൦ സംവത്സരം

പ്പെട്ടുമാറിവന്നതുകൊണ്ടു ഒരു മഹൊത്സവം കഴിച്ചു- അനന്തരം അതി
രുകളെ അതിക്രമിക്കുന്ന സ്ലാവികളൊട്ട ചെറുപ്പാൻ ത്രാക്യാക്കാർ
ദെക്യൻ അവനെ നീക്കി കൈസരാക്കി വാഴുകയും ചെയ്തു- കിഴക്കെ ദി
ക്കിൽ കലഹിക്കുന്ന പാസികളെയും വടക്കെ അതിരുകളെ അതിക്രമി
ക്കുന്ന സ്ലാവരെയും പടിഞ്ഞാറെ ദെശങ്ങളെ സ്വാധീനമാക്കുവാൻ തുട
ങ്ങുന്ന ഫ്രങ്കരെയും നീക്കെണ്ടതിന്നു പൂർവ്വ ദെവകളുടെ സെവ രാജ്യത്തി
ൽ എങ്ങും നടക്കെണം എന്നു വെച്ചു അവൻ ക്രിസ്തുസഭയെ മുഴുവനും
ശിക്ഷിപ്പാൻ നിശ്ചയിച്ചു ഉപദ്രവം തുടങ്ങി അനെകാവിശ്വാസികളെ കൊ
ല്ലിക്കയും ചെയ്തു- ആ കാലം കരിങ്കടൽക്കരയിൽനിന്നു ഗൎമ്മാന്യജാതിക്കാ
രായ ഗൊഥർ ദനുവനദിയുടെ തെക്കെ തീരത്തു വന്നു നാട അതിക്രമിച്ചപ്പൊ
ൾ അവരൊട്ട ചെയ്ത യുദ്ധത്തിൽ ദെക്യൻ മരിച്ചു ൨൫൧ ക്രി. അ- അവ
ന്റെ ശെഷമുള്ള കൈസന്മാരുടെ കാലത്തിലും ക്രിസ്ത്യാനികളെ ഉപദ്രവം
മുമ്പെ പൊലെ നടന്നു കൎത്തഹത്തിലെ അദ്ധ്യക്ഷനായ കുപ്രിയാനും രു
ന്ന റൊമാ അദ്ധ്യക്ഷന്മാരും ക്ലെശത്തിൽ സാക്ഷിക്കാരായി ദൊഷം
സകലെ സഹിച്ചു ദെവനെ ഘൊഷിക്കയും ചെയ്തു- പാസികൾ വലക്യാൻ
കൈസരുടെ കാലത്ത കപ്പദൊക്യദെശം പിടിച്ചു ഗൊഥർ മിറാസ്യകി
ലെ പട്ടണങ്ങളെയും നശിപ്പിച്ചു ഫ്രങ്കർ റൊമരാജ്യത്തിൽ ഗാല്യ അസ്പ
ന്യ എന്ന മല പ്രദെശങ്ങളെ അതിക്രമിച്ചു കാവൽ പൊന്നു- പാസികൾ വലക്യാൻ
കൈസരെ ബന്ധനാക്കി തടവിൽ പാൎപ്പിച്ചെങ്കിലും പുത്രനായ ഗല്ല്യെന
ൻ അഴ്ചുന്നു വെണ്ടി ഒന്നും ചെയ്യാതെ പലവിധെന സുഖഭൊഗങ്ങളി
ൽ രസിച്ചു കാലം കഴിച്ചതകൊണ്ടു ശത്രുക്കൾ ചുറ്റും അതിർനാടുകളെ ഉപദ്ര
വിച്ചതുമല്ലാതെ അക്കമ്പടിക്കാർ ഒരൊ ദെശങ്ങളിൽ അതാതു കൈസന്മാ
രെ അവരൊധിച്ചു യത്തിക്ഷാമവ്യാധികളാൽ രാജ്യത്തിൽ അനെകാപത്തു
കളുണ്ടായാറെ ഗല്ല്യെനൻ ഒരു ക്രിസ്ത്യാനരെ ഹിംസിക്കരുതെന്ന പരസ്യ
മാക്കി അനന്തരം ക്ലൌദ്യൻ കലഹിച്ചു അവനെ കൊന്നു കൈസരാക്കി
വാണു- അവനും അനന്തരവനായ ഔരല്യാനും സകല ശത്രുക്കളെയും
അതിരുകളിൽ നിന്നു നീക്കി പ്രൊബെൻ വടക്കുപടിഞ്ഞാറെ ദിക്കുകളി
ൽ അതിക്രമിച്ചു വന്നവരെയും ജയിച്ചു കാരൻ പാസികളുടെ നെരെ ചെ

ദ്ധത്തിന്നു പുറപ്പെട്ടു അവരെ പരിഭവിച്ചു തിഗ്രിനദിയൊളം ഓടിച്ചമതി
ക്കയും ചെയ്തു—

൧൨. ദ്യൊക്ലെത്ത്യാനും കൊംസ്തന്തീനും—

ഒരൊരൊവക ക്ഷയങ്ങളെക്കൊണ്ടു രാജ്യത്തിന്നു വളരെ പ്രയൊജനം വന്നില്ല
ദ്യൊക്ലെത്ത്യാൻ ൨൮൪ ആം ക്രി. അ. കൈസരായി വാണുതുടങ്ങിയപ്പൊൾ
പ്രചണ്ഡിയായ മക്സിമ്യാൻ എന്ന സെനാപതിയെ അതിർനാടുകളെ
യും കാക്കേണ്ടിയ സംഗതിയാൽ സഹരക്ഷകനാക്കി രൊമപുരിയിൽ
അയച്ചു പാൎപ്പിച്ചു താൻ മിറ്റാസ്യയിൽ ബിഥുന്യരാജധാനിയായ നി
കൊമെദ്യയിൽ വസിച്ചു പൂൎവ്വദിക്കിലെ മൎയ്യാദപ്രകാരം തന്നെ കാണ്മാ
ൻ വരുന്നവരെ നമസ്കരിക്കുമാറാക്കി ആസ്ഥാനത്തിൽ താൻ കൂടിയ ചെ
ല്ലാതെ പാൎത്തു സുഖിക്കയും ചെയ്തു— ഇങ്ങിനെ ചില സംവത്സരം കഴിഞ്ഞ
ശെഷം അവൻ തന്റെ സഹായത്തിന്നായി ഗലെക്ക്യനെയും മക്സിമ്യാ
ന്റെ പുത്രനെ ആക്കി കൊംസ്തന്ത്യനെയും അവരൊധിച്ചു വാഴിച്ചു ഗലെക്ക്യൻ
രൊമദെവകളെ സെവിക്കാതെ നടക്കുന്ന ക്രിസ്ത്യാനരെ ദ്വെഷിച്ചു ഹിം
സിച്ചു നിഗ്രഹിപ്പാൻ ദ്യൊക്ലെത്ത്യാനൊടു സമ്മതം വാങ്ങി അവരുടെ പള്ളി
കളെ നശിപ്പിച്ചു വെദപുസ്തകങ്ങളെ ഒക്കയും ചുട്ടു വലിയ ഇഷ്ടന്മാരെ പിടിച്ചു ദ
ണ്ഡിപ്പിച്ചു കൊല്ലിക്കയും ചെയ്തു— അനന്തരം ദ്യൊക്ലെത്ത്യാൻ വാൎദ്ധക്യ
നിമിത്തം സ്ഥാനം വിട്ടു മക്സിമ്യാനെയും അപ്രകാരം തന്നെ ചെയ്വാൻ
ഉത്സാഹിപ്പിച്ചു കൊംസ്തന്ത്യൻ ഗലെക്ക്യൻ എന്നിരുവരുടെ വശത്തു രാജ്യാ
ധികാരം എല്പിച്ചപ്പൊൾ ഗലെക്ക്യൻ മെൽകൊയ്മയുടെ ഭാവം നടിച്ചു സ
ഹരക്ഷകന്മാരെ നിശ്ചയിച്ചതു കൊംസ്തന്ത്യൻ വിരൊധിയാതെ ബ്രിത
ന്യ-ഗാല്യ-സ്പാന്യ-മൌരിതാന്യദെശങ്ങളെ സുഖെന പരിപാലിച്ചു പൊന്നു-
മരിച്ചപ്പൊൾ അവന്റെ പുത്രനായ കൊംസ്തന്തീൻ-൩൦൬-ക്രി-അ-കൈ
സർനാമം ധരിച്ചതു ഗലെക്ക്യൻ കെട്ടാറെ വളരെ ക്രുദ്ധിച്ചു ലിക്കിന്യൻ മ
ക്സിമീൻ എന്നിരുവരെയും കൈസൎമ്മാരാക്കി വെച്ചതും അല്ലാതെ മക്സി
മ്യാൻ സ്വപുത്രനായ മക്ഷെന്ത്യനുമാക്കി ഇതല്യയിലും ആഫ്രിക്കയിലും കൈ
സൎമ്മാർ എന്നു നടിച്ചു നടക്കകൊണ്ടു ആ സമയം രൊമരാജ്യത്തിൽ ആറു കൈ
സൎമ്മാർ ഉണ്ടാകുന്നു— അവരിൽ ഒന്നാമതു നീങ്ങിപ്പൊയവൻ മക്സി

ക്രിസ്ത്യാൻ തന്നെ - അവൻ പുത്രനുമാക്കിയിടഞ്ഞു മരുമകനായ കൊംസ്തന്തി
ന്റെ അടുക്കൽ ഓടിപ്പോയി അവനെ കൊല്ലുവാൻ ഭാവിച്ചതിനാൽ ത
ന്റെക്ക മരണശിക്ഷ എന്ന വിധിയുണ്ടായി - അനന്തരം ഗലെര്യൻ ക്രിസ്ത്യരെ
ഉപദ്രവിക്കിലും ദുർദ്ദീനം പിടിച്ചു കിടന്നു വലഞ്ഞപ്പൊൾ ക്രിസ്ത്യാനരൊടുള്ള
ദ്രൊഹം ക്ഷമിക്കയും തനിക്കാവെണ്ടി പ്രാർത്ഥിക്കെണ്ടതിന്നു അവരൊടു അ
പെക്ഷിച്ചു മരിക്കയും ചെയ്തു - അതിന്റെ ശെഷം മക്സിമിൻ ലിക്കിന്യനൊ
ടും മക്സെന്ത്യൻ കൊംസ്താന്തിനൊടും യുദ്ധം ചെയ്താറെ ലിക്കിന്യനും കൊം
സ്താന്തിനും തമ്മിൽ ചെൎന്നു ജയിച്ചതിനാൽ മക്സിമിൻ വിഷം കുടിച്ചും മ
ക്സെന്ത്യൻ പടക്കിൽ പട്ടം നശിച്ചു പൊയി - കൊംസ്താന്തിൻ ആദിമുതൽക്കെ
ച്ഛന്റെ ചെൽവെട്ടത്ത ക്രിസ്ത്യാനൎക്ക അനുകൂലനായി നടന്നു - മക്സെന്ത്യനൊ
ടു പടകൂടുവാൻ ഗാല്യയിൽ നിന്നു പുറപ്പെട്ടപ്പൊൾ വളരെ ഭയമുണ്ടായിട്ടു
താൻ അറിയാത്ത ദൈവത്തൊടു ഒരു ദിവസം പ്രാർത്ഥിച്ചാറെ ആകാശത്തി
ൽ ക്രൂശിന്നു സമമായി ഒരു പ്രകാശവും ഇതിനാൽ ജയിക്ക എന്ന എഴുത്തും
കണ്ടു പടക്കിൽ ജയം കൊണ്ടുടനെ ക്രൂശ ചിഹ്നം തനിക്ക രക്ഷ എന്നു
വിചാരിച്ചു ക്രിസ്ത്യാനരുടെ ദൈവത്തെ അല്പം മാനിപ്പാൻ തുടങ്ങി - താൻ
പടിഞ്ഞാറും ലിക്കിന്യൻ കിഴക്കും വസിച്ചു മെല്ലൊസ്സു നടത്തിയനാൾ മു
തൽ ഒരൊരുത്തന്നു ഇഷ്ടമായ മാൎഗ്ഗത്തെ വിരൊധം കൂടാതെ അനുസ
രിക്കാം എന്ന പരസ്യമാക്കി ൩൱൰൩ - ക്രി - അ - എങ്കിലും കൈസൎമ്മാൎക്ക
അന്യൊന്യം മമത എറച്ചു വന്നില്ല - ക്രിസ്ത്യാനർ എല്ലാടവും കൊംസ്താന്തി
ന്റെ പക്ഷം ചെൎന്നതിനാൽ ലിക്കിന്യൻ അസൂയപ്പെട്ടു അദ്ധ്യക്ഷന്മാ
രെ കൂടക്കൂട തടുത്തു മിക്ക പള്ളികളെയും അടെച്ചു കൊവിലകത്ത ക്രിസ്ത്യാ
നർ അരുത് എന്നും രാജ്യാധികാരികൾ പള്ളി വെണ്ടാ വെളിയിൽ കൂടിയാ
ൽ അധികം സൌഖ്യം എന്നും മറ്റും കല്പിച്ചു - ഒടുവിൽ കൈസൎമ്മാർ ഇരു
വരും തമ്മിൽ നീരസം വൎദ്ധിച്ചു യുദ്ധം ഉണ്ടായാറെ കൊംസ്താന്തിൻ ക്രൂ
ശടയാളവും ക്രിസ്തനാമവും കൊടിക്കിൽ ചെൎത്തു ഘൊഷിച്ചു പടകൂടി ജെ
യിച്ചു ലിക്കിന്യനെ പിടിച്ചു ഉപായത്താലെ കൊല്ലിക്കയും ചെയ്തു - ൩൱൨൰൪
ആം - ക്രി - അ - ഇങ്ങിനെ കൊംസ്താന്തിൻ രൊമസംസ്ഥാനത്തിൽ സൎവ്വാ
ധികാരിയായി വന്ന ശെഷം വിഗ്രഹാരാധനയെ വെറുത്തു ക്രൂശിനാൽ ജെ

യംവന്നുഎന്നുമനസ്സിൽഉറപ്പിച്ചുകഴിക്കുന്നെടത്തൊളംക്രിസ്തസഭെക്ക
പുറമെക്കുള്ളസ്വാസ്ഥ്യവുംസൌഖ്യവുംഉണ്ടായിരിക്കയുംചെയ്തു-രൊമ
പുരിയിൽതന്റെദെവകളുംക്ഷെത്രങ്ങളുംനിറഞ്ഞിരിക്കകൊണ്ടുവസിപ്പാ
ൻസൌഖ്യമില്ലെന്നുവെച്ചുഅവൻമദ്ധ്യതറന്ന്യസമുദ്രത്തിന്റെവടക്കി
ഴക്കെകടപ്പുറത്തുള്ളബിസന്ത്യനഗരംഅലങ്കരിച്ചുകൊവിലകങ്ങളെ
യുംഅനെകക്രിസ്തിയപ്പള്ളികളെയുംപണിയിച്ചുകൊംസ്തന്തിനപുരിഎ
ന്നപെരിട്ടുരാജധാനിയാക്കിസംസ്ഥാനത്തിന്റെഎല്ലാവ്യവസ്ഥക്കും
പുത്രക്രമംവരുത്തിവാണു-൬൪വയസ്സുള്ളവനായിവ്യാധിപിടിച്ചപ്പൊൾ
പാപങ്ങളെഏറ്റുപറഞ്ഞുസ്നാനത്തിന്നപെക്ഷിച്ചുഅദ്ധ്യക്ഷന്മാർസ
ത്യാനുതാപവുംതാഴ്മയുംഉണ്ടെന്നുകണ്ടുഅവനെസഭയൊടുചെർത്തു അ
ല്പകാലംകഴിഞ്ഞിട്ടുഅവൻഇത്രകരുണചെയ്തദൈവത്തെകാണ്മാ
ൻഞാൻആഗ്രഹിക്കുന്നുഎന്നുപറഞ്ഞുമരിക്കയുംചെയ്തു—

൧൩. ക്രിസ്തസഭയുടെഐക്യത.

ഈപ്രകാരംക്രിസ്തസഭെക്കൈസരുടെവിശ്വാസത്താൽരൊമരാജ്യ
ത്തിൽആധിക്യംവരുമ്മുമ്പെഅതിന്റെഉൽക്രമവുംഉറപ്പിച്ചുമെലാൽപു
റജാതികളുടെരൊഷ്യംകൊണ്ടുവല്ലഉപദ്രവംവന്നാലുംമുമ്പെപൊലെനാ
ശംവരാതിരിക്കെണ്ടതിന്നുവിശ്വാസികൾപ്രയത്നംകഴിച്ചുസഭയുടെ
രക്ഷെക്കായിഒരൊസ്ഥിരവ്യവസ്ഥവരുത്തിയിരുന്നു-ആദിമുതൽവ
ല്ലവ്യാജൊപദെശങ്ങളുംദുർന്നടപ്പുകളുംഉത്ഭവിച്ചുസഭയിൽനുഴഞ്ഞുവ
രുന്നതിനാൽസദ്വിശ്വാസികൾഅവകളെതട്ടിപ്പുറത്താക്കെണ്ടതിന്നു
ഒരുമവെണമെന്നുവെച്ചുതമ്മിൽചെർന്നുനടന്നു-എബ്യൊനിക്കാർഎ
ന്നൊരുവകയഹൂദക്രിസ്ത്യാനർയവനവിശ്വാസികളൊടുചെരാതെമൊ
ശധർമ്മംആചരിച്ചുയെശുലൊകരക്ഷിതാവായദൈവപുത്രനല്ലമൊ
ശക്കസമനായധർമ്മദാതാവത്രെഎന്നുപ്രമാണിച്ചുനടന്നുആദിയിൽ
സഭയുടെസ്ഥിരതെക്കായിപരിശുദ്ധാത്മാവിനാൽഉണ്ടായഅത്ഭുതങ്ങ
ങ്ങൾക്രമത്താലെകുറഞ്ഞുനീങ്ങിപൊകുമ്പൊൾഫ്രുഗ്യനാട്ടിലെമൊ
ന്താൻഎന്നൊരുവൻക്രിസ്തശിഷ്യന്മാർവാദത്തെതള്ളിക്കളഞ്ഞുആശ്വാ
സപ്രദൻതാൻതന്നെഎന്നുപറഞ്ഞുതന്റെആജ്ഞകളെയുംപ്രവാ

ചകങ്ങളെക്കും ദൈവത്തൊളൊത്തവരെ ശിഷ്യന്മാരല്ലഎന്നവെച്ചുവി
രസിച്ചുവന്നു. ജ്ഞാതാക്കൾ എന്ന മറ്റൊരുവകക്കാർ സ്വന്തമാ
വിശെഷങ്ങളെക്കും നിനവുകളെക്കും മണി എന്നൊരു പാർസിക്രിസ്ത്യാനൻ
അഗ്നിസെവക്കിലെ ഒരൊ വിശെഷങ്ങളെക്കും ക്രിസ്തീയ ഉപദെശങ്ങളൊ
ടു ചെൎത്തു സ്വവിശെഷവെളിച്ചം മറിച്ചുകളവാൻ ഉത്സാഹിച്ചുകൊണ്ടിരുന്നു-
ഈവക ദുൎമ്മതങ്ങൾ ഉദിച്ചപ്പൊൾ സ്വധൎമ്മൊപദെശത്തിന്റെ ശുദ്ധിക്കായി
പൊരുതുകൊള്ളെണ്ടതിന്നു സത്യവിശ്വാസികൾ ഒന്നിച്ചു ചെൎന്നുള്ള
ശിഷ്യന്മാരെന്നിശ്ചയിച്ചു യെശുവിന്റെ ഉപദെശങ്ങളെക്കും അപ്പൊസ്തൊ
ലന്മാരുടെ സാക്ഷ്യങ്ങളെക്കും പ്രമാണമാക്കി സുവിശെഷവെചാണം
സ്നാനം രാത്രിഭൊജനം മുതലായവറ്റെക്കൊണ്ടു ക്രിസ്തശരീരത്തെ
പാലിച്ചുവളൎക്കയും ചെയ്തു- സഭാപരിപാലനത്തിന്നാക്കിട്ടുള്ള മെത്രാ
ലരൊരൊസ്ഥാനികൾ വെണ്ടിവന്നു- പഴയനിയമത്തിലുള്ള മഹാചാൎയ്യൻ-
ആചാൎയ്യൻ- ലെവ്യൻ എന്നീ സ്ഥാനിക്കു സമമായി ക്രിസ്ത്യാനർ പുതി
യനിയമത്തിന്റെ ശുശ്രൂഷക്കായി അദ്ധ്യക്ഷന്മാർ മൂപ്പർ ശുശ്രൂഷ
ക്കാർ എന്നിങ്ങിനെ മൂന്നുവിധം സെവകന്മാരെ അവരൊധിച്ചു- ഉപ
ദെശങ്ങളിലും സഭാപരിപാലനത്തിലും വ്യത്യാസം വരാതിരിക്കെണ്ടു
തിന്ന ഒരൊനാട്ടിലെ അദ്ധ്യക്ഷന്മാർ സംവത്സരത്തിൽ ഒരുവട്ടം ഒന്നി
ച്ചുകൂടി നിരൂപിച്ചു വിഷയങ്ങളെ തീൎത്തു യൊഗ്യതപൊലെ ഒരൊന്നു കല്പി
ച്ചു നടത്തുകയും ചെയ്തു- പ്രധാനപട്ടണങ്ങളിലെ അദ്ധ്യക്ഷന്മാൎക്കു ക്രമ
ത്താലെ അധികം മാനവും മെലദ്ധ്യക്ഷൻ എന്ന പെരും ഉണ്ടാക്കി- മെ
ലദ്ധ്യക്ഷന്മാരിൽ മുമ്പുള്ളവർ- അലക്സന്ത്ര്യ- അന്ത്യൊക്യ- രൊമ- യ
രുശലെം എന്നി നാലു മുഖ്യനഗരങ്ങളിൽ വസിച്ചുവാണവർ തന്നെ-
രാമചക്രവൎത്തി ക്രിസ്ത്യാനിയായിവന്നപ്പൊൾ ഈ പ്രകാരം ആയി ക്രി
സ്തസഭയുടെ അവസ്ഥ-

൧൫., ബിംബാരാധന രൊമരാജ്യത്തിൽനിന്ന നീങ്ങിയ പ്രകാരം-

കൊംസ്തന്തീൻ കൈസർ കിഴക്കെ രൊമസംസ്ഥാനം സ്വാധീനമാക്കി
വാണ കുറെക്കാലം കഴിഞ്ഞശെഷം അവിടത്തെ ക്രിസ്തസഭയിലു

ണ്ടായമഹാവിവാദം വിസ്താരിക്കെണ്ടിവന്നു-പലമതഭെദങ്ങളെക്കുംതു
ത്തും വിഗ്രഹാരാധനയെ അവലംബിച്ച ശാസ്ത്രികളെ തർക്കത്തിൽ ജെയി
ച്ചുംകൊള്ളെണ്ടതിന്നു ക്രിസ്തിയത്വം അംഗീകരിപ്പാൻ ഞെരുക്കുന്നത
ഘക്കൊതികളെ വെണ്ടും വണ്ണം ഉപദെശിക്കെണ്ടതിന്നും സുവിശെഷ
ത്തിലെ മൂലൊപദെശങ്ങൾ പൊരാ എന്നു വെച്ചു പണ്ടു കാത്തഹത്തിലെ ക്രി
സ്ത്യാനരായ തെർത്തുല്യാനും കപ്രിയാനും അലക്ഷന്ത്ര്യ നഗരത്തിൽ പഠിപ്പി
ച്ചുവരുന്ന ക്ലെമാനും ഒരിഗനാവും ത്രിന്ത്യാ ഉപദെശങ്ങളൂടെ സംബന്ധ
വും വിവരവും തെളിവാക്കെണ്ടതിന്ന അന്ത്യന്തം ഉത്സാഹിച്ചു നടന്നശെഷം
വും യവനഭാഷ നടക്കുന്ന സഭകളിൽ പുത്രന്നു പിതാവൊടുള്ള സംബന്ധം
ഏതുപ്രകാരമാകുന്നു എന്നു സൂക്ഷ്മമറിവാൻ സംഗതിവരാക്കകൊണ്ടു
അലക്ഷന്ത്ര്യനഗരത്തിൽ അറിയൻ എന്നൊരു മൂപ്പൻ വിചാരിച്ചു പു
ത്രൻ പിതാവിന്നുള്ള പൊലെ അനാദിസിദ്ധിയില്ല സൃഷ്ടികളിൽ അ
വൻ ശ്രെഷ്ഠസൃഷ്ടിയത്രെ എന്നു തർക്കിച്ചു പറഞ്ഞപ്പൊൾ ഒരു കഠിനവി
വാദം കിഴക്കെ സംസ്ഥാനത്തിൽ എങ്ങും പരന്നു വർദ്ധിക്കയും ചെയ്തു-അ
ദ്ധൂതരിക്കെണ്ടതിന്നു കൈസർ ൩൨൫ാം ക്രി. അ. സർവ്വാദ്ധ്യക്ഷന്മാരെ
യും നിക്കയ്യ പട്ടണത്തിൽ കൂട്ടിവരുത്തി അവരും നിരൂപിച്ചു വിസ്തരി
ച്ചു അധനാസ്യന്റെ പക്ഷം എടുത്തു അറിയൻ സത്യത്തിൽ നിന്നു തെ
റി എന്നു കണ്ടു പരിഭ്രമം വരുത്തെണ്ടതിന്നു പുത്രന്നു പിതാവൊടു
സമത്വം എന്നറിയിക്കുന്നൊരു വിശ്വാസപ്രമാണം അംഗീകരിച്ചു കല
ഹക്കാരെ സഭാഭ്രഷ്ടന്മാരാക്കി നാടുകടത്തെണ്ടതിന്നു സംഗതിവരു
ത്തുകയും ചെയ്തു- അല്പകാലം കഴിഞ്ഞശെഷം ചിലർ കൈസരൊ
ടു അറിയൻ കുറ്റക്കാരനല്ല സാധാരണസഭ അംഗീകരിച്ച പ്രകാരമ
ത്രെ വിശ്വസിക്കുന്നത് പഠിപ്പിച്ചവൻ എന്നു ബൊധിച്ചു-വസ്തുതഗ്ര
ഹിച്ചു വിധിപ്പാൻ ബുദ്ധി പൊരാക്കയാൽ അവൻ അറിയനെ പി
ന്നയും സഭയിൽ കൈക്കൊള്ളുവാൻ കല്പിച്ചു അത് നിമിത്തം അലക്ഷന്ത്ര്യ
യിലെ അദ്ധ്യക്ഷനായ അധനാസ്യൻ പടിഞ്ഞാറെ സംസ്ഥാനത്തെക്ക്
ഓടിപ്പൊകെണ്ടിവന്നു-വാദം തീരും മുമ്പെ കൊംസ്തന്തിൻ മരിച്ചു-കൊം
സ്തന്തിൻ കൊംസ്തഞ്ച്- കൊംസ്തന്ത്യൻ- എന്നു മൂന്നു പുത്രന്മാർ വെദം

പഠിച്ചു ക്രിസ്തുസഭയിൽ പ്രവെശിച്ചെങ്കിലും തങ്ങടെ വംശത്തിൽ ദൈവഭ
ക്തി കുറച്ചുമെ ഉള്ളു എന്നു കണ്ടു അശ്ശൻ സ്വഭാര്യയെയും മകനെയും
കൊല്ലിച്ച പ്രകാരവും അറിക കൊണ്ടു സത്യത്തിൽ നടക്കാതെ സഹോദര
ന്മാരും അന്യോന്യം കലശലും യുദ്ധവും തുടങ്ങിയതിൽ കൊ
ൺസ്തന്തീൻ തൊറ്റു മരിച്ചു കൊംസ്തഞ്ചിനും ഒരു കലഹത്തിൽ അപ
ത്തുവന്നൊറെ മൂന്നാമവനായ കൊംസ്താന്ത്യൻ രാജ്യം അടക്കിവാണു സഭാ
വിവാദം തീർക്കാതെ അധനാസ്യന്റെ വിശ്വാസപ്രമാണം വിട്ടു പുത്രൻ
സൃഷ്ടി അല്ല പിതാവൊടു സമനുമല്ല എങ്കിൽ ദെശം സദൃശഭാവൻ അ
ത്രെ എന്നു കല്പിക്കുന്ന സഭകളെ കൊണ്ടും അപ്രകാരം എങ്ങും
നടത്തുവാൻ ശ്രമിച്ചു സംബന്ധിയായ യൂല്യാൻ ൩൬൧ ക്രി. അ. മു
ഹം തുടങ്ങിയപ്പൊൾ അന്തരിക്കയും ചെയ്തു — സഭാവിവാദങ്ങളെയും
ഒരൊ മതഭെദങ്ങളെയും കാണ്കയാൽ യൂല്യൻ ക്രിസ്തുസഭയിൽ രസം
തൊന്നിക്കില്ല അവൻ മുമ്പെ പഠിച്ച ക്രിസ്ത്യോപദെശങ്ങളെ എല്ലാം ത
ള്ളിയവനത്രെ യവനന്മാരുടെ വിദ്യാവിശെഷങ്ങളെയും ദെവകഥ
കളെയും സത്യം എന്നുവെച്ചു അവലംബിച്ചു കൈസരാകുന്ന ശെഷം
ക്രിസ്തുവൈരിയായി നടന്നു പുറജാതിക്കാരുടെ ക്ഷെത്രങ്ങളെ കെട്ടിച്ചു ഉ
ത്സവങ്ങളെയും കഴിപ്പിച്ചു ക്രിസ്ത്യാനരെ സ്ഥാനമാനങ്ങളിൽ നിന്നു നീ
ക്കി നൂതനവിശെഷത്തിന്റെ നെരെ ദൂഷണവും നീരസവും പരത്തുവാ
ൻ ഒരൊ പുസ്തകങ്ങളെയും തീർത്തു യെശുവിന്റെ പ്രവാചകം നിഷ്ഫല
മാക്കെണ്ടതിന്നു യരുശലെമിലെ ദെവാലയം പുതുതാക്കി കെട്ടുവാൻ ക
ല്പിച്ചു പണിതുടങ്ങുമ്പൊൾ നിലത്തിൽ നിന്നു തീ പുറപ്പെട്ടു വെലക്കാർ പലരും ന
ശിച്ചു ശെഷമുള്ളവർ പെടിച്ചു പൊയ്ക്കളഞ്ഞു — രണ്ടാമതും പണി തുടങ്ങും മു
മ്പെ യൂല്യാൻ മരിച്ചു എല്ലാം അസാദ്ധ്യമായിപ്പൊകയും ചെയ്തു — ൩൬൩
ആം - ക്രി - അ - കൈസർ പാർസികളൊടു പൊരുവാൻ പുറപ്പെട്ടു യുദ്ധം
തീർത്തു മടങ്ങിവന്നാൽ ക്രിസ്തുമതം ഇല്ലാതാക്കുവാൻ നിശ്ചയിച്ചു പ്രാന്ത-
ത്തിന്റെ അതിരുകളെ കടന്നു ജയിച്ചു എങ്കിലും കുന്തം തറെച്ചു മുറിയെറ്റ
പ്പൊൾ ഹാ ഗലീല്യാ നീ ജയിച്ചു എന്നു ക്രുദ്ധിച്ചു വിളിച്ചു പ്രാണനെ
വെടിക്കയും ചെയ്തു — അവന്റെ അനന്തരവന്മാർ ക്രിസ്ത്യാനരാക

കൊണ്ടു സഭെക്കു വിരൊധം കൂടാതെ വൎദ്ധിച്ചും പ്രബലപ്പെട്ടും ഇരിക്കയി
വാദത്താൽ മ- ത്രം ക്ലെശവും ദൂഷണവും ഇല്ലാതാകാതെ വലെന്ത
കൈസൎക്കുള്ള മതത്തെ ഗൎമ്മാന്യ ഗൊത്രങ്ങളിലും സ്ഥാപിച്ചു നടത്തി-
ഒടുക്കം ൩൮൦ാം ക്രി- അ- തെയദൊസ്യൻ കൈസർ രണ്ടാമത്തെ സാധാ
രണസഭാസംഘം കൊംസ്തന്തിനപുരിയിൽ വിളിച്ചു ചെൎത്ത് അധനാസ്യ
ന്റെ വിശ്വാസപ്രമാണം അംഗീകരിച്ചു എങ്ങും നടത്തി വിവാദം തീൎക്കാ
കും ചെയ്തു- അന്നു തൊട്ടു ബിംബാരാധന രാജ്യത്തിൽ താണു ക്ഷയിച്ചു
കൈസരുടെ ഖണ്ഡിത കല്പനകളാലെ ക്രമത്താലെ മുഴുവനും തീൎന്നു ക്രി
സ്തവിശെഷസത്യം രൊമരാജ്യത്തിലും പുറനാടുകളിലും വ്യാപിച്ചു ജയം
കൊള്ളുകയും ചെയ്തു-

ഗൎമ്മാന്യജാതികൾ രൊമരാജ്യത്തിലും ക്രിസ്തുസഭയിലും പ്രവെശിച്ച പ്രകാരം

൪൭., ഗൎമ്മാനർ.

വടക്കെ ബാല്ത്യകടൽ കിഴക്കെ തെക്കെ പടിഞ്ഞാറു ക്രമെണ വിസ്തുല- ദനു
വ റൈൻ നദികൾ ഇവ നാലതിൎക്കകത്ത് അകപ്പെട്ട നാടുകളിൽ ഗൎമ്മാ
നർ നഗരങ്ങളെ കെട്ടാതെ വെവ്വെറെ നിലംപറമ്പുകളിൽ പലകുടുക
ളായി കൃഷിയും ഗൊരക്ഷയും ചെയ്തു കൊണ്ടു വസിച്ചിരുന്നു ജന്മികൾ
വലിയവർ എല്ലാം സ്ത്രീകളിലും അടിമകളിലും ഏല്പിച്ചു നായാട്ടു- പട- സദ്യാദിക
ളിലും വിചാരസംഘങ്ങളിലും ചെന്നു ദിവസം കഴിച്ചു കൊണ്ടിരുന്നു-
ക്ഷെത്രങ്ങളും വിഗ്രഹങ്ങളും അവൎക്കില്ല- വങ്കാട്ടിൽ വിശുദ്ധസ്ഥലങ്ങ
ളിൽ വെച്ചു അവർ സ്വൎഗ്ഗത്തിൽ മെവുന്ന ദെവരാജാവായ വുധന്നും
ഭുവനരക്ഷ കഴിക്കുന്ന ഹല്ലൊ എന്ന ഭാൎയ്യെക്കും ഇടികളെയും യുദ്ധങ്ങ
ളെയും നടത്തുന്ന ദൊനർ തിയ്യ്സ് എന്നീ രണ്ടു പുത്രന്മാൎക്കും ഭൂമി എന്ന അൎത്ഥ
മുള്ള നെൎത്തുസ്സിന്നും കൃഷിഫലം സാധിപ്പിക്കുന്ന ഫ്രൊ ഫ്രെയ്യാ എന്നീ
൨ പുത്രന്മാൎക്കും മറ്റും മാഹാത്മ്യം ഉണ്ടെന്നു നിശ്ചയിച്ചു ഉത്സവം കൊ
ണ്ടാടി പലവിധെന ബലികളെ കഴിക്കയും ചെയ്തു- യുദ്ധത്തിൽ ചെ

ളും കാട്ടിമരിക്കുന്നവർ വീരസ്വർഗ്ഗത്തിലെഴുന്നെള്ളി സ്സുഖസന്തോഷി
ച്ചിരിക്കൽ വാഴുമെന്നും ഭീരുക്കളും ശേഷിച്ചവരെല്ലാവരും ഹേലാപരിതാപി
ക്കുന്നപാതാളത്തിം പുക്കു കഷ്ടിച്ചു പാർക്കും എന്നവരുടെ മതം — ആയതിയസ്സും
ലം ചെയ്യുന്നവർക്കും യുദ്ധബാധന്മാർക്കും മരണശിക്ഷ എന്നവെച്ചു പ
കാരിക്കുന്നത് ന്യായമാകകൊണ്ട് അവനെക്കും വസ്തുവകകളെക്കും
ദ്രോഹിക്കുന്നവരോട്ട് പ്രതിക്രിയ ചെയ്യുന്നത് ദോഷമല്ലെന്നവ
ർക്ക് രാജത്വമില്ലായ്കയാൽ ശ്രേഷ്ഠസഭായോഗം (കൂടി) വന്നതുചാർ
സഹായത്താൽ നെറിയും ന്യായവും നടത്തും മൂത്തമക്കൾ മാത്രം അവരുടെ
ശിക്ഷുകളാകകൊണ്ട് ശേഷമുള്ളവർ വിട്ടുപണിക്കാരായും അങ്കുശവാ
ന്തിക്കാരായും ഒരൊ പ്രഭുക്കന്മാരെ ആശ്രയിച്ചു സേവിക്കും സ്വദേശ
ത്തിൽ സമ്പത്തുള്ളപ്പോൾ അവർ പുറനാട്ടിൽ ചെന്ന് അന്യന്മാരെ അ
തിക്രമിച്ചു നാട്ടുകളെയും ധനങ്ങളെയും പിടിച്ചു പകുത്തെടുക്കും അവർ
ദുഷ്പ്രവൃത്തികളെ നടത്തുവാൻ ഒരൊ ജനസംഘങ്ങളും കൂടി താ
ന്താങ്ങടെ പ്രഭുക്കളെന്ന സമ്മതിച്ചു ഭാര്യാപുത്രന്മാരൊട്ട് കൂടെ പു
റപ്പെട്ട് അന്യന്മാരെക്കും ചെന്ന് പുതിയ വാസസ്ഥലങ്ങളെക്കും അ
ന്വേഷിച്ചു ബലം പറമ്പുകളെ പിടിച്ചടക്കി ശക്തിക്കുള്ള ജാതിക്കളായി
വർദ്ധിക്കയും ചെയ്തു —

൧൩. ഗത്ഥന്മാർ രോമരാജ്യത്തിലും സ്ഥാനങ്ങളിലും വന്ന പ്രകാരം —

ഈ പറഞ്ഞ ദുർജ്ജനസംഘങ്ങൾ ക്രിസ്തുവ ൨൫൦ - ആം മുതൽ രൊ
മസംസ്ഥാനത്തിൻ്റെ വടക്കെ അതിരുകളിൽ കലഹിച്ചു ഒരൊ നാട്ടു
കളെ അടക്കി പാർത്തുകൊണ്ടിരിക്കുമ്പോൾ രൊമർ അവരെ നീക്കി ക
ളയാതെ ശൂരന്മാരെ വരിച്ചു സ്വഗണങ്ങളോട്ട് ചേർത്തു മററവരൊട്ട് ക
പ്പം വാങ്ങുകയും ചെയ്തു — വലന്തൈൻ കൈസർ കിഴക്കെ സംസ്ഥാനം പ
രിപാലിക്കുമ്പോൾ മുന്തിളജാതിക്കാരായ ഹൂണന്മാർ ഗിന്നരൊത്തി ഞെ
ട്ടുവാൻ മനസ്സില്ലായ്കയാൽ സ്വദേശം വിട്ടു വൊല്ഗാനദിയെ കടന്നു ബെ
ല്ത്യാകടൽ തുടങ്ങി കാസ്പിക്കടൽ പര്യന്തമുള്ള ഒസ്താഗൊഥരുടെ രാജ്യം
സ്വാധീനമാക്കിയശെഷം ഒസ്ത്രഗൊഥർ ദനുവനദിക്കു വടക്കെ കാ

രത്തിലെ വെസ്തഗൊഥരൊട്ട ചെൎന്നു ദനുവിന്റെ തെക്കെ തീരത്തിങ്ക
ൽ വസിപ്പാൻ മസിയായ ദെശം തരെണമെന്ന വലന്തൊട്ട അപെ
ക്ഷിച്ചു യുദ്ധമല്ലകാംക്ഷിപ്പാനും ക്രിസ്തുമാൎഗ്ഗം അനുസരിപ്പാനും സമ്മതി
ച്ചതിനാൽ കൈസർ അവരെ മൈസ്യനാട്ടിൽ കുടിയിരുത്തി — അനന്ത
രം ഉല്ഫില എന്നെ അദ്ധ്യക്ഷൻ ക്രിസ്തുമതം ഗ്രഹിപ്പിച്ചു വെദവും അ
വരുടെ ഭാഷയിൽ വകുത്തു കൊടുക്കയും ചെയ്തു — അതിനെകുറയകാ
ലം കഴിഞ്ഞാറെ മൃഗക്കൂട്ടങ്ങളെ മെയ്പാൻ സ്ഥലം പൊരാ എന്നും ഭക്ഷ
ണസാധനങ്ങളെ വിലെക്കു വാങ്ങുമ്പൊൾ ഉപദ്രവികാരികൾ വളരെ ചതി
ക്കുഎന്നും കണ്ടു അവർ ഫ്രിദിഗർ എന്ന നായകനെ അനുസരിച്ചു ക
ലഹിച്ചു തുടങ്ങി ഹദ്രിയാനപുരിക്കരികെ വെച്ചു രൊമസെനകളൊ
ട്ട എതിരിട്ടു ഛിന്നഭിന്നമാക്കി കൈസൎക്കും ആപത്തുവരുത്തുകയും ചെ
യ്തു — ൩൭൮ ക്രി. അ. — അതിന്റെ ശെഷം ഗൊഥർ കരിങ്കടൽ തുടങ്ങി
അദ്രിയസമുദ്രത്തൊളമുള്ള നാടതിക്രമിച്ചു കൊള്ളകിട്ടുവന്നപ്പൊൾ
വലന്തിന്റെ അനന്തരവനായ ഥെയൊദൊസ്യൻ അവരെതിൎക്കിച്ചു
മൈത്ത ദെശത്തിലാക്കി വസിക്കുമാറു വരുത്തുകയും ചെയ്തു — അനന്തരം
കൈസർ പുത്രന്മാൎക്കും രൊമസംസ്ഥാനം വിഭാഗിച്ചു കൊടുത്തു കിഴ
ക്കെ അംശത്തിന്നു അവകാശിയാകുന്ന അൎക്കാദ്യന്ന രൂഫിനെയും പടിഞ്ഞാ
റെ സംസ്ഥാനം ഭരിപ്പവനായ ഹൊനൊൎയ്യന്നു സ്തിലിക്കവെയും സഹാ
രക്ഷകന്മാരാക്കി കൊടുത്തു അല്പകാലം കഴിഞ്ഞിട്ടു മരിക്കയും ചെയ്തു
൩൯൫ ക്രി. അ. — വെസ്തഗൊഥരാജാവായ അലരീകാരിയ മലംവലനം
ഹെതുവാക്കി പട്ടാങ്ങളെ ചെൎത്തു അൎക്കാദ്യനൊട്ട കലഹിച്ചു മക്കദൊ
ന്യ യവനരാജ്യങ്ങളെ കൊള്ളകിട്ടു പാഴാക്കി ഇല്ലുൎയ്യനാട്ടു പിടിച്ചടക്കി
വാക്കുമ്പൊൾ രൂഫിന്നുപകാരം സഹാരക്ഷകസ്ഥാനത്തിൽ വന്നകു
ത്രൊപ്യൻ സ്തിലിക്കവിൽ അസൂയപ്പെട്ടുകയാൽ ഇതല്യ അദ്ധ്യിവി
നെ അതിക്രമിക്കെണ്ടതിന്നു അലരീകെ ഉത്സാഹിപ്പിച്ചു ആയതിനെ
അവൻ അനുസരിച്ചു സൈന്യങ്ങളൊട്ടു കൂടപുറപ്പെട്ടു പൊലെന്ത്യനഗ
രത്തിന്റെ അരികെ സ്തിലിക്കൻ അവനൊട്ട എതിരിട്ടു ജെയിച്ചു വെസ്തഗൊ
ഥർ ഹൊനൊൎയ്യന്റെ ചെകവരാക്കി സെവിക്കെണ്ടതിന്നു സംഗതിവരു

ന്നുകയും ചെയ്തു- അല്പകാലം കഴിഞ്ഞശെഷം രദഗന്തഎന്നൊരു കവർച്ചക്കാരൻ- സ്വെവർ- വന്തായർ- അലാനർ- ഗൊഥർ- ഇത്യാദികളൊക്കളൊട്ടുകൂടി ഇതല്യക്കെതിരെ അക്രമിച്ചു വന്നപ്പൊൾ ക്ഷാമം വ്യാധിമുതലായ ബാധകൾ അവരിൽ വ്യാപിച്ചതകൊണ്ട സ്തിലിക്കൊൻ അവരെ ജയിച്ചു രാജ്യത്തിൽനിന്ന തെക്കൊട്ട നീങ്ങി കഴിവു വന്നു- അവർ വടക്കൊട്ടതിരിഞ്ഞു സ്ത്രീത്രഹ്യക്കിൽ വെച്ചു കൊംസ്താന്തിനെന്നൊരു കലഹക്കാരനെ കൈകവരാക്കി സെവിച്ചു അവിടെനിന്നും തൊററുപൊകശെഷം സ്ലാന്യ അധിഷ്ഠിപിൽ ഒരൊനാട്ടുകളെ അക്രമിച്ചടക്കി വെവ്വെറെ കുടിയിരിക്കയും ചെയ്തു- അതിന്നിടയിൽ ബുദ്ധികെട്ട ഹൊനൊര്യൻ വിശ്വസ്ത മന്ത്രിയായ സ്തിലിക്കൊവെ അകാരണമായി കൊല്ലിച്ചു അലരികൊട്ടും ശെഷിച്ച ഗൊഥ്യ ചെകവരൊട്ടും നിയമപ്രകാരമൊന്നും അനുസരിക്കായ്കകൊണ്ട എല്ലാവരും ഒരുമിച്ചു ഇതല്യയിൽ വന്നു കലഹിച്ചപ്പൊൾ ഹൊനൊര്യൻ ഭയപ്പെട്ടു രവന്നാക്കൊട്ടെക്കൊടിയാറെ അലരികതടവു കൂടാതെ നവട്ടം രൊമനഗരം വളഞ്ഞു പിടിച്ചു കൊള്ളയിട്ട ശെഷം തെക്കെ ഇതല്യയിൽ ചെന്നു പലനാശങ്ങൾ വരുത്തി- ൱൬൦. ക്രി- അ- മരിക്കയും ചെയ്തു- അവന്റെ അനന്തരവനായ അദുല്പൊട്ട ഹൊനൊര്യൻ ഞങ്ങളെ മെൽ പറഞ്ഞ ജൊവികളെ സ്ലാന്യയിൽനിന്നും ഒരു കലഹക്കാരനെ ഗാല്യയിൽനിന്നും ജയിച്ചു മുഴക്കെങ്ങനെ അവെസ്താഗാഥനെ സൈന്യങ്ങളൊട്ടു കൂടെ അയച്ചു യുദ്ധം സമാപ്തിച്ചിട്ട അവർക്ക ഇതല്യയിൽ പാസ്സാൻ ഒരു നാട്ടുകൊടുക്കെണ്ടതിന്നു നിശ്ചയിക്കയും ചെയ്തു- അനന്തരം അദുല്പ് ഗാല്യയിൽ ചെന്നു രൊമശത്രുക്കളെ ജയിച്ചു അവന്റെ വക്ഷക്കാരും അനന്തരവന്മാരും സ്ലാന്യയിലും പ്രവെശിച്ചു പൊരുതപിരനെക്കു മലയുടെ രണ്ടു ഭാഗത്തും ഒരു രാജ്യം സ്വാധീനമാക്കി ഇതല്യയിൽ മടങ്ങി വരാതെ അവിടെ വാണുകൊണ്ടിരുന്നു- അക്കാലം ഹൊനൊര്യൻ ഗാല്യദെശത്തെ ക്ഷെക്കാക്കി റൈൻ നദി വസ്ഗ മലകൾ രണ്ടിന്റെ നടു പ്രദെശവും ബുൎഗുന്തർക്ക കൊടുത്തുകളഞ്ഞു-

൱൧. പടിഞ്ഞാറെ രൊമസംസ്ഥാനം നശിച്ചു പൊയപ്രകാരം- ഹൊനൊര്യൻ കൈസർ പുത്രനില്ലാതെ മരിച്ചപ്പൊൾ കിഴക്കെ സംസ്ഥാ

നത്തിലെ കൊല്ലം അവന്നു പൂന്നാം വലന്തിന്യാനെന്ന അനന്തരവനാക്കി
വഴൊഴിച്ചുവാഴിച്ചു- അവന്റെ കാലത്തിൽ അയത്ത്യൻ എന്നൊരു മഹാ
ൻ അപ്രിക്കക്കിലെ പടനായകനായ ബൊനിഫാക്ക്യൽ അസൂയകൊലെ
കുററം ചുമത്തിയിരിക്കെ ചക്ക ഭയമുണ്ടാക്കിട്ട ബൊനിഫാത്ത്യൻ തനിക്കു കുററ
മില്ലെന്നു കൈസൎക്കു ബൊധം വരുത്തെണ്ടതിന്നു ഇടനെ സ്ഥാനഭ്രംശം
വരുത്തെന്നു വെച്ചു സ്പാന്യയിൽ വാഴുന്ന വന്താല രാജാവായ ഗൈസരി
ക്കെ തണെക്കാക്കി വിളിച്ചു മത്ത്യയുടെ വിസ്താരം തീൎന്ന ശെഷവും ഗൈസരി
ക്ക് മടങ്ങിപ്പൊവാൻ മട്ടുത്താത്ത് അപ്രിക്കയിൽ രൊമശാസനയുടെ കീഴി
ലുള്ള നാട്ടുകളെത്തന്നെ ആക്രമിച്ചു ടക്കിയ ധനവാന്മാരെയും സാധാരണ സഭ
ക്കാരെയും അത്യന്തം ഹെമിച്ചു നശിപ്പിക്കയും ചെയ്തു- അല്പ കാലം കഴി
ഞ്ഞിട്ടു ബ്രിതന്ന്യയിലും അപ്രകാരമുള്ള ഒരു അവസ്ഥ നടന്നു- കൊംസ്റ്റന്തീ
ൻ കൈസരുടെ കാലം മുതൽ ബ്രിത്തർ രൊമക്ക് അധീനന്മാരായിവാ
ണതിന്റെ ശെഷം വടക്കിന്നു പിക്തരും സ്കൊത്തരും വന്നു ആക്രമി
ച്ചു അവരൊട്ടു ചെറുപ്പാൻ ശ്ലെവക്കില്ലെന്നു കണ്ടു ബ്രിത്തർ ഗൎമ്മാന്ന്യ ചെ
ക്കവരെ വരുത്തിയ്യാകവർ ഹെങ്കിസ്ത- ഹൊർസ്സ എന്ന പടനായകന്മാ
രിരുവരെയും അനുസരിച്ചു വഴിയെ വന്ന യൂത്തർ- സക്സർ- അംഗ്ലർ
മുതലായ ജാതികളൊട്ടു ചെൎന്നു പിന്നെയൊരു യുദ്ധം കഴിച്ചു ബ്രിത്തരെ പരി
ഭവിച്ചു അവരുടെ രാജ്യം തങ്ങൾക്കു തന്നെ സ്വാധീനമാക്കുകയും ചെയ്തു
അതിന്നിടയിൽ ഹൂണർ രണ്ടാമതും രൊമരാജ്യത്തിൽ വൃക്ഷദെവച
മ്മട്ടി എന്നെത്ത മുഴുങ്ങി അത്തില എന്നൊരു മ്ലെച്ഛൻ അവൎക്കു നായകനാ
യി കൊൻസ്തന്തീനൊസ്യന്റെ പുത്രനായ രണ്ടാം തെയൊദൊസ്യൻ കൈ
സരൊട്ടു യുദ്ധം കഴിച്ചു ഹെമുമലയൊളമുള്ള ദനുവനദി പ്രദെശം എല്ലാം
പിടിച്ചടക്കുകയും ചെയ്തു- അതിന്റെ ശെഷം അത്തില തെയൊദൊ
സ്യന്റെ അനന്തരവനായ മൎക്ക്യാൻ കൈസരെ ശിരൽ എന്നറിഞ്ഞു
വെടിച്ചു വന്താല രാജാവായ ഗൈസരിക്കിന്റെ ചൊൽക്കെട്ടുപടി
ഞ്ഞാറെ രൊമസംസ്ഥാനം ആക്രമിക്കെണ്ടതിന്നു പുറപ്പെട്ടു ഒസ്ത്രഗൊ
ത്തർ ഗെപിദർ തുറിങ്ങർ- സ്കിരർ മുതലായ ജാതികളെ ചെൎത്തു റെൻന
ദിയൊളംചെന്നു ബുരിഗന്ത രാജാവായ ഗുന്ധരൊട്ടു അപെക്ഷ പ്ര

പ്രകാരം നിരന്നു സന്ധിച്ച ശേഷം സത്യലംഘനക്കാരനാകിന്ന അവനെ
സൎവ്വകുഡുംബത്തോടും സേവകന്മാരോടും കൂട മുടിക്കയും ചെയ്തു - ഹൂണപ്ര
ഭുക്കളിരുവരിൽ ഒരുവൻ അത്തിലയുടെ പക്ഷം എടുത്തു മറ്റെവൻ രൊ
മരൊടു ചെന്നു - ആ കാലം മെൽപറഞ്ഞ അയെത്യൻ ഗാല്യയിൽ
നാട്ടുവാഴിയാകി ഫ്രങ്കർ മുതലായ മ്ലെച്ഛക്കൂട്ടരുടെ സേനകൾ വാങ്ങി
കെട്ടുപെരുമ്പടയെ ചട്ടമാക്കി തെയൊദ്രിക് എന്ന വെസ്തഗോഥരാജാവെയും ബു
ൎഗ്ഗന്തർ - ഫ്രങ്കർ - അലെമാനിക്കർ - മുതലായ ജാതികളെയും ചേൎത്തു
൪൫൧ാം ക്രി. അ. - ശലൊൻ പൊൎക്കളത്തിൽ അത്തിലയെ എതിരിട്ടു ജയി
ച്ചു റെൻനദിക്കരയോളം ഓട്ടിക്കളകയും ചെയ്തു - അനന്ത
രം അത്തില തെക്കോട്ടു തിരിഞ്ഞു ഇതല്യാദ്വീപിൽ പുക്കു മിലാൻ
മുതലായ നഗരങ്ങളെ ഭസ്മമാക്കിയപ്പോൾ ലെയൊ പാപ്പാ അവനെ
ചെന്നു കണ്ടു രൊമയുടെ രക്ഷക്കായി അപെക്ഷിച്ചു രാജ്യം വിട്ടുപൊ
കുമാറാക്കി - അനന്തരം അവൻ ഹൂരാമലയെ തിരികെ ഗാല്യരാജ്യം
ആക്രമിക്കേണ്ടതിന്നു പോകുമ്പോൾ വെസ്തഗോഥർ അവനോടു എതി
രിട്ടു മടക്കി അയച്ചു കുറയകാലം കഴിഞ്ഞാറെ അവൻ മരിച്ചു - പുത്രന്മാ
ർ വാഴ്ചക്കായി തമ്മിൽ കലശൽകൂടി പൊരുതപ്പോൾ അധീനന്മാരാ
യ ഗെൎമ്മാന്യജാതികൾ കലഹിച്ചു ഹൂണരുടെ നുകം തള്ളി സ്വാതന്ത്ര്യം
പ്രാപിക്കയും ചെയ്തു - ഈ പ്രകാരം ആപത്തുകൾ ഒരൊന്നു നീങ്ങിപ്പൊയി
ട്ടും പടിഞ്ഞാറെ രൊമസംസ്ഥാനം രക്ഷിപ്പാൻ എല്ലാം പൊരാതെയായ്വ
ന്നു - ദുഷ്ടന്മാരെ നീക്കിക്കളഞ്ഞ അയെത്യനെ വലന്തിന്യാൻ കൈസ
ർ താൻ കൊന്നു അയെത്യന്റെ ചങ്ങാതികളാൽ മരിക്കയും ചെയ്തു - ദു
ഷ്ടപ്രവൃത്തികൾക്കു സംഗതി വരുത്തിയ പെത്രൊന്യൻ അനന്തരവനായി
വാണു - വലന്തിന്യാന്റെ വിധവയെ ബലാല്ക്കാരെണ ഭാൎയ്യയാക്കി എടുത്തു
അതിന്റെ പ്രതിക്രിയെക്കായി അവൾ വന്താലരെ രൊമയിലെക്കു വ
രുത്തി അവർ പെത്രൊന്യനെ വധിച്ചു രൊമനഗരത്തെ കൈക്കലാക്കി
കൊള്ളയിട്ടുകളകയും ചെയ്തു - അതിന്റെ ശേഷം ഉണ്ടായ കൈസൎമ്മാർ എല്ലാവ
രും ഗെൎമ്മാന്യപടനായകരുടെ സ്വാധീനത്തിൽ ആയിരിക്കുന്നു ആയവർ സാ
മ്രാജ്യത്തിന്റെ ഒരൊ അംശങ്ങളെ പിടിച്ചു വാണു ഒതൊവാക്കർ ...

രൊമക്കൈസരെ സ്ഥാനഭ്രഷ്ടനാക്കി ൪൭൬ാം ക്രി- ഒരു- ഇതല്യരാജാവാ
യി വന്നവൻ ധരിച്ചു വാഴുകയുടെ സ്ഥിരതെക്കായി സിസിലിദ്വീപിനെ വ
ന്നാലൎക്കും ഗാല്യരാജ്യത്തിൽ ഒരംശം വെസ്തഗൊഥൎക്കും കൊടുത്തു വാഴു
കയും ചെയ്തു- നിലവൎഷം കഴിഞ്ഞശെഷം ഫ്രങ്കരുടെ പ്രഭുവായ ക്ലൊദ്വിഗ്
ഗാല്യത്തിൽ വാഴുന്ന സ്യഗ്രിയൻ എന്ന റൊമരെ കലഹിച്ചു ൪൮൬ാം ക്രി- അ.
യുദ്ധം ഉണ്ടായാറെ അവനെ തൊല്പിച്ചു രാജ്യം തനിക്ക് അധീനമാക്കി
യപ്പൊൾ പടിഞ്ഞാറെ സംസ്ഥാനത്തിൽ റൊമരുടെ വാഴ്ച എല്ലാം ഒടുങ്ങി
രാജ്യം നഷ്ടമാകിവരികയും ഉണ്ടായി- അതിന്റെ ശെഷം ക്രിസ്ത്യകാല
ൽ വന്നായതും സ്വിസ്യരാജ്യദെശങ്ങളിൽ സ്വെവർ- അലാമനർ- വെന്ത
ഗൊഥർ- ഫ്രങ്കർ- ബുൎഗുന്തർ മുതലായ ഗൎമ്മാനക്കൂട്ടങ്ങൾ റെൻനദിയുടെ
കിഴക്കുള്ള അലമന്നരും ദനുവനദിയുടെ പടിഞ്ഞാറെ പ്രദെശത്തിൽ ബ
വൎയ്യരും ബ്രിതന്യയിൽ അംഗ്ലരും സക്ഷരും കുടിയിരുന്നു വാണു- ഇതല്യ
യിൽ ഒരു ഗൎമ്മാനപ്രഭു പലജാതികളിൽ നിന്നു ചെൎത്ത സൈന്യങ്ങളു
ടെ സഹായത്താൽ രാജാവായി ഭരിക്കയും ചെയ്തു-

൭൮., അരിയക്കാരായ ഗൎമ്മാനരുടെ നടുവിലുള്ള സാധാ
രണസഭക്കാരായ പറങ്കികൾ.

മെൽപറഞ്ഞ അവസ്ഥകൾ എല്ലാം മാറ്റം വരുത്തിയതു ഒസ്ത്രഗൊഥരു
ടെ രാജാവായ തിയദൊരിക് തന്നെ- കിഴക്കെ റൊമക്കൈസർ അവനെ
വളരെ മാനിച്ചു ഒതക്കരെ സ്ഥാനഭ്രഷ്ടനാക്കി ഇതല്യയിൽ നിന്നു നീക്കി
ക്കളയെണ്ടതിന്നു സാധിപ്പിക്കയും ചെയ്തു- മൂന്നിലവൎഷം യുദ്ധം
ചെയ്തതിന്റെ ശെഷം വെസ്തഗൊഥരുടെ സഹായത്താൽ അവൻ ഒതൊ
കരെ ജയിച്ചു ഒടിച്ചു രവെന്നക്കൊട്ടയെയും വളഞ്ഞു പിടിച്ചു കൊലയിൽ
ചാടിച്ചു അവനെയും വധനായി കൊന്നു- അവന്റെ സ്ഥാനം കൈക്കൊണ്ടു ഇ
തല്യരാജ്യത്തിൽ രാജാവായി വാഴുകയും ചെയ്തു- ൪൯൩ാം ക്രി-
അ. പ്രജകളുടെ മമതയെ നേടെണ്ടതിന്നു അവൻ വളരെ പ്രയത്നം ചെ
യ്തു ഗൊഥർ അരിയക്കാരും ഇതല്യർ സാധാരണസഭക്കാരുമായി ഒ
ന്നു ചെൎന്നു പാൎക്കുമ്പൊൾ പടിഞ്ഞാറെ റൊമസംസ്ഥാനത്തിൽ കുടിയി
രിക്കുന്ന ജാതികളുടെ മൎയ്യാദകൾ ഒന്നും അവൻ പ്ര

കർബുരിഗന്മാർ. തുരിംഗർ. വെസ്തഗൊഥർ വന്താലരൊടും ബാന്ധവം കെട്ടി പ്ര
കാരം റൊമായക്കുസ്തിഗ്ഛക്കിക്ക് പൊങ്കളത്തിൽ അലമന്നരെ ജയിച്ചു രാജ്യം
വശമാക്കിയപ്പൊൾ ശെഷമുള്ളവർ ഗിയൊഡെറിക്കിൽ ആശ്രയിച്ചു ബവെറുടം ബു
രിഗന്തരും അവന്റെ ത്രണയാത്തിന അനുസരിക്കയും ചെയ്തു — അനന്തരം സ്ലൊദ്വിഗ്
ബുരിഗന്തന്മാതിക്കാരത്തിക്ക് ആയ ഭാര്യക്കുടെ ഉത്സാഹാപെക്ഷയെ അനുസരിച്ചു
പുരാണാം. ൫൩൬. അം. സ്ലാനം. ഒറ്റു സാധാരണസഭയൊടു ചെൻ പ്രജകളെയും തെ
ൻറെ മതം അനുസരിക്കമാറാക്കി അല്പമൊരു കുഡുംബം കഴിച്ചു ഗിയൊഡെറിക്ക് അവ
നെ തട്ടപ്പറ്റാൻ സംഗതി വരുത്തു [illegible] സാധാരണ [illegible] വെന്ത
ഗൊഥരെക്കും ജയിച്ചു നരവരുടെ രാജ്യവും സ്വാധീനമാക്കി വാഴ്കയും
ചെയ്തു — ഈ പ്രകാരം ഫ്രങ്കരിക്കുടെ പ്രാചീനസ്വഭാവം ശക്തി അവകാശമാക്കി
വരുവാൻ ക്ലൊദ്വിഗ്ഗ് തൊരവഴിയാക്കി ഒരൊ പ്രദെശ പ്രഭുക്കളെ കീഴാക്കി രാജ്യം
നാലു മക്കൾക്കു പകുത്തു കൊടുത്തു ബുരിഗന്തരുടെയും തുരിംഗരുടെയും രാജ്യ
ങ്ങളെ കൂട്ടിച്ചെർക്കുവാൻ വട്ടം കൂട്ടുന്നൊൾ മരിക്കയും ചെയ്തു — പിന്നെ വിഭാഗ
ങ്ങളും അപഹാരങ്ങളും പലതും ഉണ്ടായശെഷം ക്ലൊഥർ എന്നവൻ സ്വരാജ്യ
ത്തിൽ പൊരുന്ന സംസ്ഥാനത്തെ പിന്നെയും നാലു പുത്രന്മാർക്കും പകുത്തു കൊടുത്ത
അനന്തരം സഹൊദരന്മാർ വൈരവും അഭിമാനവും പൂണ്ടു തമ്മിൽ
പൊരുതു രാജ്യം മുഴുക്കെ അതിക്രമവും കലഹവും സംഭ്രമവും മുഴുക്കമാറാ
ക്കി എങ്കിലും അതിരുകൾ ഫിനിസ്ത്രാം കുറയാതെ ഒസ്റ്റഗൊഥരുടെ വാഴ്ച
നാൾ കഴിഞ്ഞതിൽ പിന്നെ അലമന്ന്യ ബവെക്കു എന്നിട പ്രഭുദെശങ്ങൾ
കൂട പ്രകാരം രാജ്യത്തൊടു ചെരുകയും ചെയ്തു — ഇങ്ങിനെ രാജ്യത്തിന്നു ഇനിയും
മാഹാത്മ്യവും വർദ്ധിച്ചതിന്റെ കാരണം. വന്താലർ. ഒസ്തഗൊഥർ — ഇവ
ർക്കു തങ്ങളുടെ പ്രജകൾ ഒക്കയും ആശ്രയിച്ചു അറിയമതത്തെ അനു
സരിക്കാക്കൊണ്ടു വൈരമത്രെ. പൊരാഞ്ഞു കൊണ്ടാന്തിനപുരി
യിൽ നിന്നു കല്പന സൈന്യങ്ങൾ എതിർ നിന്നു കൊല്ലുവാൻ ശക്തിയാണെമാ
റില്ല പ്രകാരം കൊണ്ടും പ്രജകളും മതം ഭെദം കൂടാതെ ഒന്നിച്ചു സൈ
രമായി വാണു കൊള്ളുകയത്രെ ചെയ്തത് — ഇങ്ങിനെ അറിയക്കാരുടെ
രാജ്യങ്ങൾ ഒടുങ്ങിയതിന്റെ വിവരമാവിത് — പ്രംശിന രൊമക്കാർ വശത്തി
ലിരിക്കുന്നതിൽ കുറിയെതിയങ്ങൊക്കിക്കും കത്തൊലിക്കാർ ഇവരെ

ു അത്രെ എന്ന വിചാരിച്ചുകൊണ്ടു അപ്രകാരം പ്രവൃത്തിച്ചു നടത്തുവാൻ ത
ക്കം നൊക്കിക്കൊണ്ടിരുന്നു- ചക്രവൎത്തിയായ യുസ്തിനിയാൻ വാഴും കാലത്തു
വന്താലരാജാവായ ഹില്ദെരിക്ക കൈസരൊടിണങ്ങി സാധാരണസഭ
ക്കാരുടെ പക്ഷം നിന്നു യുദ്ധാഭ്യാസത്തിന്നു മടിവു കാട്ടുകകൊണ്ടു പ്രജ
കൾ അവനെ ഉപെക്ഷിച്ചു ഗെലിമെർ എന്നൊരുത്തനെ അവരൊധിച്ചു വാ
ഴിച്ചു- രാജ്യഭ്രഷ്ടനായി പൊയവനെ കൈസർ ചെൎത്തു രക്ഷിച്ചു പൊ
രിൽ കീൎത്തിപെട്ട പടനായകനായ ബെലിസരനെ സെനയൊടും കൂട
അഫ്രിക്കയിൽ അയച്ചപ്പൊൾ വന്താലർ സുഖാനുഭവത്താൽ സ്ത്രീഭാവം
തികഞ്ഞതുകൊണ്ടും പ്രജകളിൽ മതപ്പിണക്കം തീരായ്കകൊണ്ടും ഷി
ഷമാസത്തിന്നകം തൊറ്റുപൊയി ൫൩൪. ക്രി-അ- ഗെലിമെർ ആശ്രിതഭാ
വം കാട്ടി തന്നെത്താൻ ശത്രുവെ ഭരമെല്പിച്ചു ജയപ്രദക്ഷിണത്തിൽ ബെ
ലിസരന്റെ അടിമയായി നടകൊണ്ടു കാണപ്പെടുകയും ചെയ്തു- പൊ
രാട്ടത്തിന്നിടയിൽ ഹില്ദെരിക്ക അപമൃത്യുവരികകൊണ്ടു യുസ്തിനിയാൻ
വന്താലരാജ്യത്തെ തന്റെ വശമാക്കിക്കൊള്ളുകയും ചെയ്തു- അനന്ത
രം ഒസ്ത്രെഗൊഥരുടെ യുദ്ധം തുടരുവാൻ കാരണം- ഥിയദ്രിക്കിന്റെ മകളാ
യ അമലസ്വിന്തയെ ബന്ധുവാകിയ ഥെയദത്തൻ വെട്ടി ഉടനെ അവനെ
കുലചെയ്തതുകൊണ്ടാറെ ഇതു യുദ്ധത്തിന്ന നല്ല തരം എന്നിട്ടു കൈ
സർ ബെലിസരനെ ബലങ്ങളുമായി അയച്ചപ്പൊൾ തെക്കെ ഇതല്യ
യെ അടക്കിയ സമയത്തു ഗൊഥരിൽ മഹായൊഗ്യരായവർ രാജാവി
നെ കൊന്നു വിത്തിഗെസിനെ സ്ഥാനത്താക്കി യുദ്ധത്തിന്ന സാഹസിക്ക
യും ചെയ്തു- എന്നിട്ടും ശ്രീ ഉണ്ടായില്ല ബെലിസരൻ രൊമപുരിയെ പിടിച്ചു
രവന്നയെ വളഞ്ഞുകൊണ്ടു ചതിപ്രയൊഗത്താൽ കൊട്ടയിൽ കയറി
വിത്തിഗെസിനെ കൈക്കലാക്കി ചങ്ങലയിട്ടു കൊംസ്തന്തിനപുരിക്ക അയച്ചുവി
ട്ടു- മന്ത്രികളുടെ അസൂയകൊണ്ടു ബെലിസരനെ സ്ഥാനത്തിന്നു നീ
ക്കിയപ്പൊൾ ഗൊഥരിൽ യുദ്ധശീലം തികഞ്ഞ തൊതില എന്ന രാജാ
വുദിച്ചതിനാൽ ജയവും അപജയവും വളരെ ഉണ്ടായിട്ടും തീൎച്ച വന്നി
ല്ല എന്നു കൈസർ കണ്ടു ബെലിസരനെ മടക്കി അയച്ചു- പണവും സന്നാ
ഹങ്ങളും എറ്റവും കുറകയാൽ ബെലിസരന്നും ജയം വന്നില്ല

അപ്പൊൾ പെൎസ്സൻ മഹാസൈന്യങ്ങളൊടും വന്ന അവന്ന പത്തരം പട
നായകസ്ഥാനം എടുത്ത പൊരാടി ആ ദിവസത്തിൽ ജെയിച്ചു രൊമ്മിലാ
വും പൊക്കുളത്തിൽ പട്ടുകാ കൊണ്ടെ യുദ്ധം തീൎന്ന– ശെഷത്തിൽ അല്പമാ
ത്രി ശെഷിച്ചു ജെനം ക്രമത്താലെ മറിക്കകൊണ്ടും മലകളെ കടന്ന വടക്കെ
ഇതാലികളൊട്ടു ഇടകലൎന്ന പൊകകൊണ്ടും ഇതാലിനാമത്തിന്നും മൂലൊ
ച്ഛെദം വന്ന പൊകയും ചെയ്തു– ൪൭൬ാം ക്രി-അ. ഇതല്യയിന്നെയും അ
ശെഷം രൊമഭൂമി ആക്കി എന്നാലും സൈന്യമുണ്ടായില്ല– പ്രക-ബെറുളന്ത-
അലമന്ന്യ ഇത്യാദി ജാതികളും അതിക്രമിച്ചു ചെയ്തു പല യുദ്ധങ്ങളാ
ൽ നാടെല്ലാം കാടാക്കി പട്ടണങ്ങളിൽ ഉഷ്ണമായ രൊമപുരി പലവട്ടം
വളഞ്ഞും പിടിച്ചും പൊരുമ്പൊഴെക്ക അവന്റെ ഉണ്ടായ ചരിത്രമാളിക
മാടം രാജധാനി തുടങ്ങിയുള്ളവയും മറ്റും വിശിഷ്ടപണികൾ മിക്കതാറും
ചുട്ടിച്ചും ഇടിച്ചും കിടക്കയും ചെയ്തു–

൧൬൮. പടിഞ്ഞാറെ യുരൊപരാജ്യങ്ങളിൽ സാധാരണ
വിശ്വാസപ്രമാണം ഐക്യം പ്രാപിച്ചത്–

യുസ്തിന്യാൻ വെന്ത ഗൊഥരാജ്യവും വശത്താക്കുവാൻ ഭാവിച്ചു എങ്കിലും
സ്വാന്ത്യ കടപ്പുറത്ത മാത്രം സൈന്യങ്ങളെ അയപ്പാൻ സംഗതി വന്നതെ
ഉള്ളു– അവന്റെ അനന്തരവനായ ദ്വം. യുസ്തിന്റെ കാലത്തിൽ ഇതല്യ
യിന്നെയും നഷ്ടമാക്കി പൊയി– അതെങ്ങിനെ എന്നാൽ യുസ്തിന്യാൻ ശ്രു
നൊഗെപിദരെ ശങ്കിച്ചു അതിൎനാട്ടുകളെ സൂക്ഷിപ്പാനാക്കിയ ലംഗബൎദ്ദ
ർ എന്നൊരു ഗൎമ്മാന്യജാതിയെ ദ്രാവ-ദനവനദികളുടെ മദ്ധ്യപ്രദെശ
ത്തിൽ പാൎപ്പിച്ചു– അവരുടെ രാജാവായ അല്ബൊയിൻ ഗെപിദരെ മുടിച്ചു
കളഞ്ഞു ൫൬൮ാം ക്രി-അ- ഈരണ്ടാം യുസ്തിന്റെ മാററാനാക്കി ഇതല്യയി
ൽ ചെന്ന പ്രയാസം കൂടാതെ അതിന്റെ വടക്കെ അംശം പിടിച്ചു ടിചി
പവിയനഗരം രാജധാനിയാക്കി വാഴുകയും ചെയ്തു– അവന്റെ അന
ന്തരവന്മാർ ക്രമത്താലെ അധികം തെക്കൊട്ടു ചെന്ന ഒരൊ നാട്ടുകളെ
യും നഗരങ്ങളെയും സ്വാധീനമാക്കി ഒടുവിൽ രൊമര വെന്നവരൊടു
തലായകൊട്ടുകളും ഇതല്യാദ്വീപിന്റെ തെക്കെ കടപ്പുറങ്ങളും ഒഴികെ
ദെശമെല്ലാം അവരുടെ വശത്തിലാക്കുകയും ചെയ്തു– രൊമ ലംഗബൎദ്ദർക്കും

അറിയക്കാരായിരുന്നു- പിന്നെ ബവക്ക് പ്രഭുവിന്റെ വൃത്തിയാകയാൽ ഇദമി ന്നത അവരുടെ രാജ്യത്തിന്റെ പത്തിയാക്കിവന്നപ്പൊൾ അവർ രൊമാദ്ധ്യക്ഷനായ ഗ്രെഗൊരുടെ സഹായത്താൽ സാധാരണ വിശ്വാസപ്രമാണം അവരിൽ പരത്തുക കൊണ്ടു ക്രമത്താലെ എല്ലാവരും അറിയമതം ഉപെക്ഷിച്ചു സാധാരണസഭയൊടു ചെരുകയും ചെയ്തു- അതിന്നു മുമ്പെ വെസ്തഗൊഥരും സ്വെവരും അറിയന്റെ വ്യാജൊപദെശങ്ങളെ ഉപെക്ഷിക്കെണ്ട രാജാവെ അനുസരിച്ചു സാധാരണ ക്രിസ്ത്യാനരായിതീൎന്നു- ബ്രിത്തന്ന്യയിൽ വലിയ യുദ്ധങ്ങളും കലഹങ്ങളും നടന്ന ശെഷം ഗൎമ്മാനർ കൂടക്കൂടെ ചെന്നിട്ടു ഒടുവിൽ ബ്രിത്തർ രാജ്യത്തിന്റെ പടിഞ്ഞാറെ അംശങ്ങളും ഐവെത്സ- കൊൎന്നുവൽ എന്ന മല നാടുകളിൽ വാങ്ങിപ്പൊകേണ്ടിവന്നു- അവർ ഏറകാലം മുമ്പെ സുവിശെഷം അംഗീകരിച്ചു ക്രിസ്ത്യാനരായിതീൎന്നു ഐരർ- സ്കൊതർ- എന്നിരണ്ടു ജാതികളിലും തങ്ങളുടെ വിശ്വാസം പരത്തുകയും ചെയ്തു- ഗൎമ്മാനർ ബ്രിത്തന്ന്യയിൽ പിടിച്ചടക്കിയ നാട്ടുകളിൽ ഒന്നര മനുഷ്യാചാരങ്ങളെയും ക്രിസ്തസഭയെയും ഒടുക്കിക്കളഞ്ഞു- ൬൦൦ാം ക്രി- അ- മെൽ വന്ന ഒരു രൊമാദ്ധ്യക്ഷൻ സുവിശെഷം ഘൊഷിക്കെണ്ടതിന്നു ഔഗുസ്തീനെ മിശിയൊനരൊടു കൂടെ അയച്ചു- കെന്തിൽ വാഴുന്ന ഏഥെല്ബെൎത്ത രാജാവ് അവനെ കൈക്കൊണ്ടു സുവിശെഷസത്യം തന്റെ രാജ്യത്തിൽ പരത്തുവാൻ അനുവദിച്ചു- അന്നുമുതൽ ഒരൊ പാതിരിമാർ ജാതികളിൽ ചെന്നു പല കഷ്ടങ്ങളെയും ഉപദ്രവങ്ങളെയും സഹിച്ചിട്ടും ഏകദെശം ൧൦൦ സംവത്സരം കഴിഞ്ഞാറെ ഗൎമ്മാനർ ബ്രിത്തന്ന്യയിൽ സ്ഥാപിച്ച രാജ്യങ്ങളിൽ ദൈവവചനം എങ്ങും ജയം കൊണ്ടു നിവാസികൾ എല്ലാവരും സാധാരണ വിശ്വാസികളായിവരികയും ചെയ്തു- ഈ പ്രകാരം ഗൊഥർ കിഴക്കെ രൊമസംസ്ഥാനത്തിൽ വന്നു അറിയമതം അനുസരിച്ചു ൧൦൦ സംവത്സരം കഴിഞ്ഞ ശെഷം പടിഞ്ഞാറെ സംസ്ഥാനങ്ങളിൽ കുടിയിരുന്ന ഗൎമ്മാനജാതികൾ എല്ലാം സാധാരണ ക്രിസ്തസഭയുടെ വിശ്വാസപ്രമാണം അനുസരിച്ചു കൊണ്ടിരുന്നു-

൨൧- പടിഞ്ഞാറെ ക്രിസ്തസഭാവസ്ഥ-

അറിയക്കാർ നീങ്ങിയ ശെഷം എല്ലാ ക്രിസ്ത്യാനരുടെയും വിശ്വാസപ്രമാ

ണം ഒന്നു തന്നെ- എങ്കിലും അതിനെ നടത്തുന്ന പ്രകാരം വെവ്വേറയാകുന്നു
ന്നു കിഴക്കെ സഭക്കാരുടെ ഇടയിൽ വെച്ചു പുത്രനും പിതാവൊടുള്ള സം
ബന്ധത്തെ കുറിച്ചു ഉണ്ടായ വിവാദം ആ സഭയിൽ മാത്രമെ വ്യാപിച്ചുള്ളു പ
ടിഞ്ഞാറെ സഭക്കാരെല്ലാവരും കെവലം ബുദ്ധിക്കല്ലാതെ ക്രിയകൾക്കു തന്നെ
പ്രകാശം വരുത്തെണമെന്നു വിചാരിച്ചു വരികകൊണ്ടു ൪൦൦ ക്രി- ആ-
പെലാഗ്യൻ എന്നൊരു മഠസ്ഥൻ ഉണ്ടായിക്കൊ ഉപദെശിയരമായി
ത്തു- മനുഷ്യൻ ആദ്യദൊഷത്തൊടു കൂടാതെ പിറക്കുന്നു എന്നും താൻ
തന്നെ പുണ്യത്തിന്നു സാധിക്കുന്ന വഴിയാകിതന്റെ നിശ്ചയിക്കയും
സമ്പാദിക്കുന്നെന്നും മനുഷ്യപ്രയത്നം കൊണ്ടു പാപിക്കുന്ന സൽക്രി
യക്കാരും അതിമാനുഷമായതിനെ ക്രിസ്തു സ്ഥാപിച്ചു എന്നും ആദാമി
ൻറ പുത്രവെഷ്ടുകളെ നിവൃത്തിച്ചു യൊഗ്യത വരുത്തുന്നവനത്രെ ജ്ഞാ
സ്നാനം കൊണ്ടും ദിവ്യകാരുണ്യവരങ്ങളെ കൊണ്ടും ആഗതി ലഭിക്കും
എന്നും ഈ പ്രകാരമെല്ലാം പരസ്യമാക്കുന്നതു കൊണ്ടു അത്രൊകബെന്ധത്തി
ലെ വിശിഷ്ടാദ്ധ്യക്ഷന്മാരും സഭെക്കു ദിവ്യദീപസ്തംഭവമാകുന്ന
ഷു ഔഗുസ്തീൻ പിതാവിച്ചു അനെകം പുസ്തകങ്ങളെ കൊണ്ടും വെദം
കൊണ്ടും വാദിച്ചു പറഞ്ഞതിവണ്ണം- മനുഷ്യൻ ജനിക്കുന്നതു പാപത്തൊ
ടു കൂടയാകുന്നു എന്നും സ്വതവെ നീതിക്കില്ലാത്തവനും നീതി ഹീനനും ആ
ത്തവനുമാകകൊണ്ടു ക്രിസ്തുവിന്റെ നീതിയാലത്രെ ആശ്രയം ആകുന്നു
നാവൻ എന്നും ഒരെറ്റ സ്വന്തപ്രയത്നത്താലല്ല മറ്റും ദൈവക
രുണയാലത്രെ ലഭിക്കും എന്നും കാണിക്കയാൽ- സഭ പെലാഗ്യൻറെ
ഉപദെശത്തെ തള്ളിക്കളകയും ചെയ്തു- എങ്കിലും ഔഗുസ്തീൻ മനുഷ്യ
ൻ തന്നിഷ്ടം കൊണ്ടു ഒന്നും സാധിപ്പിക്കാതെയിരിക്കുന്നതല്ലാതെ
ദൈവം വെറുതെ ഇവനെ സൽക്കരിക്കും ഇവനെ ദുഷ്കരിക്കും മുമ്പെ നിശ്ച
യപ്രകാരം വരിപ്പിച്ചു എന്നു തൊന്നുകകൊണ്ടും ആ കാലത്തിലെ
ജ്ഞാനങ്ങൾ സൽക്രിയകൾ അത്യാവശ്യം തന്നെ എന്നു മുഴുക്കം ഉറപ്പിക്ക
കൊണ്ടും അവൻ ദൈവകാരുണ്യ സ്വാതന്ത്ര്യപ്രകാരവും മനുഷ്യനു
ടെ നൽചെയ്തി പ്രകാരവും ഉപദെശിച്ചിട്ടുള്ള പുണ്യസത്യം നിലനിന്ന
തിന്നു കുറവു വന്നു പൊയി- ക്രിസ്ത്യാനരെല്ലാം കൂടി സത്യം നീതി കാത്തുകൊള്ളാതെ

നവിശ്വാസമുണ്ടല്ലൊഇപ്പൊൾസത്ക്രിയകാണിച്ചുതരെണമെന്നചൊ
ദിക്കയാൽക്രിയകളെകാണിക്കമാറാകയാൽമതിക്രിയകളെഞങ്ങൾചെ
ക്കുന്നതന്തർഭാവംദൈവത്തിന്നറിയാം.എന്നഎദിയാങ്ങനങ്ങൾഎറമ്പി
ട്ടുഭിക്ഷചെയ്തുപ്രാൎത്ഥനകളെവൎദ്ധിപ്പിച്ചുജ്ഞലഭൂമികളെദൈവസ്വ
ത്താക്കിഎല്ലാപ്പൊഴുംപലതപസ്സുകളെകൊണ്ടുംപീഡിപ്പിച്ചുഇങ്ങിനെനാനാവിധമാക്കി
സല്പ്രവൃത്തിക്കുയൊഗ്യതവരുത്തിത്തുടങ്ങുകയുംചെയ്ത-മിസ്രയിൽഅന്തൊ
ണിയുംപക്കൊമ്യൂസുംമനുഷ്യസംഗംവിട്ടുപിരിഞ്ഞുമുതലുംഗൃഹസ്ഥതല
യുംഉപെക്ഷിച്ചുയൊഗംഅഭ്യസിച്ചുഏകാന്തത്തിൽവാനപ്രസ്ഥന്മാരാ
യുംമഠവാസികളായും.ദിവസംകഴിപ്പാൻതുനിഞ്ഞപ്പൊൾഅനെ
കർഅനുകാരംചെയ്വാൻതുടങ്ങിയതിനാൽസമ്പാദിക്കയുംചെയ്ത-യൊ
ഗവുംതപസ്സുംചെയ്തുവരുന്നപുണ്യംപലൎക്കുംഅസാദ്ധ്യംഎന്നിട്ടുഅതി
പുണ്യവുംഅതിനാൽസാധിക്കുന്നഅതിസല്ഗതിയുംഅടിയങ്ങൾക്കുവെ
ണ്ടാനരകത്തിൽതന്നെതെറ്റിസ്വൎഗ്ഗപ്രാപ്തിഉണ്ടായാൽവെണ്ടുഎന്നുചൊ
ല്ലിച്ചുതാൻതാൻസഭയിൽക്രിയവനെന്നുംസ്നാനംചെയ്തസദാചാരം
ഗ്രഹിച്ചുവനെന്നുംവെണ്ടാസനംചെയ്യാതെഅല്ലുംഇലതെറുത
പ്പൊക്കിട്ടുഅനുതാപംനന്നായികാണിക്കുന്നവനെന്നുംക്രിസ്തുസംബ
ന്ധത്തെരാത്രിദൊഷനംകൊണ്ടുവൎദ്ധിപ്പിച്ചുവരുന്നവനെന്നുംഇവ്വ
ണ്ണംസഭക്കാർമുറുംഉറച്ചുവിശ്വസിക്കയുംചെയ്ത-രൊമരാജ്യക്കാർ
അശെഷംസഭയിൽചെരുന്നകാലംതുടങ്ങിഇങ്ങിനെബാഹ്യ
സ്ഥിതപംമെൽകൊണ്ടുപരന്നുവരികയാൽഗൎമ്മാനർമുതലായഅ
ന്യജാതികളുംമാൎഗ്ഗത്തെശ്രമിപ്പാൻപ്രയാസംകൂടാതെയാ
ക്കുന്നു—ഒരൊരൊപെതന്നരെണ്ണംആയിരംനൂറായിരവുംഒരു
മ്പെട്ടസ്നാനത്തെഏല്ക്കകൊണ്ടുഒരൊന്നുന്നാവിനെവരിക്കചെ
യ്യാനൊസത്യംഅഭ്യസിപ്പിപ്പാനൊഇടഒട്ടുംവന്നില്ല-ഇവർകളുള
ദെവകളെവിട്ടുന്നത്മതിപരലൊകത്തെയുംഭൂലൊകത്തെയുംപ
ടച്ചുഅവരെയുംവിചാരിച്ചുവരുന്നഏകദൈവത്തിന്റെയുംപാദ
പെട്ടമരിച്ചുഅവരെയുംനെരിമഹാവൈഭവംകൊണ്ടുകരി
ഞ്ഞുകൊള്ളാനുംതള്ളികളവാനുംശക്തനായഏകകാരണിതാ

ഷിന്റെയും നാമത്തിൽ ജ്ഞാനസ്നാനം ചെയ്യാൻ അവർ അനുസരിച്ചു
ട്ടുള്ളവരല്ലൊ- എന്നാൽ അവർ നരകത്തിന്നല്ല സ്വർഗ്ഗത്തിന്നു ഉടയക്കളത്രെ
ന്യൂഷാക്ക്മാർ കല്പിച്ചുവരുന്ന ക്രമത്തിൽ അവർ പാപം ചെറുവ
റഞ്ഞു അനന്തരം പാപത്തെ കാണിച്ചു ധർമ്മം നല്കി ഇങ്ങിനെ സ്വർഗ്ഗത്തിന്ന
അനുക്രമത്തിൽ ഷക്കളെ ചെയ്തു തുടങ്ങി ഉപദേശത്തിന്നു ഉറപ്പും
പൊരും എന്നു ബൊധസമ്പത്തം- നിത്യ കുഡുംബങ്ങളെ കൊണ്ടുവരുമ്പോൾ
ഒപ്പൊലെ വന്ന ഗർഭന്മാരുടെ ഇടയിൽ വസിച്ചുപൊകയാൽ ക്രിസ്ത്യാനിഷാ
സ്ത്രീയും ശിഷ്യന്മാരിൽ പലരും ഒന്നിന്നും ശീലം വരുത്താതെ മറ്റുള്ളവരുടെ
സംഗം കൊണ്ടു തങ്ങളും തരം കെട്ടുപൊകി- അനുസരിച്ചുപൊയതൊതിക
ളെ ക്രിസ്തമതത്തിന്റെ ഷ്ടാനത്തിനും ശുദ്ധബുദ്ധിയും സ്വഭാവബൊധവും
പരിപാകവും വരുത്തുന്നതിന്നും അത്യന്തം ഉത്സാഹിച്ചു പടിയാർ അല്ലൂ
മതപ്രമാണത്രെ ഒക്കെ- പടിഞ്ഞാറെ ലൊകത്തിലെ മതക്കാരിൽ ബൊ
ന്ദിത്തനെന്നൊരു ഉത്തമൻ എല്ലാവരും നടക്കേണ്ടുന്ന മര്യാദം കല്പി
ച്ചു അതിനെ വ്യക്തിക്കു ഉപദേശങ്ങളും അംഗീകരിച്ചു കല്പനപ്രകാരം പഠിപ്പി
ച്ചു ക്രിസ്തുപുസ്തകങ്ങളെ പകർത്തുവാൻ പണിക്കാരെ ചട്ടത്തിൽ ചെയ്തു എതി
യക്കൊണ്ടികളിൽ ഉപകാരികളാക്കുന്ന സംഘം ഉണ്ടാക്കിയും ചെയ്തു
ഇതിൽ കിഴക്കെ സഭക്കാർ കുറയും പാശ്ചാത്യാഭ്യാസത്തിൽ പടിഞ്ഞാറെക്കാ
വർ കുറയും- യവനഭാഷ അറിയുന്നവർ ഏറ്റവും കുറഞ്ഞുപൊയി എ
ബ്രായവിദ്വാന്മാർ പണ്ടെ ദുർല്ലഭം അതുപൊലെ കെവലം ഇല്ല- ഔഗുസ്തീൻ ഉള്ള
ന്നിതനായ ഷിയരൊമൻ എന്ന വിദ്വാൻ വെദതൊലത്തിൽ നിന്നു ആദി
യതല്ലാതെ ആരും വെദം ഒട്ടും വായിക്കുമാറില്ല- ഇവരെല്ലാം ഒന്നും വിചാരി
ച്ചാൽ ഗർഭത്തിൽ സ്വവിശേഷവചനം കൊണ്ടുള്ള കാലത്തിൽ അല്പം
പ്രയൊജനം ഉണ്ടായതിന്നു ശുശ്രൂഷ്ക്കും വെണ്ടാ സഭ നശിച്ചുപൊകാക്കു
കൊണ്ടു ശുശ്രൂഷ്ക്കും ഉണ്ടെതാനും- പണ്ടെ ഉറപ്പിച്ചു മടിയാതെ നടത്തുന്ന
സഭാവെപ്പുകൾ ക്രിസ്തമതത്തിന്നു സ്ഥിര ആറ്റിയും കെട്ടമായി
രുന്നു- ററവെപ്പുകളെ ശീലിച്ചു അനുസരിക്കണമെന്നു ഗർഭന്മാരു
ടെ ആയും ആയതിന്നമെല്പെട്ടു ഉള്ളത് അന്നു അറിഞ്ഞതുമില്ല അറി
ച്ചതുമില്ല- ദൈവം ഏകനായി അതിന്നു വട്ടം ക്രിസ്തീയതെ

ശുദ്ധ —

൫൮. കിഴക്കെ രോമസംസ്ഥാനവും ക്രിസ്തുസഭയും.

പടിഞ്ഞാറെ രാജ്യങ്ങളിൽ രോമഗൎമ്മന്യജാതികളും ആചാരങ്ങളും ഒന്നാ
യി ചേൎന്നുവന്നപ്പോൾ കിഴക്കെ രോമസംസ്ഥാനത്തിന്റെ അവസ്ഥ വു
രാജ്യങ്ങളിൽനിന്നു പല അതിക്രമങ്ങൾ സംഭവിച്ചു സംഗതിയാൽ പെ
ന്തരുങ്ങി നടന്നുകൊണ്ടിരുന്നു കൈസൎമ്മാർ മിക്കവാറും പ്രാപ്തിയില്ലാത്ത
വരായി ഒരൊ പക്ഷഭേദങ്ങളിൽ ദിവസം കഴിച്ചു രാജ്യം ക്ഷയിപ്പിക്ക
യും ചെയ്തു — യുസ്തിന്യാൻ വിശിഷ്ട പടനായകരെ കൊണ്ടു വന്താലരെ
യും ഒസ്തഗോഥരെയും ജയിച്ചശെഷവും ദനുവനദിതീരവാസികളായ
സ്ലാവജാതികളെ തടുക്കേണ്ടതിന്നു പിടിച്ചുപറിക്കാരായ അവാരെ
രക്ഷിച്ചെകവരാക്കേണ്ടിവന്നു — പാസിരാജാവായ കൊസ്രുവെ തനി
ക്കു അപമാനവും നഷ്ടവും സംഭവിക്കുംവണ്ണം അമൎത്തിക്കുവാൻ കഴിവു
ണ്ടായി — മൌറിത്യൻ അവാരക്കു കപ്പം കൊടുത്തു ഫൊക്കാവ് ഉണ്ടാക്കിയ
കലഹത്തിൽ നശിച്ചു — ഫൊക്കാവെ സ്ഥാനഭ്രഷ്ടനാക്കി വധിച്ചതു ഹെ
രക്ലിയൻ തന്നെ ഈ ഹെരക്ലിയന്റെ കാലത്തിൽ കൊസ്രു — മിസ്ര —
സുറിയ — പലസ്തീന രാജ്യങ്ങളെ അതിക്രമിച്ചടക്കി അവാരർ കൊംസ്ത
ന്തിനപുരിയോളം ആക്രമിച്ചു കൊള്ളയിട്ടുവന്നശെഷമത്രെ കൈ
സർ ധൈൎയ്യഭാവം തുടങ്ങി ഉണൎന്നു സെനകളെ കൂട്ടി ധൈൎയ്യം മുഴുത്തു പൊരു
തുടങ്ങിച്ചു ശത്രുക്കളെ രാജ്യത്തിൽനിന്നു എങ്ങും ആട്ടിക്കളകയും ചെ
യ്തു — എന്നിട്ടും സൌഖ്യം വന്നില്ല — സഭാവിവാദങ്ങൾ രാജ്യത്തെ ഇത്രനാ
ളതിന്നു അലക്ഷന്ത്ര്യ കൊംസ്തന്തിനപുരികളിലെ മെലദ്ധ്യക്ഷന്മാർ ത
ങ്ങളിലുമുള്ള അസൂയനിമിത്തം ഒരൊ ഭാഗങ്ങളും തൎക്കങ്ങളും സഭയെ ഇത്രം
ഭ്രമിപ്പിച്ചു പലവിധനാശങ്ങൾക്കും സംഗതി വരുത്തികൊണ്ടിരുന്നു — അൎക്കാ
ദ്യൻ കൈസരുടെ കാലത്തിൽ അലക്ഷന്ത്ര്യയിലെ മെലദ്ധ്യക്ഷനായ
ഥെയോഫിലൻ ദുസ്സാരകുറ്റങ്ങളെ ചൊല്ലി മഹാഭക്തനായ യൊ
ഹന്നാൻ ക്രുസസ്തോമൻ എന്ന കൊംസ്തന്തിനപുരിയിലെ മെലദ്ധ്യ
ക്ഷസ്ഥാനഭ്രംശവും നാടുകടത്തലും വരുത്തി — ൪൫൦ തെയൊദൊസ്യൻ
വാഴുംകാലം കിരില്ലൻ എന്ന അലക്ഷന്ത്ര്യ മെലദ്ധ്യക്ഷൻ കൊംസ്തന്തി

നപ്പുറിക്കിലൊനെസ്തൊർക്കുമാക്കിയെശുമിശിഹായിലെദിവ്യമാനുഷസ്വാഭാ
വങ്ങളെക്കുറിച്ചുവാദംതുടങ്ങിയതുമൂലംതീർപ്പാൻ ൪൩൧-അം-എഫെസൂസി
ൽസാധാരണസഭാസംഘംകൂടിയിരിക്കയിൽനെസ്തൊർക്കുവൻറഉപദെ
ശംതെറ്റുതന്നെഎന്നുനിശ്ചയിച്ചുഅവനെസ്ഥാനത്തിൽനിന്നുംരാജ്യ
ത്തിൽനിന്നുംഭ്രഷ്ടനാക്കിഎങ്കിലുംഅവൻറെപക്ഷക്കാർകിഴക്കൊ
ട്ടുപുറപ്പെട്ടുമെസൊപൊത്താമ്യയിലുംമറ്റുംചെന്നുപാർത്തുമിശിഹായിലെ
സ്വഭാവങ്ങളെവേർതിരിക്കുന്നഉപദേശംകിഴക്കെരാജ്യങ്ങളി
ൽപ്രചാരിപ്പിച്ചുപരത്തുകയുംചെയ്തു- അനന്തരംകുറില്ലൻജയം
കാണസംഗതിയാൽമരിച്ചുപലതുംസഹ്യങ്ങളെക്കൊണ്ടുപ്രത്യേകംസ്സ
റിയനാട്ടിലെപാത്രിയർക്കമാരെഉപദ്രവിച്ചുഅനെകർസഭയെവിട്ടു
നെസ്തൊർക്കരൊടുചെരുവാൻസംഗതിവരുത്തിമിശിഹായിലുള്ളദിവ്യ
മാനുഷസ്വഭാവങ്ങൾരണ്ടല്ലമുറ്റുംഒന്നത്രെഎന്നുപദേശിച്ചുഅ
വൻറെഅനന്തരവനായിരുന്നദിയൊസ്കൊരൻഎഫെസൂസിലെസാധാരണസ
ഭാസംഘത്തെകൊണ്ടുനടത്തുകയുംചെയ്തു- അപ്പൊൾസത്യാസി
ദിരുവാകയംതെയൊദൊസ്യൻമരിച്ചുഅനന്തരവനായമൎത്ത്യാൻ
കൈസർ ൪൫൧-അം-ഒരുപുതിയസഭാസംഘംഖൽക്കെദൊനിൽ
ചെർത്തുരൊമാദ്ധ്യക്ഷനായഒന്നാംലെയൊവിൻറെസഹായത്താൽ
സുവിശെഷസത്യംപൊലെആഉപദേശംഉറപ്പിച്ചാറെഏകസ്വ
ഭാവക്കാർആസംഘവിധികളെവിരൊധിച്ചുകാനാൻമിസ്രാരാജ്യ
ങ്ങളിൽചിലവട്ടംകലഹിച്ചുസഭയിൽനിന്നുപിരിഞ്ഞുപൊയി-ചില
കൈസർമാർനയഭയങ്ങളെകൊണ്ടുവിവാദംതീർപ്പാൻശ്രമിച്ചതെ
ല്ലാംഅസാദ്ധ്യമായി-ഒടുവിൽഹെരക്ലിയൻകൈസർമിശിഹായിൽ
രണ്ടുസ്വഭാവങ്ങൾഉണ്ടെങ്കിലുംഒരുമനസ്സമെയുള്ളുഎന്നുപറഞ്ഞുഇരുവ
കക്കാരെഒന്നാക്കുവാൻശ്രമിച്ചപ്പൊൾവാദംപുതുതായിജനിച്ചുംഒ
കമനസ്സക്കാരെന്നൊരുപുതിയപക്ഷത്തിന്നുഉല്പത്തിയാക്കിതീരുകയുംചെ
യ്തു-ഇങ്ങിനെഉള്ളകലഹങ്ങളിൽമൂപ്പന്മാർസത്യവുംസഭാനന്മയു
മല്ലകൈസന്മാരുടെപ്രസാദമത്രെകാംക്ഷിച്ചുവെച്ചിരുന്നതുകൊ
ണ്ടുവിശ്വാസസ്നെഹങ്ങളുംഏറ്റംകുറഞ്ഞുനിന്നസഭഉണ്ടാകപ്രബന്ധ

ന്യൂനമായിപൊകുംപൊൽ—

ഇസ്ലാമും പ്രകാരങ്ങളും

൧. മുഹമ്മത്

കിഴക്കെരാജ്യങ്ങളിലെ ക്രിസ്തുസഭക്കാർ വെദവചനത്തിന്റെ അക്ഷരം കൊണ്ടു വാദിച്ചു പലഖണ്ഡങ്ങളായി പിരിഞ്ഞു- മാഗരുടെ മതം പാരസ്യരാജ്യത്തൊടു കൂടെ ഏകദെശം നഷ്ടം തിരിഞ്ഞു- യഹൂദർ സകലരാജ്യങ്ങളിൽ ചിതറിപ്പാർത്ത രാജാവ് ഇല്ലാഞ്ഞതിനാൽ- ദൈവാലയം ഇത്യാദികളില്ലാത്തവരായി ഗുരുജനങ്ങളുടെ സങ്കല്പിതങ്ങളെ ആശ്രയിച്ചു നടപ്പാൻ കഴിയാതെ അനെകകാലങ്ങളുടെ അനുഷ്ഠാനത്തിങ്കൽ അദ്ധ്യാപിച്ചു അന്യജാതികളുടെ ദ്വെഷ്യവും തിരസ്കാരവും സഹിച്ചു എല്ലാവരിലും നിർഭാഗ്യന്മാരായി പാർത്തു- അറവികൾ മരുപ്രദെശസ്ഥരാകയാൽ അന്യജാതികളുടെ അവസ്ഥയെ അറിയാതെ തങ്ങളുടെ അജ്ഞതയിൽ പല ഗൊത്രങ്ങളായി വെർപിട്ടു പക്ഷചന്ദ്രാദിത്യാദികളെ സെവിച്ചു കൊണ്ടിരുന്ന നിങ്ങളെ നിരീക്ഷിക്കുമ്പൊൾ മക്കത്ത കൊറൈഷ് എന്ന ഉന്നതവംശത്തിൽ ജനിച്ചു മുഹമ്മത് എന്നൊരു കച്ചവടക്കാരൻ മെൽപറഞ്ഞ മതക്കാരെല്ലാവരെയും ഏകവിശ്വാസപ്രമാണം കൊണ്ടു ഒന്നാക്കി ചെർപ്പാൻ താൻ ദൈവത്താൽ അയക്കപ്പെട്ടവൻ എന്നു വിചാരിച്ചു ഇബ്രാഹിമെല്ലാരക്കും ആദ്യമതാവിൽ തന്നെ കച്ചവടപ്രയാണങ്ങളിൽ കണ്ടറിഞ്ഞ ക്രിസ്ത്യാനരിൽ നിന്നും സ്വമതമക്കാദികളിൽ നിന്നും ചിലപൊഴ ഉള്ളരൊടെടുത്തു. ൫൭൦. ക്രി. അ. കൂട്ടും ചെക്കാരൊടും ചഞ്ഞകൊണ്ടും പുതുമാർഗ്ഗം നിരൂപിച്ചു ഉപ്രകാരം- സകലവും സൃഷ്ടിച്ചും രക്ഷിച്ചും എല്ലാ മനുഷ്യരും ഭൂമിയിൽ ചെയ്യുന്നതിന്നു ന്യായം വിധിക്കുന്ന ഏക ദൈവമുണ്ടു മനുഷ്യവംശമെല്ലാം ആ ഒരു ദൈവമാകുന്ന അല്ലാവെ സെവിച്ചു അവന്റെ നബിയാകുന്ന മുഹമ്മതിനെ അനുസരിക്കയും വെണം- മൊശ- ക്രിസ്തു മുതലായ നബികളിൽ മുമ്പൻ താൻ തന്നെ എന്നു പറഞ്ഞതുമല്ലാതെ സ്വർഗ്ഗത്തിൽ മനൊഹരമായ ജഡഭൊഗങ്ങളെ പ്രാപിപ്പാൻ ജെപിന്ന കുളി- നൊമ്പു- ഉപവാസങ്ങളെയും കഴിക്കെണമെന്നും

മനുഷ്യന്നസംഭവിപ്പതൊക്കെയും നസീവപൊലെവരികകൊണ്ടുസുഖ
ദുഃഖങ്ങളും ആശാഭിലാഷങ്ങളും നിമിത്തം മനസ്സിൽ ചഞ്ചലം വെണ്ടാ മതൃശ്രു
സിദ്ധിക്കാകിവെണ്ടുന്നയുദ്ധങ്ങളിൽ എല്ലാവരും ധൈൎയ്യത്തൊടെ
അദ്ധ്വാനിച്ചും നബിക്കുവെണ്ടി പൊരുതുമരിക്കെണമെന്നും മററും ഉപ
ദെശിച്ചുതുടങ്ങി- മക്കത്തു ഈ പുതിയമാൎഗ്ഗത്തിന്നു അന്നുവരെ സാ
ദ്ധ്യംവന്നില്ല മുഹമ്മത്ത് ൬൨൨ാം ക്രി- അ- (ഹെജ്രാരംഭം) സ്വഗൊ
ത്രക്കാരുടെ ശത്രുത്വം നിമിത്തം ഓടിപ്പൊയപ്പൊൾ മദീനപട്ടണക്കാ
ർ മക്കത്തുള്ളവരിൽ അസൂയയുണ്ടാകകൊണ്ടു അവനെ സന്തൊഷത്തൊ
ടെ ചെൎത്തു ക്രമത്താലെ പുതുമാൎഗ്ഗമനുസരിച്ചു കൂട്ടമായി ക്രൂരയുദ്ധം
ചെയ്തു ചെന്നു മക്കാനഗരം വശത്താക്കിയപ്പൊൾ അറവിദ്വീപ്മിക്ക
വാറും കീഴടങ്ങി മാൎഗ്ഗം അനുസരിച്ചു കാപത്ത് എന്ന മൂലസ്ഥാനത്തിൽ
ഉന്നതദെവസെവയെ നിറുത്തി ൬൩൨ാം ക്രി- അ- മുഹമ്മത്ത് വല്ലവ
രും വിഷംകൊടുത്തിട്ടോ മരിക്കയും ചെയ്തു-

൨൩. ഖലീഫമാർ-

മുഹമ്മത്ത് മരിച്ചുഉടനെ അറവിക്കൾമിക്കവാറും കലഹിച്ചു മതത്തെ
ഉപെക്ഷിക്കകൊണ്ടു മക്കമദീനനഗരക്കാരുടെ സഹായത്താൽ നബിയുടെ
അനന്തരവനായി ഉയൎന്ന അബുബെക്രു അവരെ രണ്ടാമതും ബലാൽക്കാ
രെണ സ്വാധീനമാക്കിവന്നു- അവൻ നബിയുടെ വാക്കുകളെല്ലാം സം
ഗ്രഹിച്ചു ഒരു പുസ്തകത്തിൽ ചെൎത്തു അതാകുന്നു മുസല്മാനൎക്കു ഇന്നെയൊ
ളം വെദമാകുന്നതുകൊറാൻ- പിന്നെ മാൎഗ്ഗത്തിന്നു ശ്രീത്വവും അറവി
രാജ്യത്തിന്നു സ്വാസ്ഥ്യവും ഉണ്ടാക്കുവാൻ [illegible] കവൎച്ചയിൽ താല്പൎയ്യം
ജനിപ്പിക്കെണ്ടതിന്നു അബുബെക്രു പട്ടാളങ്ങളെ ചെൎത്തു അയച്ചു വെതല
വനാകിന്ന അക്കാലത്തു ഉള്ളകൊട്ടകളെ ആക്രമിക്കെണ്ടതിന്നു ഉയൎപ്പെ
ഷം ആയവർ മരണഭയം തീൎത്തു ഭ്രാന്തന്മാരെപൊലെ പടവെട്ടി എങ്ങും
